# അറിവോരം

ISSN 2582-2764

ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY

Vol. 1 | Issue 5 | Bimonthly | October 2021 | Thiruvananthapuram | Page 18 | Price ₹ 10





» 14 ട്രാൻസ്ജെന്ററുകളെ മുഖ്യധാരയിലെത്തിക്കുവാൻ നിർദ്ദേശങ്ങളുമായി സഭാസമിതി

» 18 100 ദിന കർമ്മ പദ്ധതി




സഭാധ്യക്ഷന്റെ പേജ്

## മനുഷ്യബന്ധങ്ങളിലെ ജനാധിപത്യം

**എം.ബി. രാജേഷ്, സ്പീക്കർ**



കഴിഞ്ഞ ലക്കത്തിൽ സ്ത്രീധനത്തിന്റെ നിഗ്രഹസ്വഭാവത്തെ കുറിച്ചാണ് എഴുതിയത്. സ്ത്രീധനം, പുരുഷാധിപത്യ മനോഭാവം എന്നീ കാരണങ്ങളാൽ ദുരിതപൂർണമായ വിവാഹജീവിതം നയിക്കുന്ന നിരവധി പേർ നമുക്ക് ചുറ്റുമുണ്ട്. ദാമ്പത്യത്തിലെ ജനാധിപത്യ ഉള്ളടക്കം നഷ്ടപ്പെടുമ്പോഴുണ്ടാകുന്ന ദുരന്തങ്ങളാണ് അവ. വിവാഹത്തിന് മുമ്പുള്ള പല അവസ്ഥകളിലും സ്ത്രീകൾക്ക് തങ്ങളുടെ ജീവിതത്തിന് വലിയ വിലകൊടുക്കേണ്ടി വരികയോ ജീവിതം തന്നെ നഷ്ടപ്പെടുകയോ ചെയ്യുന്നുണ്ട്. മിടുക്കിയും ഊർജസ്വലയുമായ ഒരു പെൺകുട്ടിയെ കലാലയത്തിന്റെ മുന്നിൽ വെച്ച് സ്വന്തം സഹപാഠി തന്നെ കഴുത്തറുത്തു കൊലപ്പെടുത്തിയ അത്യന്തം ഭയാനകമായ സംഭവം നമ്മൾ കണ്ടു.

നമ്മുടെ സമൂഹത്തിൽ നിന്നും ദൈനംദിന ജീവിതത്തിൽ നിന്നും ജനാധിപത്യ പരിഗണനകളുടെയും സ്നേഹത്തിന്റെയും കരുതലിന്റെയും നനവ് വറ്റിവരളുന്നതിന്റെ ഉദാഹരണമാണിത്. ഇത് ഒറ്റപ്പെട്ട സംഭവമല്ല. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കേരളത്തിൽ തന്നെ നടന്ന സമാന സ്വഭാവമുള്ള സംഭവങ്ങൾ പരിശോധിച്ചാൽ അവയിലൊക്കെ ദൃശ്യമാകുന്നത് മനുഷ്യബന്ധങ്ങളിലെ ജനാധിപത്യരാഹിത്യവും ഏകാധിപത്യ മനോഭാവങ്ങളുമാണ്. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾക്ക് മറ്റുള്ളവർ വശപ്പെട്ടുകൊള്ളണം, അല്ലെങ്കിൽ ഇല്ലാതാക്കും എന്നതാണ് ഇത്തരം സംഭവങ്ങളിലെ കുറ്റവാളികളുടെ മനോഭാവം. ആരെ ഇഷ്ടപ്പെടണം, ആരോടൊപ്പം ജീവിക്കണം എന്നീ കാര്യങ്ങളിൽ പെൺകുട്ടികൾക്ക് സ്വന്തമായി തീരുമാനമെടുക്കാനുള്ള അവകാശത്തെ കണക്കിലെടുക്കാത്ത സമീപനമാണ് ഇത്തരം സംഭവങ്ങളുടെ അടിസ്ഥാന കാരണം.

എങ്ങനെയാണ് ഇത്തരം മനോഭാവം ചെറുപ്പക്കാർക്കിടയിൽ വളരുന്നത്? സംശയമൊന്നുമില്ല, പൊതുവിൽ രാജ്യത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്ന ഫാസിസ്റ്റ് രാഷ്ട്രീയത്തിന്റെയും ഹിംസയുടെയും അന്തരീക്ഷത്തിലാണിത് വളരുന്നത്. ഇത്തരം കുറ്റവാളികൾക്ക് പിന്തുണ ലഭിക്കുന്ന തരത്തിലുള്ള പൊതുബോധം വളരെവേഗം സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യയെ മധ്യ കാലത്തിന്റെ ഇരുട്ടിലേക്ക് നയിക്കാൻ ആഗ്രഹിക്കുന്ന ശക്തികൾ പ്രസരിപ്പിക്കുന്ന പ്രതിലോമ രാഷ്ട്രീയാന്തരീക്ഷത്തിന്റെ കൂടി സംഭാവനയാണിത്.

സ്ത്രീകളുടെ എല്ലാ കാര്യങ്ങളും തങ്ങൾ തീരുമാനിച്ചുകൊള്ളാമെന്ന തോന്നലാണ് പല പുരുഷാധിപത്യ മൂർത്തികൾക്കുമുള്ളത്. ഒരു നിയമത്തിന്റെയും കോടതിയുടെയും മുന്നിൽ സാധൂകരിക്കപ്പെടാത്ത ഇത്തരം പ്രവണതകൾ നമ്മുടെയിടയിൽ അധികമാരും ശ്രദ്ധിക്കപ്പെടാതെ വളർന്നുവരികയാണെന്നത് വളരെ ആശങ്കയോടെയേ നോക്കിക്കാണാൻ കഴിയൂ.

അപരരെ കുറിച്ചുള്ള കരുതലാണ് ജനാധിപത്യത്തിന്റെ കാതൽ. ഓരോ ചുവടുവെക്കുമ്പോഴും, ഓരോ പ്രവൃത്തി ചെയ്യുമ്പോഴും അത് മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകാതെയാകണം എന്ന തോന്നൽ ജനാധിപത്യത്തിന്റെയും ഉത്തമമായ പൗരബോധത്തിന്റെയും ലക്ഷണമാണ്. നമ്മുടെ ജനാധിപത്യത്തിന്റെ ഉപരിതലം വളരെ ഭംഗിയായിരിക്കുമ്പോൾ തന്നെ സൂക്ഷ്മതലത്തിൽ വലിയ ജീർണതയാണുള്ളത്. ചരിത്രത്തിൽ ഇത്തരം ക്രൂരവും പ്രാകൃതവുമായ നിരവധി അധിനിവേശങ്ങളും അക്രമങ്ങളും കണ്ടിട്ടുണ്ട്. കീഴടക്കപ്പെടുന്ന പ്രദേശങ്ങളിലെ ജനങ്ങളെ, പ്രത്യേകിച്ച് സ്ത്രീകളെ ക്രൂരമായി വേട്ടയാടുകയും അപമാനിക്കുകയും ചെയ്ത നിരവധി സംഭവങ്ങൾ ചരിത്രത്തിൽ കാണാം. അതിൽ നിന്ന് പരിഷ്കൃതിയിലേക്ക് ലോകമാകെ മുന്നേറുമ്പോൾ ഇത്തരം നൃശംസതകൾ ഉണ്ടാകുന്നത് ഏറെ ഭയാശങ്കകൾ സൃഷ്ടിക്കുന്നുണ്ട്. വളരെ ഒറ്റപ്പെട്ട ഒരു സംഭവമായി ഇതിനെ കാണാൻ കഴിയുന്നില്ല എന്നതാണ് ഈ ആശങ്കകളെ ബലപ്പെടുത്തുന്നത്.

സ്ത്രീ-പുരുഷ ബന്ധത്തിൽ ആധിപത്യത്തിന്റെയോ കീഴടക്കലിന്റെയോ കീഴ്പ്പെടലിന്റെയോ അംശങ്ങൾ ഉണ്ടാകുന്നത് തുല്യതക്ക് നിരക്കുന്നതല്ല. അത്തരം ജീർണമൂല്യങ്ങൾക്കു കൂടി എതിരായിരുന്നു നമ്മുടെ നവോത്ഥാന പ്രസ്ഥാനം. വീടകങ്ങളുടെ ഇരുട്ടിൽ മാത്രം കഴിഞ്ഞ സ്ത്രീകളെ സ്വാതന്ത്ര്യത്തിന്റെയും സ്വയംനിർണയാവകാശത്തിന്റെയും വെളിച്ചത്തിലേക്കെത്തിക്കാൻ പുരുഷന്മാർ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. രാജാറാം മോഹൻ റായ്, ശ്രീനാരായണ ഗുരു, വി.ടി ഭട്ടതിരിപ്പാട് തുടങ്ങി അനേകം നവോത്ഥാന നായകർ ഇതിനു ഉദാഹരണങ്ങളാണ്.

സ്നേഹവും പ്രണയവും പങ്കാളിയെ ഭരിക്കാനും കീഴടക്കാനും നിശ്ശബ്ദരാക്കാനുമുള്ള ആയുധങ്ങളാക്കരുത്. പരസ്പര വിശ്വാസത്തിലും ആദരവിലും അധിഷ്ഠിതമായവയാകണം എല്ലാ ബന്ധങ്ങളും. മറ്റൊരാളുടെ ഇഷ്ടവും താല്പര്യവും പരിഗണിക്കാനുള്ള ജനാധിപത്യബോധത്തിൽ നിന്നേ പരസ്പര വിശ്വാസവും ആദരവും ഉണ്ടാകൂ. അത്തരത്തിൽ വ്യക്തികളെ വളർത്തിയെടുക്കാൻ അവരുടെ ഉറ്റവർക്കു ചുമതലയുണ്ട്. അത് കേവലം ഒരു വ്യക്തിയോടുള്ള കടമ മാത്രമല്ല; സമൂഹത്തോടുള്ള കടപ്പാട് കൂടിയാണ്. മാതാപിതാക്കൾ തുല്യതയും അപരസ്നേഹവും ജനാധിപത്യബോധവും കുട്ടികളിൽ വളർത്തിയെടുക്കാൻ ബോധപൂർവം ശ്രമിക്കണം. അത് പരിശീലിപ്പിക്കാനുള്ള യോഗ്യത, സ്വയം ആ മൂല്യങ്ങൾ ഉൾക്കൊള്ളുക എന്നത് കൂടിയാണ്.

## പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം ആരംഭിച്ചു

### നിയമനിർമ്മാണത്തിന് പ്രാമുഖ്യം



ഓർഡിനൻസുകൾക്ക് പകരമുള്ള നിയമനിർമാണത്തിനായി പതിനഞ്ചാം കേരള നിയമസഭയുടെ ഇരുപത്തിനാല് ദിവസം നീണ്ടുനിൽക്കുന്ന മൂന്നാം സമ്മേളനം 2021 ഒക്ടോബർ 4 ന് ആരംഭിച്ചു. നവംബർ 12 വരെ നീളുന്ന സഭാ സമ്മേളനത്തിൽ 19 ദിവസമാണ് നിയമനിർമ്മാണത്തിനായി മാറ്റിവച്ചിട്ടുള്ളത്. ആവർത്തിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് രണ്ടാം സമ്മേളനത്തിൽ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നത്തിന് ഓർഡിനൻസിനു പകരമുള്ള നിയമനിർമ്മാണത്തിനായി ഒക്ടോബർ - നവംബർ മാസങ്ങളിൽ നിയമസഭ ചേരുന്നത് സംബന്ധിച്ച് സ്പീക്കർ റൂളിംഗ് നൽകിയിരുന്നു. നിലവിലുള്ള 41 ഓർഡിനൻസുകൾക്ക് പകരമുള്ള 36 ബില്ലുകളാണ് ഇക്കുറി സഭയുടെ പരിഗണനയ്ക്ക് വരുന്നത്. നാല് ദിവസങ്ങൾ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായും നീക്കി വച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ധനവിനിയോഗബിൽ ഈ സമ്മേളനത്തിൽ സഭ പാസാക്കും. കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് ചേരുന്ന സമ്മേളനത്തിൽ നിയന്ത്രിതമായ തോതിൽ പൊതുജനങ്ങളെ നിയമസഭാ മന്ദിരത്തിൽ പ്രവേശിപ്പിക്കും.

## പതിനൊന്നാമത് യൂത്ത് പാർലമെന്റ്




ഇന്ത്യൻ യൂത്ത് പാർലമെന്റും രാജസ്ഥാൻ യൂണിവേഴ്സിറ്റിയും എൻ.ഐ.ടി. ജയ്പൂരിന്റെ സഹകരണത്തോടെ ജയ്പൂരിൽ സംഘടിപ്പിച്ച പതിനൊന്നാമത് യൂത്ത് പാർലമെന്റിൽ സ്പീക്കർ എം.ബി. രാജേഷ് പങ്കെടുത്ത് ഡെമോക്രസി ആന്റ് പാർട്ടിസിപ്പേഷൻ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. മൂന്ന് ദിവസം നീണ്ടു നിന്ന സമ്മേളനത്തിൽ ബി.ബി.സി ന്യൂസ് ഡിജിറ്റൽ വിഭാഗം എഡിറ്റർ മുകേഷ് ശർമ്മയായിരുന്നു മറ്റൊരു പ്രഭാഷകൻ.

മൊഴിമുഴക്കം



"വാദിക്കാനും ജയിക്കുവാനും അല്ല, അറിയാനും അറിയിക്കുവാനും ആണ് വിദ്യ"

ശ്രീനാരായണ ഗുരു

## സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

## പാൽ പരിശോധന ലാബും ഇൻഫർമേഷൻ സെന്ററും നാടിന് സമർപ്പിച്ചു

**ചിറ്റയം ഗോപകുമാർ, അടൂർ**

അടൂർ അമ്മകണ്ടകരയിലെ ക്വാളിറ്റി കൺട്രോൾ യൂണിറ്റിൽ ആരംഭിച്ച പാൽ പരിശോധനാ ലാബും ഇൻഫർമേഷൻ സെന്ററും ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നാടിന് സമർപ്പിച്ചു. പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുശീല കുഞ്ഞമ്മകുറുപ്പ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഓണക്കാലത്ത് വിപണിയിൽ എത്തുന്ന എല്ലാ ബ്രാൻഡുകളുടെയും സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുന്നതിനും പാലിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും നിശ്ചിത ഗുണനിലവാരം ഇല്ലാത്ത പാൽ കണ്ടെത്തിയാൽ നടപടികൾ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിക്കും. ക്വാളിറ്റി കൺട്രോൾ ഓഫീസർ സുരേഖ നായർ സ്വാഗതം ആശംസിച്ചു. ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സിന്ധു, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീനാദേവി കുഞ്ഞമ്മ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.



## കരടിപ്പാറ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി

**കെ.കൃഷ്ണൻകുട്ടി, ചിറ്റൂർ**

കേരളത്തിൽ ആദ്യത്തെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്ന നൂതന ആശയം ചിറ്റൂർ നിയോജകമണ്ഡലത്തിലെ കരടിപ്പാറയിൽ യാഥാർത്ഥ്യമാകുകയാണ്. 54 കർഷകരുടെ ഉടമസ്ഥതയിൽ ചേർന്നുകിടക്കുന്ന 171 ഏക്കർ വിസ്തീർണ്ണമുള്ള കൃഷിയിടങ്ങളിൽ സംസ്ഥാന പദ്ധതി വിഹിതമായ 3.1 കോടി രൂപ വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മുൻ സർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പ് മന്ത്രി ആയിരുന്നപ്പോഴാണ് 2019 ൽ ഈ പദ്ധതിക്ക് തുടക്കമിട്ടത്.




ഒരു ജലാശയത്തിൽ നിന്നും എല്ലാ കൃഷിയിടങ്ങളിലേക്കും പൈപ്പ് ലൈനുകളുടെ വിപുലമായ ശൃംഖല സ്ഥാപിച്ച് വിളവുകളുടെ തരമനുസരിച്ചും ആവശ്യമനുസരിച്ചും വെള്ളവും വളവും ക്രമപ്പെടുത്തി കൃത്യതയോടെ നൽകുന്നതിനുള്ള സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഒരു ലക്ഷം ലിറ്റർ വെള്ളം 130 മീറ്റർ ഉയരത്തിലേക്ക് പമ്പ് ചെയ്യാൻ 60 HP ശേഷിയുള്ള പ്രത്യേകതരം പമ്പ് സെറ്റാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ വെള്ളം നിരകളായി സ്ഥാപിച്ചിട്ടുള്ള വിവിധ തരം ഫിൽറ്ററുകളിലൂടെ കടത്തിവിട്ട് അരിച്ച് ശുദ്ധീകരിച്ചാണ് ജലസേചന കുഴലുകളിൽ എത്തുന്നത്. കൃത്യത കൃഷി അഥവാ പ്രിസിഷൻ ഫാർമിംഗ് സാധ്യമാകുന്നതിനുള്ള ഫെർട്ടിഗേഷൻ സംവിധാനവും എല്ലാ കൃഷിയിടത്തിലും ഏകീകരിച്ച് പൂർണ്ണമായ ഒരു ഇലക്ട്രോണിക് നിയന്ത്രിത ഓട്ടോമേഷൻ സംവിധാനമാണ് സജ്ജീകരിച്ചിട്ടുള്ളത്.

ജലനിയന്ത്രണ വാൽവുകൾ, സുരക്ഷാ സംവിധാനങ്ങൾ, മോണിറ്ററുകൾ, വാട്ടർമീറ്ററുകൾ തുടങ്ങിയ വിവിധ ഘടകങ്ങളും സജ്ജമാക്കിയിട്ടുണ്ട്. ഇലക്ട്രോണിക് സംവിധാനങ്ങൾക്കാവശ്യമായ ഊർജം കൃഷിയിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സോളാർ പാനലുകൾ വഴി ലഭ്യമാക്കിയിട്ടുണ്ട്. വെള്ളവും വൈദ്യുതിയും ലാഭിക്കുന്നതും അധ്വാനഭാരം തീരെ ഇല്ലാത്തതുമായ ഓട്ടോമേഷൻ സംവിധാനവും ഇതിന്റെ പ്രത്യേകതയാണ്. ഗുണഭോക്താക്കൾ അംഗങ്ങളായ കർഷക സമിതിക്കാണ് ദൈനംദിന പ്രവർത്തനങ്ങളുടെ ചുമതല. ജലവിഭവ വകുപ്പിന് കീഴിലുള്ള കേരള ജലസേചന ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

## എം.എൽ.എ സർവീസ് ആർമി

**സെബാസ്റ്റ്യൻ കുളത്തുങ്കൽ, പൂഞ്ഞാർ**

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. സെബാസ്റ്റ്യൻ കുളത്തുങ്കൽ രൂപീകരിച്ച എം.എൽ.എ. സർവീസ് ആർമിയുടെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാകുന്നു. നിയോജകമണ്ഡലത്തിലെ സേവനസന്നദ്ധരായ യുവജനങ്ങൾ നേതൃത്വം നൽകുന്ന സർവ്വീസ് ആർമി കോവിഡ് രക്ഷാപ്രവർത്തനം, വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വിതരണം, രക്തദാനം, ആംബുലൻസ് സർവീസ് എന്നിങ്ങനെ വിവിധ മേഖലകളിൽ സജീവമാണ്. വീടുകളിൽ നിന്ന് ആക്രി സാധനങ്ങൾ ശേഖരിച്ച് അതിൽ നിന്നുള്ള വരുമാനവും ഉദാരമനസ്കരായ ആളുകളുടെ സഹായവും ഇത്തരം സേവന പ്രവർത്തനങ്ങൾക്ക് അവർ വിനിയോഗിക്കുന്നു.

### മൊബൈൽ ഫോൺ വിതരണം

പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ സ്വന്തമായി സ്മാർട്ട്ഫോണുകൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് എം.എൽ.എ. സെബാസ്റ്റ്യൻ കുളത്തുങ്കൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് സൗജന്യമായി ഫോണുകൾ വിതരണം ചെയ്തു. എം.എൽ.എ. സർവീസ് ആർമിയുടെ നേതൃത്വത്തിൽ 160 ഓളം ഫോണുകൾ വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ വിവിധ സംഘടനകളും പ്രസ്ഥാനങ്ങളുമായി സഹകരിച്ച് അഞ്ഞൂറോളം ഫോണുകളും വിതരണം ചെയ്യുകയുണ്ടായി. ഇത്തരത്തിലുള്ള മൊബൈൽ ഫോൺ വിതരണം കോവിഡ് പ്രതിസന്ധിയിൽ നട്ടംതിരിയുന്ന മണ്ഡലത്തിലെ സാധാരണ ജനങ്ങൾക്ക് വലിയ അനുഗ്രഹമായി.

### ശ്രീക്കുട്ടിക്ക് ഭവനം

കോവിഡ് ബാധിച്ച് അമ്മ മരിച്ച പ്ലസ് ടു വിദ്യാർഥിനിയായ ശ്രീക്കുട്ടിക്ക്, എം.എൽ.എ.യുടെ ശ്രമഫലമായി സ്വന്തമായി വീടൊരുങ്ങുന്നു. വർഷങ്ങൾക്കു മുൻപേ അച്ഛൻ ഉപേക്ഷിച്ചുപോയ ശ്രീക്കുട്ടിയുടെ സംരക്ഷണം, മുണ്ടക്കയം ടൗണിൽ ലോട്ടറി ഏജന്റ് ആയിരുന്ന അമ്മയുടെ മരണത്തോടെ ക്യാൻസർ രോഗിയായ വല്യമ്മ ഏറ്റെടുക്കുകയായിരുന്നു. സ്വന്തമായി വീടോ സ്ഥലമോ ഇല്ലാതിരുന്ന ഇവരുടെ ദയനീയസ്ഥിതി മനസ്സിലാക്കിയ എം.എൽ.എ. ഉദാരമനസ്കരുടെ സഹായത്തോടെ വീട് നിർമ്മിക്കാൻ 3 സെന്റ് സ്ഥലം വാങ്ങി നൽകി. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയും ജനങ്ങളിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾ കൂട്ടിച്ചേർത്തും മെച്ചപ്പെട്ട രീതിയിലുള്ള വീടുനിർമ്മാണം പുരോഗമിക്കുകയാണ്. യുദ്ധകാലാടിസ്ഥാനത്തിൽ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾക്ക് എം.എൽ.എ. സർവീസ് ആർമിയും ജനപ്രതിനിധികളും നാട്ടുകാരും നേതൃത്വം നൽകുന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ വീട് നിർമ്മാണം പൂർത്തിയാക്കി കൈമാറാനുള്ള ശ്രമത്തിലാണ് എം.എൽ.എ.






## മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളോടൊപ്പം ഓണമാഘോഷിച്ച് ഒറ്റപ്പാലം എം.എൽ.എ.

**കെ. പ്രേംകുമാർ, ഒറ്റപ്പാലം**

മാനസിക വെല്ലുവിളികൾ നേരിടുന്ന മുതിർന്ന ആൺകുട്ടികളുടെ പരിചരണ കേന്ദ്രമായ 'പോളി ഗാർഡനിൽ' ആണ് എം.എൽ.എ. തിരുവോണ ദിനം ആഘോഷിച്ചത്. സമൂഹത്തിന്റെ ഒഴിഞ്ഞ കോണിലേക്ക് മാറ്റി നിർത്തപ്പെടേണ്ടവരല്ല ഭിന്നശേഷിക്കാർ; സമൂഹത്തിൽ മറ്റെല്ലാവർക്കും കിട്ടുന്ന ഒരു പക്ഷെ മറ്റുള്ളവരേക്കാൾ കൂടുതൽ പരിഗണന ലഭിക്കേണ്ട വിഭാഗക്കാരാണ് അവർ. സമൂഹം ഇന്നും ഇത്തരക്കാരെ സഹതാപ കണ്ണുകളോടു കൂടിയാണ് കാണുന്നത്. ഇത്തരം ആളുകൾക്ക് മറ്റുള്ളവരോടൊപ്പം അടുത്ത് ഇടപഴകുന്നതിനും അവരുടേതായ വ്യത്യസ്തമായ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനും അവസരമൊരുക്കേണ്ടത് നമ്മുടെ കടമയാണ്. ആളുകളെ ഇത്തരക്കാരിലേക്ക് കൂടുതൽ അടുപ്പിക്കുന്നതിനും സമൂഹത്തിലെ തെറ്റിധാരണകൾ മാറ്റുന്നതിനും തിരുവോണ നാളിലെ സന്ദർശനം കൊണ്ട് ഭാഗികമായെങ്കിലും സാധിച്ചിട്ടുണ്ട്.



## സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

### കേരളത്തിലെ മികച്ച മൂന്ന് പോലീസ് സ്റ്റേഷനുകളിൽ ഒന്നായി കുന്ദമംഗലം

**പി.ടി.എ.റഹീം, കുന്ദമംഗലം**

സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനുകൾക്കുള്ള മുഖ്യമന്ത്രിയുടെ ട്രോഫിക്ക് കുന്ദമംഗലം പോലീസ് സ്റ്റേഷൻ അർഹമായി. തിരുവനന്തപുരം ജില്ലയിലെ തമ്പാനൂർ, തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട എന്നിവയോടൊപ്പമാണ് കുന്ദമംഗലം പോലീസ് സ്റ്റേഷനും ഈ ബഹുമതിക്ക് അർഹത നേടിയത്.

കുന്ദമംഗലത്ത് പെരിങ്ങളം റോഡിൽ ആഭ്യന്തര വകുപ്പിന്റെ കൈവശമുള്ള ഒന്നര ഏക്കർ സ്ഥലത്താണ് മാതൃകാ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. അത്യാധുനിക സൗകര്യങ്ങളോടെ ഒരുക്കിയ കെട്ടിടം പി.ടി.എ റഹീം എം.എൽ.എയുടെ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്ന് അനുവദിച്ച 2.3 കോടി രൂപ ഉപയോഗപ്പെടുത്തിയാണ് പണികഴിപ്പിച്ചത്.

എൻ.ഐ.ടിയിലെ ആർകിടെക്ചറൽ വിംഗ് തയ്യാറാക്കിയ ഡിസൈൻ പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ഏറ്റെടുത്ത് പ്രവൃത്തി പൂർത്തീകരിച്ച പോലീസ് സ്റ്റേഷനിൽ നാഷണൽ ഹൈവേ 766 ലെ മുഖ്യ ജംഗ്ഷനുകളിലൊന്നായ കുന്ദമംഗലം ടൗണും പരിസരവും ക്യാമറാ സംവിധാനത്തോടെ നിരീക്ഷിക്കുന്നതിനും അനൗൺസ്മെന്റ് ഉൾപ്പെടെയുള്ള സൗകര്യത്തോടെ ട്രാഫിക് നിയന്ത്രിക്കുന്നതിനും കൺട്രോൾ റൂമും തയ്യാറാക്കിയിട്ടുണ്ട്. സർവെയലൻസ് സിസ്റ്റത്തിന് ആവശ്യമായ 64 ലക്ഷം രൂപയും എം.എൽ.എ ഫണ്ടിൽ നിന്നാണ് അനുവദിച്ചത്.




### കൊടികുത്തിമലയിലെ പച്ചപ്പിലേക്ക് സഞ്ചാരികൾക്ക് വഴി തുറന്നു

**നജീബ് കാന്തപുരം, പെരിന്തൽമണ്ണ**

പച്ച പിടിച്ച് കുളിരണിഞ്ഞ് കിടക്കുന്ന കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിലേക്ക് സഞ്ചാരികൾക്ക് വഴി തുറന്നു. പ്രളയത്തെ തുടർന്ന് രണ്ട് വർഷമായി അടഞ്ഞു കിടക്കുകയായിരുന്ന പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രമാണ് എം.എൽ.എ യുടെ നിരന്തര ശ്രമത്തിന്റെ ഫലമായി തുറന്നു പ്രവർത്തനമാരംഭിച്ചത്. സഞ്ചാരികളുടെയും നാട്ടുകാരുടെയും ഇഷ്ട ഉല്ലാസകേന്ദ്രമായ കൊടികുത്തിമല തുറക്കാനുള്ള കാത്തിരിപ്പിന് ഈ സ്വാതന്ത്ര്യദിനത്തിലാണ് വിരാമമായത്. വനം, ടൂറിസം മന്ത്രിമാരുടെ ശക്തമായ പിന്തുണയോടെയാണ് കൊടികുത്തിമല തുറക്കാനുള്ള വഴി തെളിഞ്ഞത്.



പെരിന്തൽമണ്ണ-താഴേക്കോട് റോഡിൽ താഴേക്കോട് നിന്നാണ് കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിലേക്ക് പോകേണ്ടത്. സമുദ്ര നിരപ്പിൽ നിന്ന് ആയിരത്തി എണ്ണൂറോളം അടി ഉയരത്തിലാണ് പ്രകൃതിരമണീയമായ കൊടികുത്തിമല സ്ഥിതി ചെയ്യുന്നത്. പച്ചപ്പും കോടമഞ്ഞും തണുപ്പുമാണ് കൊടികുത്തിമലയുടെ ഏറ്റവും വലിയ പ്രത്യേകത. നട്ടുച്ച നേരത്ത് പോലും തണുപ്പേറിയ ശുദ്ധമായ ഇളം കാറ്റാണ് മറ്റൊരു സവിശേഷത. കൊടികുത്തിമലയിലേക്കുള്ള പാത ആരംഭിക്കുന്ന താഴ്‌വാരത്ത് സഞ്ചാരികൾക്ക് കാഴ്ചയുടെ വിരുന്നൊരുക്കുന്ന മലവെള്ളച്ചാട്ടവുമുണ്ട്.

കൊടികുത്തിമല തുറന്നു കൊടുക്കുന്നതിന്റെ ഭാഗമായി എം.എൽ.എയുടെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹകരണത്തോടെ റോഡിന്റെ വശങ്ങളിലെ കാടുകളും മറ്റും വെട്ടി വൃത്തിയാക്കിയിരുന്നു. ഇതോടൊപ്പം കൊടികുത്തിമലയിലുള്ള വാച്ച് ടവർ പെയിന്റടിച്ച് മനോഹരമാക്കി. സന്നദ്ധ പ്രവർത്തകർക്കൊപ്പം ശുചീകരണ പ്രവർത്തനങ്ങളിലും പെയിന്റിംഗിലും പങ്കാളിയായ എം.എൽ.എ കേരളത്തിലെ മികച്ച ടൂറിസം ഡെസ്റ്റിനേഷനാക്കി കൊടികുത്തിമലയെ മാറ്റാനുള്ള ശ്രമങ്ങൾ നടത്തുന്നു.

ഇവിടെയെത്തുന്ന സഞ്ചാരികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ കടുത്ത നിയന്ത്രണങ്ങളോടെയാണ് നിലവിൽ കൊടികുത്തിമലയിലേക്ക് പ്രവേശനം അനുവദിക്കുന്നത്. സ്വാതന്ത്ര്യദിനത്തിൽ ജനപ്രതിനിധികൾ, ടൂറിസം, വനം വകുപ്പ് ഉദ്യോഗസ്ഥർ, വനം സംരക്ഷണ സമിതി പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, നാട്ടുകാർ എന്നിവരുടെ സാന്നിധ്യത്തിൽ എം.എൽ.എ ദേശീയ പതാക ഉയർത്തി. തുടർന്നാണ് കൊടികുത്തിമല ഇക്കോടൂറിസം കേന്ദ്രത്തിന്റെ ഉദ്ഘാടനം നടന്നത്.

### കർഷകർക്കൊപ്പം കർഷക വേഷമണിഞ്ഞ് ജനപ്രതിനിധി



കാർഷിക രംഗത്തേക്ക് പുതുതലമുറയെ കൊണ്ടു വരിക എന്ന സന്ദേശമുയർത്തി എം.എൽ.എ പാടത്തിറങ്ങി. പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ആനമങ്ങാട് കുന്നിൻമേൽ ശ്രീ ഭഗവതി ക്ഷേത്ര കമ്മിറ്റിയുടെ ഉടമസ്ഥതയിലുള്ള പാടത്താണ് എം.എൽ.എ കർഷകർക്കൊപ്പം കർഷക വേഷമണിഞ്ഞ് നടീൽയജ്ഞത്തിൽ പങ്കാളിയായത്.

കുന്നിന്മേൽ ഭഗവതി ക്ഷേത്ര കമ്മിറ്റിയുടെ ഉടമസ്ഥതയിലുള്ള അഞ്ചേക്കർ പാടത്ത് കഴിഞ്ഞ കുറേ വർഷങ്ങളായി നെൽകൃഷിയിറക്കാറുണ്ട്. എല്ലാ വർഷവും നാട്ടുകാരുടെ പങ്കാളിത്തത്തോടെ ആഘോഷമായിട്ടാണ് ഇവിടെ കൃഷിയിറക്കുന്നതും കൊയ്ത്ത് നടത്തുന്നതും. ഇത്തവണ കോവിഡിന്റെ പശ്ചാത്തലത്തിൽ ലളിതമായാണ് ഞാറിടൽ ചടങ്ങ് നടന്നത്.



പുതുതലമുറയിലും വിദ്യാർത്ഥികളിലും കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന് വിദ്യാഭ്യാസ സിലബസിൽ കൃഷിപാഠങ്ങൾ ഉൾപ്പെടുത്തണമെന്നും നാടിന്റെ നന്മയും സൗഹൃദവും ഊട്ടിയുറപ്പിക്കുന്നതിന് കാർഷികരംഗം വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്നും എം.എൽ.എ പറഞ്ഞു.

വിള പരിശോധിക്കുന്നതിനായി രണ്ടു മാസങ്ങൾക്ക് ശേഷം ഇതേ പാടത്ത് എം.എൽ.എ വീണ്ടുമെത്തി. പാടത്തിലൂടെ നടന്ന് വിളകൾ പൂർണ്ണമായി നോക്കിക്കണ്ടു. കൃഷി പരിപാലനത്തിന് ശ്രദ്ധാപൂർവ്വം നേതൃത്വം നൽകുന്ന ക്ഷേത്രകമ്മിറ്റിയെ അഭിനന്ദിക്കുകയും കർഷകരെ ആദരിക്കുകയും ചെയ്ത ശേഷമാണ് എം.എൽ.എ മടങ്ങിയത്.

# പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം



പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം 2021 ജൂലൈ 22 ന് ആരംഭിച്ച് 2021 ആഗസ്റ്റ് 13 ന് അവസാനിച്ചു. 2021-22 വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളുടെ വിശദമായ പരിഗണനയ്ക്കും മറ്റ് അനുബന്ധ ധനകാര്യ ബിസിനസ്സുകൾക്കുമായി 17 ദിവസങ്ങളിലായി 85 മണിക്കൂർ സഭ സമ്മേളിക്കുന്നതിനാണ് തീരുമാനിച്ചിരുന്നതെങ്കിലും ചർച്ചകളും ആരോഗ്യപരമായ സംവാദങ്ങളും കൊണ്ട് സമ്പന്നമായ രണ്ടാം സമ്മേളനത്തിന് ഏകദേശം 110 മണിക്കൂർ ദൈർഘ്യമുണ്ടായിരുന്നു.

സംസ്ഥാനത്തെ മുൻമന്ത്രി കെ. ശങ്കരനാരായണപിള്ളയുടെ നിര്യാണത്തിൽ സഭ ചരമോപചാരം അർപ്പിച്ചു. രണ്ടാം സമ്മേളന കാലയളവിൽ 14 അടിയന്തരപ്രമേയനോട്ടീസുകളും 29 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളും 157 സബ്മിഷനുകളും സഭാതലത്തിൽ അവതരിപ്പിച്ചു. അതോടൊപ്പം ആകെ 295 രേഖകൾ വിവിധ മന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും വിവിധ സഭാ സമിതികളുടെ 58 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തു. കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വിവിധ മേഖലയിൽ വരുത്തിയ ഇളവുകൾ സംബന്ധിച്ചും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ ഇടപെടലുകളെ സംബന്ധിച്ചും ചട്ടം 300 പ്രകാരം യഥാക്രമം ധനകാര്യ വകുപ്പുമന്ത്രിയും ആരോഗ്യ വനിത ശിശുവികസന വകുപ്പുമന്ത്രിയും സഭയിൽ പ്രസ്താവനകൾ നടത്തി. കേന്ദ്ര സർക്കാരിന്റെ പുതിയ വൈദ്യുതി നിയമം സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്നതിനാൽ അത് പിൻവലിക്കണമെന്നാവശ്യപ്പെടുന്ന, ചട്ടം 118 പ്രകാരമുള്ള ഒരു പ്രമേയം, ആഗസ്റ്റ് 5 ന് വൈദ്യുതി വകുപ്പുമന്ത്രി അവതരിപ്പിക്കുകയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. സഭയുടെ മേശപ്പുറത്ത് വച്ച 2020 ലെ കേരള പോലീസ് ചട്ടങ്ങൾക്ക് നിർദ്ദേശിക്കപ്പെട്ട ഏതാനും ഭേദഗതികളും സഭയുടെ പരിഗണനയ്ക്ക് വിധേയമായി.

രണ്ടാം സമ്മേളന കാലത്ത് ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി ആകെ 6408 നിയമസഭാചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭിച്ചത്. ഇതിൽ 81 ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ വിവിധ കാരണങ്ങളാൽ നിരസിക്കുകയും 63 ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ പിൻവലിക്കുകയും ശേഷിച്ചവയിൽ 510 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 5754 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 6264 ചോദ്യങ്ങൾ അച്ചടിക്കുകയും ചെയ്തു. ഇതിൽ നക്ഷത്രചിഹ്നമിട്ട മുഴുവൻ ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5172 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ സഭാസമ്മേളനകാലത്ത് തന്നെ ഉത്തരം ലഭ്യമാക്കി.

ചോദ്യോത്തരവേളയിൽ 67 ചോദ്യങ്ങൾക്ക് സഭയിൽ മന്ത്രിമാർ വാക്കാൽ മറുപടി നൽകി. 441 അവസരങ്ങളിലായി 486 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു. സമ്മേളന കാലയളവിൽ അടിയന്തര ചോദ്യത്തിനുള്ള രണ്ട് നോട്ടീസുകൾ ലഭിച്ചെങ്കിലും ചട്ടപ്രകാരമുള്ള കാരണങ്ങളാൽ അവ അനുവദിക്കപ്പെട്ടില്ല.

2021ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ബിൽ സഭയിൽ അവതരിപ്പിക്കുകയും വിശദമായ ചർച്ചയ്ക്കുശേഷം സബ്ജക്ട് കമ്മിറ്റി XIV ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. കൂടാതെ, 2021 ലെ കേരള ധനകാര്യ ബില്ലും 2021 ലെ കേരള ധനകാര്യ (രണ്ടാം നമ്പർ) ബില്ലും സഭ പാസ്സാക്കുകയും ചെയ്തു. അതോടൊപ്പം 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളും ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ (2 ാം നമ്പർ) ബില്ലും സഭ പാസ്സാക്കി. കൂടാതെ 2021-22 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകളും ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ (3 ാം നമ്പർ) ബില്ലും സഭ പാസ്സാക്കി.

അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായുള്ള മൂന്ന് വെള്ളിയാഴ്ചകളിൽ രണ്ട് ദിവസങ്ങളിൽ ആകെ ഒൻപത് അനൗദ്യോഗിക ബില്ലുകളും ഒരു ദിവസം രണ്ട് പ്രമേയങ്ങളും സഭ പരിഗണിക്കുകയുണ്ടായി.

രണ്ടാം സമ്മേളനകാലത്ത്, കടലാസ് രഹിത നിയമസഭ എന്ന ആശയത്തിന്റെ പശ്ചാത്തലത്തിൽ 64 വർഷം പൂർത്തീകരിക്കുന്ന കേരള നിയമസഭയുടെ ചട്ടങ്ങൾക്കും നടപടിക്രമത്തിനും ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനായി പാർലമെന്ററികാര്യ വകുപ്പിന്റെ കൂടി ചുമതല വഹിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗക്ഷേമ ദേവസ്വം വകുപ്പുമന്ത്രി അധ്യക്ഷനായ ഒരു അഡ്ഹോക് കമ്മിറ്റിക്ക് രൂപം നൽകി.

സമ്മേളന കാലയളവിനിടയിൽ നടന്ന ടോക്കിയോ ഒളിമ്പിക്സിൽ മെഡലുകൾ കരസ്ഥമാക്കുകയും മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും ചെയ്ത വിവിധ കായിക താരങ്ങളെ സഭ ഒന്നടങ്കം അനുമോദിക്കുകയും കൂടുതൽ മികച്ച പ്രകടനം ഭാവിയിൽ ഉണ്ടാകട്ടെയെന്ന് ആശംസിക്കുകയും ചെയ്തു. ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ആഘോഷിക്കുന്ന 'ആസാദി കാ അമൃത് മഹോത്സവ്' എന്ന ദേശീയ പരിപാടിയുടെ ഭാഗമായി കേരള നിയമസഭ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളുടെ ഉദ്ഘാടനവും അനുബന്ധ പരിപാടികളും സമ്മേളന കാലത്ത് നടത്തി.

## 2021 ലെ ധനകാര്യബില്ലും 2021 ലെ ധനകാര്യ (2ാം നമ്പർ) ബില്ലും



പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 2021 ആഗസ്റ്റ് 12 ന് ധനകാര്യ ബില്ലുകൾ സഭ പാസ്സാക്കി. ബില്ലുകൾ 2021 ജൂൺ 9 ലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. 2021 ലെ ധനകാര്യ ബില്ലും 2021 ലെ ധനകാര്യ (2 ാം നമ്പർ) ബില്ലും 2021 ജൂൺ 10 ന് ധനകാര്യ മന്ത്രി സഭയിൽ അവതരിപ്പിക്കുകയും 2021 ആഗസ്റ്റ് 5 ന് സഭ സബ്ജക്ട് കമ്മിറ്റി VIII ന് റഫർ ചെയ്യുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി II, VIII, XIV എന്നിവ 2021 ആഗസ്റ്റ് 5 ന് സംയുക്ത യോഗം ചേർന്ന് ബില്ലുകൾ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. 2021 ആഗസ്റ്റ് 6 ന് ബില്ലുകളിന്മേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു. കെ. ബാബു (തൃപ്പൂണിത്തുറ), തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, സനീഷ്കുമാർ ജോസഫ് എന്നീ അംഗങ്ങൾ 2021 ലെ ധനകാര്യ ബില്ലിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേലും റോജി എം.ജോൺ, പി.ഉബൈദുള്ള, ടി.ജെ.വിനോദ് എന്നിവർ 2021 ലെ ധനകാര്യ (2 ാം നമ്പർ) ബില്ലിൻമേലുള്ള റിപ്പോർട്ടിന്മേലും വിയോജിപ്പ് രേഖപ്പെടുത്തി. വിയോജിപ്പ് രേഖപ്പെടുത്തിയ അംഗങ്ങൾക്ക് സഭയിൽ പ്രസംഗിക്കാൻ അവസരം ലഭിച്ചു.

2021-22 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 2021-22 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാറിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതുമായി ബന്ധപ്പെട്ട ആക്ടുകൾ ഭേദഗതി ചെയ്യുന്നതിനായാണ് ധനകാര്യ ബില്ലുകൾ അവതരിപ്പിച്ചത്. 2021 ലെ ധനകാര്യ ബില്ലിലെ 2 ാം ഖണ്ഡം പ്രകാരം 1957 ലെ കേരള നികുതികളിന്മേലുള്ള സർചാർജ്ജ് ആക്ടിലെ (1957 ലെ 11) 3 എ വകുപ്പും മൂന്നാം ഖണ്ഡം പ്രകാരം 1959 ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും ആക്ടിലെ (1960 ലെ 10) 76 ാം വകുപ്പും 4 ാം ഖണ്ഡം പ്രകാരം 1963 ലെ കേരള പൊതുവിൽപന നികുതി ആക്ടിലെ (1963 ലെ 15) 7, 7 എ, 23 ബി വകുപ്പുകളും 5 ാം ഖണ്ഡം പ്രകാരം 1975 ലെ കേരള കെട്ടിട നികുതി ആക്ടിലെ (1975 ലെ 7) 5 ാം വകുപ്പും 6 ാം ഖണ്ഡം പ്രകാരം 1991 ലെ കേരള കാർഷികാദായ നികുതി ആക്ടിലെ (1991 ലെ 15) 37 സി വകുപ്പും 7 ാം ഖണ്ഡം പ്രകാരം 2003 ലെ കേരള മൂല്യ വർദ്ധിത നികുതി ആക്ടിലെ (2004 ലെ 30) 3 ാം പട്ടികയും 8 ാം ഖണ്ഡം പ്രകാരം 2017 ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്ടിലെ (2017 ലെ 20) 7, 16, 35, 44, 50, 74, 75, 83, 107, 129, 130, 151, 152, എന്നീ വകുപ്പുകളും പട്ടിക 2 ഉം 9 ാം ഖണ്ഡം പ്രകാരം 2019 ലെ കേരള ധനകാര്യ ആക്ടിലെ (2019 ലെ 5) 12 ാം വകുപ്പും 10 ാം ഖണ്ഡം പ്രകാരം 2020 ലെ കേരള ധനകാര്യ ആക്ടിലെ (2020 ലെ 7) 10 ാം വകുപ്പും ഭേദഗതി ചെയ്തു. മൂല നിയമങ്ങൾ ഇംഗ്ലീഷിലായതിനാൽ 'The Kerala Finance Bill, 2021' ഇംഗ്ലീഷിലാണ് സഭയിൽ അവതരിപ്പിച്ചത്. ബില്ലിന്റെ മലയാളത്തിലുള്ള തർജ്ജമയും പ്രസിദ്ധീകരിച്ചിരുന്നു.

2021 ലെ ധനകാര്യ (2 ാം നമ്പർ) ബില്ലിലെ 2 ാം ഖണ്ഡം പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ (1994 ലെ 13) 2, 203 എന്നീ വകുപ്പുകളും 3 ാം ഖണ്ഡം പ്രകാരം 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ (1994 ലെ 20) 2, 233 എന്നീ വകുപ്പുകളും ഭേദഗതി ചെയ്തു. മൂലനിയമങ്ങൾ മലയാളത്തിൽ ഉള്ളതാകയാൽ 2021 ലെ ധനകാര്യ (2 ാം നമ്പർ) ബില്ലായി മലയാളത്തിൽ അവതരിപ്പിച്ചു.



2021 ലെ ധനകാര്യ ബില്ലിന് 322 ഭേദഗതി നോട്ടീസുകളും 2021 ലെ ധനകാര്യ (2 ാം നമ്പർ) ബില്ലിന് 231 ഭേദഗതി നോട്ടീസുകളും ലഭിച്ചു. ചർച്ചയ്ക്ക് ശേഷം 2021 ആഗസ്റ്റ് 12 ന് ഇരു ബില്ലുകളും സഭ പാസ്സാക്കി.

കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി ധനകാര്യ ബിൽ അവതരിപ്പിച്ചത് 1983 ൽ (ഏഴാം കേരള നിയമസഭ) അന്നത്തെ ധനകാര്യ മന്ത്രിയായിരുന്ന കെ.എം. മാണി ആയിരുന്നു. നിയമസഭയിൽ ഏറ്റവും കൂടുതൽ തവണ ധനകാര്യബിൽ അവതരിപ്പിച്ചത് ഡോ. ടി.എം.തോമസ് ഐസക് ആണ് (11 തവണ) കെ.എം. മാണി 9 തവണയും ടി.ശിവദാസ മേനോൻ 5 തവണയും വി.വിശ്വനാഥമേനോൻ, ഉമ്മൻചാണ്ടി, കെ.ശങ്കരനാരായണൻ എന്നിവർ 4 തവണ വീതവും സി.വി.പത്മരാജൻ, വക്കം പുരുഷോത്തമൻ എന്നിവർ ഓരോ തവണയും ധനകാര്യബിൽ അവതരിപ്പിച്ചിട്ടുണ്ട്. പതിനഞ്ചാം കേരള നിയമസഭയിൽ ധനകാര്യമന്ത്രി കെ.എൻ. ബാലഗോപാൽ ഒരു തവണ ധനകാര്യ ബിൽ അവതരിപ്പിച്ചു.

# രണ്ടാം സമ്മേളനത്തിലെ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും

രണ്ടാം സമ്മേളനത്തിൽ അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി മൂന്ന് ദിവസങ്ങളാണ് നീക്കിവച്ചിരുന്നത്. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും ഒന്നിടവിട്ടുള്ള വെള്ളിയാഴ്ചകളിലാണ് അവതരിപ്പിക്കുന്നത്. 2021 ജൂലൈ 23 ന് നാല് അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയം സഭയിൽ അവതരിപ്പിക്കുകയും അവ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുകയും ചെയ്തു.

2021 ലെ കേരള സംസ്ഥാന വാതിൽപ്പടി സേവന രംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന് പി.എസ്.സുപാൽ എം.എൽ.എ യും 2021 ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബില്ലിന് പി.ടി.തോമസ് എം.എൽ.എ യും 2021 ലെ കേരള ക്രിമിനൽ കേസിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബില്ലിന് അനൂപ് ജേക്കബ് എം.എൽ.എ യും 2021 ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന് എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ യും നോട്ടീസ് നൽകി.

2021 ആഗസ്റ്റ് 6 ന് അഞ്ച് സ്വകാര്യ ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് അനുമതി ലഭിക്കുകയും 2021 ലെ കേരള അന്ധവിശ്വാസ അനാചാര നിർമ്മാർജ്ജന ബിൽ (കെ.ഡി.പ്രസേനൻ, എം.എൽ.എ നോട്ടീസ് നൽകിയത്), 2021 ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ (എൻ.ഷംസുദ്ദീൻ എം.എൽ.എ നോട്ടീസ് നൽകിയത്), 2021 ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ (ടി.ജെ.വിനോദ്, എം.എൽ.എ നോട്ടീസ് നൽകിയത്), 2021 ലെ കേരള മിശ്ര വിവാഹ കുടുംബ സംരക്ഷണ ബിൽ (എം.രാജഗോപാലൻ എം.എൽ.എ നോട്ടീസ് നൽകിയത്), 2021 ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപെക്സ് കൗൺസിൽ രൂപീകരണ ബിൽ (ഒ.എസ്.അംബിക, എം.എൽ.എ നോട്ടീസ് നൽകിയത്) എന്നീ സ്വകാര്യ ബില്ലുകൾക്ക് 12 മിനിട്ട് വീതമാണ് സമയപരിധി നിശ്ചയിച്ചിരുന്നത്.

2021 ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ (എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ നോട്ടീസ് നൽകിയത്), 2021 ലെ കേരള സംസ്ഥാന വാതിൽപ്പടി സേവന രംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ (പി.എസ്.സുപാൽ എം.എൽ.എ നോട്ടീസ് നൽകിയത്), 2021 ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ (പി.ടി. തോമസ് എം.എൽ.എ നോട്ടീസ് നൽകിയത്) എന്നീ അനൗദ്യോഗിക ബില്ലുകൾക്കാണ് തുടർ ചർച്ചയ്ക്കായി നറുക്ക് ലഭിച്ചത്.

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി 2021 ജൂലൈ 28 ന് യോഗം ചേർന്ന് 40 മിനിട്ട് വീതം പ്രമേയങ്ങൾക്ക് സമയപരിധി നിശ്ചയിച്ചിരുന്നു. അനൗദ്യോഗിക പ്രമേയത്തിനായി നീക്കി വച്ച 2021 ജൂലൈ 30 ന് എം.വിജിൻ, എം.എൽ.എ അവതരിപ്പിച്ച ദേശീയ വിദ്യാഭ്യാസ നയം 2020 സംബന്ധിച്ച പ്രമേയവും, കെ.കെ.ശൈലജ ടീച്ചർ അവതരിപ്പിച്ച സഹകരണ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ കടന്നുകയറ്റം സംബന്ധിച്ച പ്രമേയവും ചർച്ച ചെയ്തതിനുശേഷം സഭ നിരാകരിച്ചു. മാത്യു കുഴൽനാടൻ എം.എൽ.എ. നോട്ടീസ് നൽകിയിരുന്ന പ്രമേയം അദ്ദേഹം ഹാജരാകാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.

## നിയമസഭാ നടപടിക്രമങ്ങളുടെ പരിഷ്കരണം : അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചു

കേരളനിയമസഭയുടെ ചട്ടങ്ങളിലും നടപടിക്രമങ്ങളിലും വരുത്തേണ്ട കാലോചിതമായ പരിഷ്കാരങ്ങൾ സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പതിനഞ്ചംഗ അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ - ദേവസ്വം വകുപ്പ് മന്ത്രി കെ.രാധാകൃഷ്ണനാണ് സമിതി അദ്ധ്യക്ഷൻ. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, ഗവ.ചീഫ് വിപ്പ് ഡോ.എൻ.ജയരാജ്, എം.എൽ.എമാരായ എ.പി.അനിൽകുമാർ, അനൂപ് ജേക്കബ്, മാത്യു ടി.തോമസ്, മോൻസ് ജോസഫ്, യു.പ്രതിഭ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി.ടി.എ.റഹീം, ടി.പി.രാമകൃഷ്ണൻ, എൻ.ഷംസുദ്ദീൻ, കെ.കെ.ശൈലജ ടീച്ചർ, കടകംപള്ളി സുരേന്ദ്രൻ, ഇ.കെ.വിജയൻ എന്നിവർ കമ്മിറ്റി അംഗങ്ങളാണ്. സമിതി 2021 സെപ്റ്റംബർ 8ന് ആദ്യയോഗം ചേർന്ന് പ്രവർത്തനങ്ങൾ ആരംഭിച്ചു.



# സഭാസ്പന്ദനങ്ങളായി രണ്ടാം സമ്മേളനത്തിലെ റൂളിംഗുകൾ

*നിയമനിർമ്മാണസഭകളുടെ കാര്യക്ഷമമായ നടത്തിപ്പിന് നിയതമായ ചട്ടങ്ങൾ നിലവിലുണ്ടെങ്കിലും സഭാനടപടികൾ സുഗമവും സുതാര്യവുമാക്കുന്നതിന് സഭാദ്ധ്യക്ഷൻമാർ കാലാകാലങ്ങളിൽ റൂളിംഗുകൾ നൽകി വരുന്നു. സഭയിൽ ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങളിൽ സ്പീക്കർ എടുക്കുന്ന തീരുമാനമാണ് റൂളിംഗ്. സ്പീക്കറുടെ റൂളിംഗ് അന്തിമമാണ്. പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ട ഉടനെയോ സഭാരേഖകൾ പരിശോധിച്ചശേഷമോ സ്പീക്കർ റൂളിംഗ് നൽകുന്നു. സ്പീക്കറുടെ റൂളിംഗുകൾ പിന്നീട് കീഴ്വഴക്കമായി മാറുന്നു. റൂളിംഗുകളെ സഭയ്ക്കകത്തോ പുറത്തോ വിമർശിക്കാൻ പാടില്ല. അപ്രകാരം ഒരംഗം വിമർശിക്കുന്നത് സഭയുടെ അവകാശത്തെ ലംഘിക്കുന്നതാകയാൽ സ്പീക്കറുടെ അനുവാദത്തോടെ റൂളിംഗിന്റെ ഏതെങ്കിലും ഭാഗം സംബന്ധിച്ച വിശദീകരണം അംഗത്തിന് ആവശ്യപ്പെടാവുന്നതാണ്.*

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ ശ്രദ്ധേയമായ ചില റൂളിംഗുകൾ സ്പീക്കർ എം.ബി.രാജേഷ് നൽകിയിട്ടുണ്ട്. കിഫ്ബിയുമായി ബന്ധപ്പെട്ട ധനവിനിയോഗം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കപ്പെടാൻ അവസരം ലഭ്യമാക്കാത്തതിനെതിരെ ചട്ടം 303 പ്രകാരം എ.പി.അനിൽകുമാർ ഉന്നയിച്ച ക്രമപ്രശ്നത്തിന് കിഫ്ബിയുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ ഉൾപ്പെടുന്ന 'പലവക സാമ്പത്തിക സർവ്വീസുകൾ' എന്ന 28 ാം നമ്പർ ധനാഭ്യർത്ഥന പൊതുവായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നതാണെങ്കിൽപ്പോലും അതിനു കീഴിൽ വരുന്ന '5475 മറ്റ് പൊതു സാമ്പത്തിക സർവ്വീസുകൾ സംബന്ധിച്ച മൂലധന ചെലവ്' എന്ന മേജർ ഹെഡ് പ്രത്യേകമായി സബ്ജക്റ്റ് കമ്മിറ്റി VIII ന്റെ സൂക്ഷ്മപരിശോധനാ ഷെഡ്യൂളിൽ ഇത്തവണയും ഉൾപ്പെടുത്തിയിട്ടില്ല പ്രസ്തുത മേജർ ഹെഡിന്റെ പരിധിയിൽ വരുന്ന ചെലവിനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിൽ നിന്ന് നേരിട്ട് ആവശ്യപ്പെടുന്നതിനും പരിശോധിക്കുന്നതിനും VIII ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിക്ക് എല്ലാ അധികാരവും നിലനിൽക്കുന്നുണ്ടെന്നും ഈ മേജർ ഹെഡ്ഡിന്റെ കീഴിൽ വരുന്ന വിശദാംശങ്ങൾ കൂടി സബ്ജക്റ്റ് കമ്മിറ്റി VIII ന്റെ സൂക്ഷ്മപരിശോധനാ ഷെഡ്യൂളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണെന്നും 2021 ആഗസ്റ്റ് 2 ന് സ്പീക്കർ റൂളിംഗ് നൽകി.

ആവർത്തിച്ച് ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിനെതിരെ അനൂപ് ജേക്കബ് ചട്ടം 303 പ്രകാരം ഉന്നയിച്ച ക്രമപ്രശ്നത്തിൽ, ഇപ്പോൾ പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള എല്ലാ ഓർഡിനൻസുകൾക്കും പകരമുള്ള നിയമങ്ങൾ സഭയിൽ പാസ്സാക്കുന്നതിനായുള്ള ഒരു ആക്ഷൻ പ്ലാൻ നിയമ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കണമെന്നും നിയമനിർമ്മാണത്തിന് മാത്രമായി 2021 ഒക്ടോബർ - നവംബർ മാസങ്ങളിൽ സഭയുടെ ഒരു പ്രത്യേക സമ്മേളനം ചേർന്നുകൊണ്ട് എല്ലാ ഓർഡിനൻസുകളേയും replace ചെയ്യുന്ന നിയമങ്ങൾ പാസാക്കാൻ അവസരമൊരുക്കണമെന്നും ഇക്കാര്യത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായും സ്പീക്കർ 2021 ആഗസ്റ്റ് 2ാം തീയതി റൂളിംഗ് നൽകി.

നിയമസഭാ സമിതികളുടെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും മറ്റ് റിപ്പോർട്ടുകളും യഥാസമയം ലഭ്യമാക്കുന്ന കാര്യത്തിൽ വിവിധ വകുപ്പുകൾ വീഴ്ചവരുത്തുന്നതിനെതിരെ പി.സി.വിഷ്ണുനാഥ് ഉന്നയിച്ച ക്രമപ്രശ്നത്തിൽ 2021 ആഗസ്റ്റ് 3 ാം തീയതി ചുവടെ ചേർക്കുന്ന റൂളിംഗ് നൽകി.

സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ലഭ്യമാക്കാതെ വരുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെ സമിതികളുടെ മുമ്പാകെ വിളിച്ചുവരുത്താനും വിവരങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുവാനും അതിന് തയ്യാറാകാതെ വരുന്ന ഗവണ്മെന്റ് സെക്രട്ടറിമാരുടെ നിഷേധാത്മക നിലപാടുകൾ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും എന്നിട്ടും പരിഹാരമായില്ലെങ്കിൽ ചീഫ് സെക്രട്ടറിയെത്തന്നെ സമിതി മുമ്പാകെ വിളിച്ചുവരുത്താനും അതോടൊപ്പം സമിതിയുടെ പ്രവർത്തനങ്ങളുമായി മനഃപൂർവ്വം സഹകരിക്കാതിരിക്കുന്ന ഗവണ്മെന്റ് സെക്രട്ടറിമാർക്കെതിരെ അവകാശലംഘനത്തിന്റെ പേരിൽ ശിക്ഷാനടപടി ശിപാർശ ചെയ്യാനും സമിതികൾക്ക് അധികാരമുണ്ടെന്ന് സ്പീക്കർ പരാമർശിച്ചു.

തികച്ചും സാങ്കേതികവും യുക്തിരഹിതവുമായ കാരണങ്ങളുടെ പേരിൽ സമിതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് യാഥാർത്ഥ്യബോധത്തോടും പ്രായോഗിക സമീപനത്തോടും കൂടി കാര്യങ്ങളെ സമീപിക്കുവാൻ എല്ലാ സമിതി അദ്ധ്യക്ഷന്മാരും സമിതി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തയ്യാറാകുന്നപക്ഷം ഇപ്പോൾ രൂപീകരിക്കപ്പെട്ടിരിക്കുന്ന സഭാ സമിതികളുടെ കാലാവധിയായ 30 മാസം പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ ധനകാര്യ സമിതികൾ ഒഴികെയുള്ള എല്ലാ സമിതികളുടെയും കുടിശ്ശിക ജോലികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും അതിനായി സഭാ സമിതികൾ നടത്തുന്ന പരിശ്രമങ്ങൾക്ക് ചെയറിന്റെ ഭാഗത്തുനിന്നുള്ള എല്ലാ പിന്തുണയും പ്രോത്സാഹനവും ഉണ്ടായിരിക്കുന്നതാണെന്നും സ്പീക്കർ റൂളിംഗ് നൽകി.

സഭയിൽ അംഗങ്ങൾ നോട്ടീസ് നൽകുന്ന ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്ന കാര്യത്തിൽ നേരിടുന്ന കാലതാമസം ഒഴിവാക്കപ്പെടേണ്ടത് സംബന്ധിച്ച് അനൂപ് ജേക്കബ് ഉന്നയിച്ച ക്രമപ്രശ്നത്തിന് ഇ-നിയമസഭാ പദ്ധതിയുമായി ബന്ധപ്പെട്ട പരിഷ്കാരങ്ങളും ഇപ്പോൾ സഭയിൽ പ്രത്യേകമായി ഉന്നയിക്കപ്പെട്ട കാര്യങ്ങളും വിശദമായി പരിശോധിച്ച് വ്യക്തമായ ശിപാർശകൾ നല്കുന്നതിനായി ഒരു അഡ്ഹോക്ക് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് സ്പീക്കർ ആഗസ്റ്റ് 5 ന് റൂളിംഗ് നൽകി.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 205 ബി പ്രകാരം സഭാ സമിതികളുടെ റിപ്പോർട്ടിലെ പൊതു പ്രാധാന്യമുള്ള സംഗതിയിന്മേൽ ചർച്ച ചെയ്യുന്നതിന് ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂർ നീക്കിവയ്ക്കണമെന്ന വ്യവസ്ഥ വേണ്ടത്ര ഉപയോഗിക്കാൻ കഴിയുന്നില്ലെന്നത് സംബന്ധിച്ച് ഡോ.എം.കെ.മുനീർ, യൂ.പ്രതിഭ എന്നിവർ ഉന്നയിച്ച ക്രമപ്രശ്നത്തിന്, സഭാ സമ്മേളന ദിനങ്ങളുടെ എണ്ണം പരിമിതപ്പെട്ടതും സഭയിൽ നിർവ്വഹിക്കപ്പെടേണ്ട ഗവൺമെന്റ് ബിസിനസുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യത്തിലാണ് ഇക്കാര്യത്തിനായി വേണ്ടത്ര സമയം കണ്ടെത്താൻ കഴിയാതിരുന്നത് എന്നും ഇക്കാര്യത്തിൽ കൂടുതൽ അവസരം ലഭ്യമാകത്തക്ക വിധത്തിൽ ഇനി വരുന്ന സഭാ സമ്മേളനങ്ങളുടെ കാര്യപരിപാടികൾ ക്രമപ്പെടുത്താൻ യോജിപ്പോടുകൂടിയുള്ള ഒരു നീക്കം ഉണ്ടാകേണ്ടതുണ്ടെന്നും സ്പീക്കർ ആഗസ്റ്റ് 9 ന് റൂളിംഗ് നൽകി.

സ്പീക്കറുടെ പൊതുപരിപാടികൾ

## കയാക്കേഴ്സിന് ആവേശം പകർന്ന് സ്പീക്കർ




പാലക്കാട് ജില്ലയിലെ ആദ്യത്തെ കയാക്കിങ് ഫെസ്റ്റിവലിന് തുടക്കമായി. തൃത്താലയിൽ വെള്ളിയാങ്കല്ലിൽ നിളയുടെ ഇരുകരകളിലും വെള്ളിയാങ്കല്ല് പാലത്തിലും അണിനിരന്ന ആയിരക്കണക്കിനാളുകളുടെ ആഹ്ലാദാരവങ്ങൾക്കിടയിൽ 2021 സെപ്റ്റംബർ 20 ന് നിയമസഭാ സ്പീക്കർ എം.ബി.രാജേഷ് ഉദ്ഘാടനം നിർവഹിച്ച കയാക്കിങ് ഫെസ്റ്റിവൽ തൃത്താലയുടെ സമഗ്ര ടൂറിസം വികസനത്തിനുള്ള സുപ്രധാന കാൽവെപ്പായി.

സുരക്ഷാ സംവിധാനങ്ങളണിഞ്ഞ്ചെറുതോണിയിൽ സ്പീക്കറും തുഴയെറിഞ്ഞപ്പോൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ കയാക്കേഴ്സിനും ആവേശമായി. അന്നേദിവസം രാവിലെ മുതൽ വൈകുന്നേരം വരെ പൊതുജനങ്ങൾക്ക് വെള്ളിയാങ്കല്ലിൽ കയാക്കിങ് ചെയ്യുന്നതിന് സൗകര്യമൊരുക്കിയിരുന്നു

പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് ഉത്തരവാദിത്ത ടൂറിസം ഭാരതപ്പുഴയിൽ നടപ്പിലാക്കുമെന്നും തദ്ദേശീയ ജനതയുടെ ക്രിയാത്മക പങ്കാളിത്തം ഉറപ്പുവരുത്തുമെന്നും സ്പീക്കർ എം.ബി.രാജേഷ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. നിളയുടെ സൗന്ദര്യമാസ്വദിച്ചുകൊണ്ട് തുഴയുന്നത് സഞ്ചാരികൾക്ക് പുതിയ അനുഭവം ആയിരിക്കുമെന്നും തൃത്താലയിൽ സമഗ്ര ടൂറിസം വികസന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ലിറ്റററി ടൂറിസം സർക്യൂട്ടിൽ തൃത്താലയെയും ഉൾപ്പെടുത്തിയെന്നും ഇതിനായി ബജറ്റിൽ തുക വകയിരുത്തിയെന്നും തൃത്താലയെ കയാക്കിങ്ങിന്റെ സ്ഥിരം വേദിയാക്കി മാറ്റാനുള്ള അടിയന്തിര നടപടികൾ ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

പ്രകൃതിയെ പരിശുദ്ധിയോടെ സംരക്ഷിച്ചും ഭാരതപ്പുഴയുടെ സാധ്യതകളും തൃത്താലയുടെ സാംസ്കാരിക പാരമ്പര്യവും ടൂറിസം വികസനത്തിനായി ഉപയോഗിക്കുന്നതിനും കുറഞ്ഞ കാലത്തിനുള്ളിൽ ലോക ടൂറിസം ഭൂപടത്തിൽ ഇടം നേടാൻ തൃത്താലയെ പര്യാപ്തമാക്കുന്നതിനുമുള്ള ശ്രമങ്ങളുടെ നല്ല തുടക്കമായി കയാക്കിങ് ഫെസ്റ്റിവലിനെ മാറ്റാൻ കഴിയുമെന്ന് ആദ്യദിനത്തെ ആവേശം വിളംബരം ചെയ്തു.

ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

## സർക്കാർ ലക്ഷ്യം വയ്ക്കുന്നത് കേരളത്തിന്റെ സമസ്ത മേഖലകളിലുമുള്ള വികസനം : ഡെപ്യൂട്ടി സ്പീക്കർ




കേരള കാർഷിക സർവ്വകലാശാല കൃഷി വകുപ്പിന്റെ സഹകരണത്തോടെ പള്ളിക്കൽ കൃഷിഭവൻ മുഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിൾക്കായി നടത്തുന്ന ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാൻ പദ്ധതിയുടെ ഉദ്ഘാടന വേളയിൽ സംസാരിക്കവേ വികസനോന്മുഖ കേരളം കെട്ടിപ്പടുക്കാനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പറഞ്ഞു. പത്തനംതിട്ട ജില്ലയിലെ പട്ടികജാതി വിഭാഗക്കാരുടെ എണ്ണത്തിൽ അൻപത് ശതമാനവും പറക്കോട് ബ്ലോക്കിലുൾപ്പെട്ടതിനാലാണ് പള്ളിക്കലിനെ ഇതിനായി തെരഞ്ഞെടുത്തത്. പദ്ധതിയുടെ നടത്തിപ്പിനായി പള്ളിക്കൽ പഞ്ചായത്തിലെ മേലൂട് ഭാഗത്തുള്ള എസ്.സി കോളനിയിലെ നൂറ് പട്ടികജാതി കുടുംബങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. യോഗത്തിൽ വാർഡ് മെമ്പർ ഷൈലജ പുഷ്പൻ സ്വാഗതമാശംസിച്ചു. പഞ്ചായത്ത് പ്രസിഡന്റ് സുശീല കുഞ്ഞമ്മ കുറുപ്പ് അധ്യക്ഷയായിരുന്നു. കൃഷി ഓഫീസർ റോണി വർഗീസ്, കാർഷിക വികസനസമിതി അംഗം എ.പി.ജയൻ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

## വിലക്കുറവിനും ഗുണമേന്മയ്ക്കും സപ്ലൈകോ




പൊതുവിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ. സപ്ലൈകോയുടെ ഓണം താലൂക്ക് ഫെയർ 2021 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിലക്കുറവിനൊപ്പം ഗുണമേന്മയും സപ്ലൈകോ ലക്ഷ്യം വയ്ക്കുന്നതായും അദ്ദേഹം അറിയിച്ചു. കോവിഡ് മഹാമാരി കാലത്ത് എല്ലാവിധ ആളുകൾക്കും സഹായഹസ്തവുമായി സപ്ലൈകോ ഉണ്ടായിരുന്നു.

നഗരസഭ ചെയർമാൻ ഡി.സജി, അടൂർ താലൂക്ക് സപ്ലൈ ഓഫീസർ എം.അനിൽ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. ഇതിനോട് ചേർന്ന് ഹോർട്ടികോർപ്പ് പച്ചക്കറിസ്റ്റാളും പ്രവർത്തിക്കുന്നുണ്ട്.

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

## നിയമസഭാ വളപ്പിലെ കരനെൽകൃഷി

നിയമസഭാ സമുച്ചയവളപ്പിൽ ഏകദേശം 2.5 സെന്റ് സ്ഥലത്ത് കൃഷി ചെയ്തു വരുന്ന കരനെല്ലിന്റെ വിളവെടുപ്പ് ഉത്സവം 2021 ആഗസ്റ്റ് 13 ന് നടന്നു. കൊയ്ത്തുത്സവത്തിൽ വിളവെടുത്ത നെല്ല് ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ നിറപുത്തരി ചടങ്ങിനായി നൽകി. കഴിഞ്ഞ രണ്ടു വർഷങ്ങളിലും നിറപുത്തരിക്കായി നിയമസഭാ വളപ്പിൽ വിളയിച്ചെടുക്കുന്ന നെൽക്കതിർ നൽകിയിരുന്നു. സ്പീക്കർ എം.ബി.രാജേഷ് കൊയ്തെടുത്ത നെൽകതിർ കറ്റകൾ തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ. എസ്സ് ഏറ്റുവാങ്ങി ക്ഷേത്രത്തിന് കൈമാറി. ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, നിയമസഭാ സെക്രട്ടറി എസ്.വി ഉണ്ണികൃഷ്ണൻ നായർ, ഹരിതക്ലബ്ബ് അംഗങ്ങൾ, ജീവനക്കാർ എന്നിവർ പങ്കെടുത്തു. 'ഉമ' എന്ന നെൽവിത്തിനമാണ് കൃഷിക്കായി ഉപയോഗിച്ചത്. നിയമസഭാ ജീവനക്കാരും ഹരിതക്ലബ് അംഗങ്ങളും ഉദ്യാന പരിപാലകരും ചേർന്നുള്ള കൂട്ടായ്മയുടെ ഫലമാണിതെന്ന് കൃഷി ഓഫീസർ പറഞ്ഞു.



## സ്വാതന്ത്ര്യദിനാഘോഷം

സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് 2021 ആഗസ്റ്റ് 15 ന് നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള മഹാത്മാഗാന്ധി, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ഡോ.ബി.ആർ. അംബേദ്കർ, കെ.ആർ.നാരായണൻ എന്നീ ദേശീയ നേതാക്കളുടെ പ്രതിമകളിൽ സ്പീക്കർ എം.ബി. രാജേഷ് പുഷ്പാർച്ചന നടത്തി. തുടർന്ന് ജീവനക്കാരുടെ ഗായകസംഘം ദേശഭക്തി ഗാനങ്ങൾ ആലപിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സംഘടിപ്പിച്ച ചടങ്ങിൽ നിയമസഭാ സെക്രട്ടറിയും ജീവനക്കാരും പങ്കെടുത്തു.



## ആസാദി കാ അമൃത് മഹോത്സവ്

ഭാരതം സ്വതന്ത്രമായതിന്റെ 75 വർഷങ്ങൾ ആഘോഷിക്കുന്ന ആസാദി കാ അമൃത് മഹോത്സവ് കെ-ലാംപ്സ് പാർലമെന്ററി സ്റ്റഡീസിന്റെ മേൽനോട്ടത്തിൽ രണ്ടു വർഷം നീണ്ടുനിൽക്കുന്ന പരിപാടിയായി കേരള നിയമസഭയിൽ സംഘടിപ്പിക്കുന്നു. പരിപാടിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് നിയമസഭാ സമുച്ചയത്തിൽ 2021 ആഗസ്റ്റ് 10 മുതൽ 23 വരെ ദീപാലങ്കാരം നടത്തുകയും പ്രവേശന കവാടത്തിന് സമീപം ഇന്ത്യൻ പതാക പ്രദർശിപ്പിക്കുന്ന എൽ.ഇ.ഡി. വാൾ സ്ഥാപിക്കുകയും ചെയ്തു.



അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

വേർപാട്

## മുൻ എം.എൽ.എ. സി.എ. മാത്യു



മുൻ നിയമസഭാംഗം സി.എ. മാത്യു (87) അന്തരിച്ചു. എട്ടാം കേരള നിയമസഭയിൽ (1987-1991) കല്ലൂപ്പാറ നിയോജക മണ്ഡലത്തിൽ നിന്നുള്ള കോൺഗ്രസ് (എസ്) അംഗമായിരുന്നു. ഇരുപത്തിരണ്ട് വർഷം കൊറ്റനാട് ഗ്രാമപഞ്ചായത്തംഗമായിരുന്ന അദ്ദേഹം രണ്ടു തവണ പഞ്ചായത്ത് വൈസ് പ്രസിഡന്റായിരുന്നു. ഡി.സി.സി.(എസ്) പത്തനംതിട്ട ജില്ലാ പ്രസിഡന്റ്, കൊറ്റനാട് സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് പ്രസിഡന്റ്, തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ബോർഡ് അംഗം, അമച്വർ അത്‌ലറ്റിക് അസോസിയേഷൻ അംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മികച്ച വോളിബോൾ താരം കൂടിയായിരുന്ന സി.എ.മാത്യു വിദ്യാർത്ഥിയായിരിക്കെ തിരുവിതാംകൂർ സർവ്വകലാശാലയെ പ്രതിനിധീകരിച്ച് മത്സരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

ഭാര്യ: ഏലിയാമ്മ മാത്യു; നാല് മക്കളുണ്ട്.

## വിജ്ഞാനപഥം

1. ഭാരതത്തിൽ ആദ്യമായി ഏത് മുൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസാണ് ഗവർണ്ണറായി നിയമിക്കപ്പെട്ടത്

**ജസ്റ്റിസ് പി. സദാശിവം (5.9.2014 മുതൽ 5.9.2019 വരെ കേരള ഗവർണ്ണറായിരുന്നു)**

2. കേരള നിയമസഭയിൽ ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗവും ധനകാര്യ മന്ത്രിയുടെ ബജറ്റ് പ്രസംഗവും ആദ്യമായി റെക്കോർഡ് ചെയ്ത് സംപ്രേഷണം ചെയ്ത വർഷം

1995

3. പുതിയ നിയമസഭാ മന്ദിരത്തിൽ ആദ്യമായി സഭാ സമ്മേളനം ചേർന്ന തീയതി

1998 ജൂൺ 30

4. കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് ആദ്യമായി മന്ത്രിപദവിയിലെത്തിയ വനിത

**പി.കെ.ജയലക്ഷ്മി (പന്ത്രണ്ടാം കേരള നിയമസഭയിൽ പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും മ്യൂസിയവും മൃഗശാലയും വകുപ്പ് മന്ത്രിയായിരുന്നു)**

5. അവകാശലംഘനം നടത്തിയതിന് ആദ്യമായി നിയമസഭയിൽ വിളിച്ചുവരുത്തി ശാസിക്കപ്പെട്ട പത്രപ്രവർത്തകൻ

**കലാനിലയം കൃഷ്ണൻ നായർ (1972 ഒക്ടോബർ 31)**

6. കേരള നിയമസഭയിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ സീറ്റ് നിലനിർത്തിയ ആദ്യ അംഗം

**റോസമ്മ പുന്നൂസ്**



ജവഹർലാൽ നെഹ്റു



ജസ്റ്റിസ് പി. സദാശിവം



റോസമ്മ പുന്നൂസ്



പി.കെ.ജയലക്ഷ്മി

7. കേരള നിയമസഭാംഗങ്ങളെ നിയമസഭാ ഹാളിൽ അഭിസംബോധന ചെയ്ത ഇന്ത്യൻ പ്രധാനമന്ത്രി

ജവഹർലാൽ നെഹ്റു (1958 ഏപ്രിൽ 25)

8. കേരള സംസ്ഥാന രൂപീകരണത്തിനു ശേഷം നിയമസഭയിലേക്ക് നടന്ന ആദ്യ പൊതുതെരഞ്ഞെടുപ്പിൽ ഉണ്ടായിരുന്ന നിയോജക മണ്ഡലങ്ങളുടെ എണ്ണം

126

9. നിയമസഭയുടെ രണ്ട് സമ്മേളനങ്ങൾക്കിടയിൽ അനുവദനീയമായ പരമാവധി ഇടവേള

6 മാസം [ഭരണഘടന അനുച്ഛേദം 174 (1)]

10. ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ ആദ്യത്തെ വനിതാ ലെജിസ്ലേറ്റീവ് കൗൺസിൽ അംഗം

**ഡോ. മേരി പുന്നൻ ലൂക്കോസ്**

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ

## സോളാർ പ്രോജക്ട്

തിരുവനന്തപുരം നഗരസഭ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നിയമസഭാ മന്ദിരത്തിൽ സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റിന്റെ സ്വിച്ച് ഓൺ കർമ്മം 2021 ആഗസ്റ്റ് 31 ന് സ്പീക്കർ എം.ബി.രാജേഷ് നിർവ്വഹിച്ചു. പാരമ്പര്യേതര ഊർജ്ജ ഉപയോഗം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഈ പദ്ധതിയിൽ നിയമസഭയിലെ അസംബ്ലി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകളിലായി 395 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് ടൈപ്പ് സൗരോർജ്ജ പ്ലാന്റാണ് പ്രവർത്തനസജ്ജമാക്കിയിരിക്കുന്നത്. ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, തിരുവനന്തപുരം നഗരസഭാ മേയർ ആര്യ രാജേന്ദ്രൻ എസ്., ഡോ.ശശി തരൂർ എം.പി. (ഓൺലൈൻ മുഖേന), തിരുവനന്തപുരം നഗരസഭാ കൗൺസിലർമാർ, സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് സി.ഇ.ഒ. വിനയ് ഗോയൽ ഐ.എ.എസ്., നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ, തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ബിനു ഫ്രാൻസിസ് എന്നിവർ പങ്കെടുത്തു.




## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...



### എന്റെ അവസാന ശ്വാസംവരെ
ലൂയി ബുനുവൽ
വിവർത്തനം: രാജൻ തുവ്വാര
കറന്റ് ബുക്സ്: തൃശ്ശൂർ, 2015.
NWw BUN 32Q5
(ആത്മകഥ)



### വായനാമനുഷ്യന്റെ കലാചരിത്രം
ഡോ. കവിത ബാലകൃഷ്ണൻ
കേരള സാഹിത്യ അക്കാദമി: തൃശ്ശൂർ, 2020.
NQv 32R0
(പഠനം)



### ഗീതാഹിരണ്യന്റെ കഥകൾ
ഗീതാഹിരണ്യൻ
കറന്റ് ബുക്സ്: തൃശ്ശൂർ, 2016.
O32,3 GEE Q6
(കഥാ സമാഹാരം)



### അക്ഷരവും ആധുനികതയും
ഇ.വി. രാമകൃഷ്ണൻ
കേരള സാഹിത്യ അക്കാദമി: തൃശ്ശൂർ, 2020.
O:g 32R0
(ലേഖന സമാഹാരം)



### ഋതുഭേദങ്ങളുടെ പാരിതോഷികം
പത്മരാജൻ
കറന്റ് ബുക്സ്: തൃശ്ശൂർ, 2017.
O32,3 PAD Q7
(നോവൽ)



### നന്മതിന്മകളുടെ വൃക്ഷം
സാറാ ജോസഫ്
കറന്റ് ബുക്സ്: തൃശ്ശൂർ, 2017.
O32,3 SAR Q7
(നോവലെറ്റുകൾ)



### ആളോഹരി ആനന്ദം
സാറാ ജോസഫ്
കറന്റ് ബുക്സ്: തൃശ്ശൂർ, 2019.
O32,3 SAR Q9
(നോവൽ)



### സി.വി. ശ്രീരാമന്റെ സമ്പൂർണ്ണകഥകൾ
സി.വി. ശ്രീരാമൻ
കറന്റ് ബുക്സ്: തൃശ്ശൂർ, 2019.
O32,3 SR-E Q9
(കഥാ സമാഹാരം)



### പർവം
എസ്.എൽ.ഭൈരപ്പ
വിവർത്തനം: സുധാകരൻ രാമന്തളി
സാഹിത്യ അക്കാദമി: ന്യൂഡൽഹി, 2019.
O33,3 BHY 32Q9
(നോവൽ)



### India-Pakistan: Themes Beyond Borders
Selections from Nikhil Chakravartty's writings
Anil Nauriya, et. al. Ed.
Aakar Books: Delhi, 2019.
V2:1944(Q7) Q9
(Essays)



### Food Security in India: Myth and Reality
Vikas Bajpai and Anoop Saraya
Aakar Books: Delhi, 2018.
X8(J3) Q8
(Study)



### The cases that India forgot
Chintan Chandrachud
Juggernaut: New Delhi, 2019.
Z2 Q9
(Essays)



# ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ ചരിത്രം

വേദകാലത്തോളം നീളുന്ന സുദീർഘമായ ഒരു ചരിത്രമാണ് ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുള്ളത്. ജനങ്ങളുടെ ജീവനും സ്വത്തിനും കാവൽക്കാരനായി ദൈവത്തിന്റെ പ്രതിപുരുഷനെന്ന നിലയിൽ ആദ്യകാലത്ത് രാജാവ് നീതിനിർവ്വഹണം നടത്തിയിരുന്നു. അർത്ഥശാസ്ത്രം പോലെയുള്ള പുരാതന കൃതികൾ നിയമവാഴ്ചയുടെയും നീതിനിർവ്വഹണത്തിൽ പുലർത്തേണ്ട പൊതുനിയമങ്ങളുടെയും ഉത്തമ ദൃഷ്ടാന്തമാണ്. നിയമകാര്യപരിജ്ഞാനമുള്ള പ്രമുഖർ രാജസദസിനെ അലങ്കരിച്ചിരുന്നതും നിയമപ്രശ്നങ്ങളിൽ അവർ രാജാവിനെ ഉപദേശിച്ചിരുന്നതും പുരാതന ഇന്ത്യൻ ചരിത്രത്തിൽ നമുക്ക് ദർശിക്കാനാകും. മതാധിഷ്ഠിതമായ നീതിനിർവ്വഹണമായിരുന്നു പുരാതന ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ പ്രത്യേകത. മൗര്യസാമ്രാജ്യ രാജാവായ അശോകൻ തന്റെ രാജ്യത്താകമാനം സ്ഥാപിച്ച നിയമസംഹിതകളടങ്ങിയ ശിലാശാസനങ്ങൾ അക്കാലത്ത് നിലനിന്നിരുന്ന നീതിന്യായ വ്യവസ്ഥയുടെയും അതിൽ മതത്തിന്റെ സ്വാധീനത്തെയും കുറിച്ച് വ്യക്തമായ ധാരണ നൽകുന്നു. ബ്രിട്ടീഷാധിപത്യം ഇന്ത്യയിൽ പിടിമുറുക്കുന്നതുവരെ ഏറിയും കുറഞ്ഞും ഈ മതാധിഷ്ഠിത നീതിന്യായ വ്യവസ്ഥ തന്നെയാണ് നിലനിന്നിരുന്നത്. ആദ്യകാലത്ത് ഹിന്ദു മതാധിഷ്ഠിതമായ നിയമവ്യവസ്ഥയായിരുന്നു രാജ്യത്ത് നിലനിന്നിരുന്നതെങ്കിൽ മധ്യകാലഘട്ടത്തിൽ മുസ്ലീം അധിനിവേശത്തോടെ ഇസ്ലാംമതാധിഷ്ഠിത (മൊഹമ്മദീയൻ) നിയമനിർവ്വഹണം വേരൂന്നിത്തുടങ്ങി. മതപരമായ ഒരു കർമ്മം അനുഷ്ഠിക്കുന്നത്ര സൂക്ഷ്മമായും ശ്രദ്ധയോടെയുമാണ് അക്കാലത്ത് നീതിനിർവ്വഹണം നടത്തപ്പെട്ടത്. മൊഹമ്മദീയൻ നിയമത്തിൽ ഖലീഫയും ഖാസിമാരും നിയമവ്യവസ്ഥയുടെ അവസാന വാക്കുകളായിരുന്നു. ഇന്ത്യയിൽ മുഗൾ രാജവംശം ഭരണമുറപ്പിച്ചതോടെ ഖാസി നീതിന്യായ വ്യവസ്ഥയുടെ തലവനായി. ആധുനിക ഇന്ത്യയിലെ മുൻസിഫ് കോടതികൾക്ക് സമാനമായിരുന്നു അക്കാലത്തെ ഖാസിമാരുടെ കോടതികൾ. അപ്പോഴും ഹിന്ദു രാജാക്കന്മാർ ഭരിച്ചിരുന്ന സ്ഥലങ്ങളിൽ ഹിന്ദുമതാധിഷ്ഠിത നീതിന്യായ വ്യവസ്ഥയാണ് നിലനിന്നത്.

ഇന്നുകാണുന്ന തരത്തിലുള്ള നീതിന്യായ സംവിധാനം ആവിർഭവിച്ചത് ബ്രിട്ടീഷുകാരുടെ കടന്നുവരവോടെയാണ്. മുഗൾ രാജവംശത്തിന്റെ അപചയവും ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ അപ്രമാദിത്വവും ഇന്ത്യയെ ബ്രിട്ടീഷ് പൊതുനിയമത്തിന്റെ കീഴിലെത്തിച്ചു. ആദ്യം ബ്രിട്ടീഷ് രാജാവ് നേരിട്ടു നൽകിയ അധികാരത്തിന്റെ ബലത്തിൽ ഈസ്റ്റ് ഇന്ത്യ കമ്പനിയിലെ ഉദ്യോഗസ്ഥർക്കും ആശ്രിതർക്കും മാത്രമായി പരിമിതപ്പെടുത്തിയിരുന്ന നിയമം കമ്പനിയുടെ വളർച്ചയോടെ രാജ്യമൊട്ടുക്കും പ്രാബല്യത്തിലാകാൻ തുടങ്ങി. നാട്ടുരാജാക്കന്മാർക്ക് നീതിന്യായ വ്യവസ്ഥയിലുണ്ടായിരുന്ന സ്ഥാനം അതോടെ ചുരുങ്ങാൻ തുടങ്ങി. ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ബോംബെ (മുംബൈ), മദ്രാസ് (ചെന്നൈ) എന്നീ സ്ഥലങ്ങളിലെ ഗവർണ്ണർമാരുടെ കീഴിൽ അഡ്മിറൽറ്റി കോടതികളും കൽക്കട്ട ഗവർണ്ണറുടെ കീഴിൽ കളക്ടേഴ്സ് കോടതിയും നിലവിൽ വന്നു. ഈ കോടതികൾക്കു മേൽ ബ്രിട്ടനോ രാജാവിനോ നേരിട്ട് അധികാരമൊന്നുമില്ലായിരുന്നു. 1726 ൽ ജോർജ് ഒന്നാമൻ രാജാവിന്റെ ഉത്തരവുപ്രകാരം ഇന്ത്യൻ നീതിന്യായ വ്യവസ്ഥയിൽ നാഴികക്കല്ലായ 'ക്രൗൺസ് കോർട്ട്' നിലവിൽ വന്നു. എന്നാൽ തങ്ങൾക്ക് പ്രത്യേക അധികാരം നൽകണമെന്ന ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ അഭ്യർത്ഥന മാനിച്ച് അവർക്ക് പ്രത്യേക അധികാരാവകാശത്തോടുകൂടിയ കോടതികൾ സ്ഥാപിക്കാൻ രാജാവ് അധികാരം നൽകി. അതിന്റെ അടിസ്ഥാനത്തിൽ ഈസ്റ്റ് ഇന്ത്യ കമ്പനി നേരിട്ട് നിയന്ത്രിക്കുന്ന പ്രദേശങ്ങളായ മദ്രാസ്, ബോംബെ, കൽക്കട്ട എന്നിവിടങ്ങളിൽ ബ്രിട്ടീഷ് രാജാവിന്റെ കോടതികളായിരുന്ന മേയേഴ്സ് കോടതികൾ നിലവിൽ വന്നു. ക്രമേണ മേയേഴ്സ് കോടതികൾ മറ്റു കോടതികൾക്ക് മുകളിൽ സ്ഥാനം ഉറപ്പിച്ചു. ഇന്ത്യയിൽ ഏകീകൃത നീതിന്യായ വ്യവസ്ഥക്ക് തുടക്കം കുറിക്കാനായി എന്നതാണ് മേയേഴ്സ് കോടതികളുടെ പ്രാധാന്യം. ബ്രിട്ടീഷ് പൊതുനിയമമനുസരിച്ചാണ് മേയേഴ്സ് കോടതികൾ പ്രവർത്തിച്ചിരുന്നത്.

മേയേഴ്സ് കോടതി വിധിക്കെതിരെ ഗവർണ്ണറുടെയും കൗൺസിലിന്റെയും (Governor and Councils) കോടതിയിൽ അപ്പീൽ നൽകാമായിരുന്നു. ഇതിനായി ഈ കോടതി വർഷത്തിൽ നാലുപ്രാവശ്യം സമ്മേളിച്ചിരുന്നു. ആയിരം പഗോഡയ്ക്കുമേൽ മൂല്യമുള്ള കേസുകൾക്ക് ഇംഗ്ലണ്ടിലെ രാജസഭയിന്മേൽ അപ്പീൽ അവസരം ലഭിച്ചിരുന്നു. പ്രദേശവാസികളുടെ വികാരവും വിശ്വാസവും കണക്കിലെടുക്കാത്ത വിധികളായിരുന്നു മേയേഴ്സ് കോടതിയിൽ നിന്നും പലപ്പോഴുമുണ്ടായത്. 1746 ൽ മദ്രാസിൽ ഫ്രഞ്ച് ആധിപത്യം ഉണ്ടായതോടെ മദ്രാസിലെ മേയേഴ്സ് കോടതിയുടെ പ്രവർത്തനം നിർത്തിവച്ചുവെങ്കിലും 1749 ൽ ഫ്രാൻസ് ബ്രിട്ടീഷുകാർക്ക് പ്രവിശ്യ കൈമാറുകയും 1753 ൽ ബ്രിട്ടീഷ് രാജാവ് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം മേയേഴ്സ് കോടതി പുനസംഘടിപ്പിക്കുയും ചെയ്തു. എന്നാൽ മേയേഴ്സ് കോടതികൾ കൂടുതലും ബ്രിട്ടീഷ് പൗരന്മാരുടെയും വിദേശികളുടെയും കേസുകളാണ് പരിഗണിച്ചിരുന്നത്.

1757 ലെ പ്ലാസി യുദ്ധത്തെ തുടർന്ന് ഈസ്റ്റ് ഇന്ത്യ കമ്പനി കൂടുതൽ അധികാരങ്ങൾ കൈയടക്കാൻ തുടങ്ങി. ഇതോടെ കമ്പനിയെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ബ്രിട്ടൻ സ്വീകരിച്ചു തുടങ്ങി. ഇതിന്റെ ഭാഗമായാണ് 1773 ലെ റഗുലേറ്റിംഗ് ആക്ട് നിലവിൽ വന്നത്. ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ വളർന്നുവന്ന അപ്രമാദിത്വം ഇല്ലാതാക്കാനും ഇന്ത്യയെ നേരിട്ട് ബ്രിട്ടീഷ് രാജാധികാരത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുമുള്ള ശ്രമമായിരുന്നു റഗുലേറ്റിംഗ് ആക്ട്. ഇന്ത്യയിൽ സ്വതന്ത്രവും വ്യത്യസ്തവുമായ ഒരു നിയമ വ്യവസ്ഥ കൊണ്ടുവരുന്നതിനുള്ള ആദ്യ ശ്രമമായി ഇതിനെ കണക്കാക്കാം. റഗുലേറ്റിംഗ് ആക്ടിന്റെ ഫലമായി കമ്പനിയുടെ തലപ്പത്ത് ഒരു ഗവർണ്ണർ ജനറലും നാല് കൗൺസിലർമാരും വന്നു. രാജാധികാരത്തിനു കീഴിൽ ഇന്ത്യൻ നീതിന്യായ വ്യവസ്ഥ കൊണ്ടുവരാൻ റഗുലേറ്റിംഗ് ആക്ടിലൂടെയുള്ള ശ്രമങ്ങളെത്തുടർന്ന് 1774 മാർച്ച് 26 ന് കൊൽക്കത്തയിൽ ചീഫ് ജസ്റ്റിസും മൂന്ന് ജൂനിയർ ജഡ്ജിമാരുമടങ്ങുന്ന സുപ്രീംകോടതി സ്ഥാപിതമായി. എന്നാൽ പലപ്പോഴും ഈസ്റ്റ് ഇന്ത്യാ കമ്പനിയും സുപ്രീംകോടതിയും തമ്മിൽ അധികാരപരിധി സംബന്ധിച്ച് തർക്കങ്ങളുണ്ടായി. എന്നാൽ പതിയെ കൊൽക്കത്തയിൽ ഈസ്റ്റ് ഇന്ത്യ കമ്പനി കൈയ്യാളിയിരുന്ന അധികാരങ്ങൾ സുപ്രീംകോടതിയ്ക്കു മുന്നിൽ ഇല്ലാതായി. 1797 ൽ ബ്രിട്ടീഷ് പാർലമെന്റിൽ കൊണ്ടുവന്ന ഒരു നിയമം വഴി ബോംബെയിലെയും മദ്രാസിലെയും മേയേഴ്സ് കോടതികൾ നിർത്തലാക്കുകയും പകരം റെക്കോഡേഴ്സ് കോടതികൾ സ്ഥാപിക്കുകയും ചെയ്തു. 1800 ൽ മദ്രാസിലെയും 1823 ൽ ബോംബെയിലെയും റെക്കോർഡേഴ്സ് കോടതിയുടെ സ്ഥാനം സുപ്രീം കോടതികൾക്കായി.

1857 ലെ ഒന്നാം സ്വാതന്ത്ര്യസമരത്തെ തുടർന്ന് ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിന്റെ അടിസ്ഥാനത്തിൽ ഈസ്റ്റ് ഇന്ത്യ കമ്പനിയിൽ നിന്നും ഇന്ത്യൻ പ്രവിശ്യാഭരണം ബ്രിട്ടന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലാക്കി. 1861 ൽ ബ്രിട്ടീഷ് പാർലമെന്റ് ഇന്ത്യൻ ഹൈകോർട്ട്സ് നിയമവും ഇന്ത്യൻ കൗൺസിൽസ് ആക്ടും പാസാക്കി. ഇതിനെത്തുടർന്ന് നേരത്തേ സ്ഥാപിച്ച മൂന്ന് സുപ്രീംകോടതികളും ഇല്ലാതാകുകയും പകരം ഹൈക്കോടതികൾ നിലവിൽ വരികയും ചെയ്തു. 1935 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് പ്രകാരം ഫെഡറൽ കോടതികൾ നിലവിൽ വരുന്നതുവരെ ഈ ഹൈക്കോടതികളായിരുന്നു ഇന്ത്യയിലെ ഏറ്റവും ഉയർന്ന കോടതികൾ. 1935 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് അനുസരിച്ച് ഇന്ത്യൻ ഗവൺമെന്റ് ഫെഡറൽ സംവിധാനത്തിലേക്ക് മാറി. ഇതിനെത്തുടർന്ന് പ്രവിശ്യകൾക്ക് മേൽ അധികാരമുള്ള ഒരു കോടതി അനിവാര്യമായി വരികയും 1937 ഒക്ടോബർ 1 ന് ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിന്റെ സെക്ഷൻ 200 പ്രകാരം ന്യൂഡൽഹിയിൽ ഫെഡറൽ കോടതി സ്ഥാപിതമാകുകയും ചെയ്തു. ഇതിന് അപ്പീലുകൾ തീർപ്പുകൽപ്പിക്കുന്നതിനും വിവിധ പ്രവിശ്യകൾ തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിനും അവശ്യഘട്ടങ്ങളിൽ സർക്കാരിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും അധികാരമുണ്ടായിരുന്നു. ഇന്ത്യൻ സുപ്രീംകോടതിയുടെ ആദ്യരൂപമായ ഫെഡറൽ കോടതി അപ്പീലുകളുടെ മേൽ സ്വീകരിക്കുന്ന നടപടികൾക്ക് ഇംഗ്ലണ്ടിലെ പ്രിവികൗൺസിലിന്റെ അംഗീകാരം കൂടി ആവശ്യമായിരുന്നു.



**1950 ജനുവരി 28 ന് പാർലമെന്റിലെ പ്രിൻസസ് ചേംബറിൽ നടന്ന സുപ്രീംകോടതിയുടെ ഉദ്ഘാടന ചടങ്ങിൽ നിന്ന്**

**ഇന്നുകാണുന്ന തരത്തിലുള്ള നീതിന്യായ സംവിധാനം ആവിർഭവിച്ചത് ബ്രിട്ടീഷുകാരുടെ കടന്നുവരവോടെയാണ്. മുഗൾ രാജവംശത്തിന്റെ അപചയവും ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ അപ്രമാദിത്വവും ഇന്ത്യയെ ബ്രിട്ടീഷ് പൊതുനിയമത്തിന്റെ കീഴിലെത്തിച്ചു. ആദ്യം ബ്രിട്ടീഷ് രാജാവ് നേരിട്ട് നൽകിയ അധികാരത്തിന്റെ ബലത്തിൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയിലെ ഉദ്യോഗസ്ഥർക്കും ആശ്രിതർക്കും മാത്രമായി പരിമിതപ്പെടുത്തിയിരുന്ന നിയമം കമ്പനിയുടെ വളർച്ചയോടെ രാജ്യമൊട്ടുക്കും പ്രാബല്യത്തിലാകാൻ തുടങ്ങി.**


ജസ്റ്റിസ് എച്ച്.ജെ.കനിയ


ജസ്റ്റിസ് കെ.ജി.ബാലകൃഷ്ണൻ


ജസ്റ്റിസ് ഫാത്തിമാ ബീവി

സ്വാതന്ത്ര്യാനന്തരം 1950 ജനുവരി 26 ന് ഇന്ത്യ ഭരണഘടനാനുസൃതമായ ഒരു പരമാധികാര റിപ്പബ്ലിക്കായി. ഇതോടെ ഫെഡറൽ കോടതിയുടെ സ്ഥാനം സുപ്രീംകോടതിക്കായി. 1950 ജനുവരി 28 ന് പാർലമെന്റിലെ പ്രിൻസസ് ചേംബറിൽ, സ്വാതന്ത്ര്യപൂർവ്വ ഫെഡറൽ കോടതി സമ്മേളിച്ച സ്ഥലത്ത്, സുപ്രീം കോടതിയുടെ ഔപചാരിക ഉദ്ഘാടനം നടന്നു. ഫെഡറൽ കോടതി ചീഫ് ജസ്റ്റിസായിരുന്ന ജസ്റ്റിസ് എച്ച്.ജെ.കനിയ സുപ്രീംകോടതിയിലെ ആദ്യ ചീഫ് ജസ്റ്റിസായി. 1958 ലാണ് ഇന്നു കാണുന്ന കെട്ടിടത്തിലേക്ക് സുപ്രീംകോടതി മാറുന്നത്. 1979 ൽ പ്രധാന കെട്ടിടത്തോടൊപ്പം കിഴക്കും പടിഞ്ഞാറും വശത്തായി കൂടുതൽ സൗകര്യങ്ങൾ കൂട്ടിച്ചേർത്തു.

ഇന്ത്യൻ ഭരണഘടന അനുസരിച്ച് ചീഫ് ജസ്റ്റിസും ഏഴ് ജഡ്ജിമാരുമടങ്ങിയതാണ് സുപ്രീംകോടതിയുടെ ഘടന. എന്നാൽ സാഹചര്യമനുസരിച്ച് ജഡ്ജിമാരുടെ എണ്ണം കൂട്ടാൻ പാർലമെന്റിനെ ഭരണഘടന ചുമതലപ്പെടുത്തിയിരുന്നു. നിലവിൽ ചീഫ് ജസ്റ്റിസിനെ കൂടാതെ മുപ്പത്തിരണ്ട് ജഡ്ജിമാരാണ് സുപ്രീംകോടതിയിൽ സേവനമനുഷ്ഠിക്കുന്നത്. അറുപത്തഞ്ച് വയസാണ് ജഡ്ജിമാരുടെ വിരമിക്കൽ പ്രായം. ഏതെങ്കിലും ഒരു ഹൈക്കോടതിയിലോ അല്ലെങ്കിൽ ഒന്നിലധികം ഹൈക്കോടതികളിൽ തുടർച്ചയായോ അഞ്ചു വർഷം ജഡ്ജിയായി സേവനമനുഷ്ഠിച്ചിട്ടുള്ളതോ ഒരു ഹൈക്കോടതിയിലോ അല്ലെങ്കിൽ ഒന്നിലധികം ഹൈക്കോടതികളിലോ തുടർച്ചയായി പത്തുവർഷം അഭിഭാഷകൻ/അഭിഭാഷകയായി സേവനമനുഷ്ഠിച്ചിട്ടുള്ളതോ ആയ ഇന്ത്യൻ പൗരനായ ഒരാൾ, അയാൾ ഒരു മികച്ച ന്യായാധിപനാണെന്ന് രാഷ്ട്രപതിക്ക് ബോധ്യപ്പെടുന്ന പക്ഷം അദ്ദേഹത്തെ സുപ്രീംകോടതി ജഡ്ജിയായി രാഷ്ട്രപതിക്ക് നിയമിക്കാവുന്നതാണ്.

സാധാരണഗതിയിൽ ജഡ്ജിമാരിൽ ഏറ്റവും സീനിയറാകും ചീഫ് ജസ്റ്റിസായി നിയമിതനാകുക. നിലവിലെ ചീഫ് ജസ്റ്റിസും നാല് സീനിയർ ജഡ്ജിമാരുമടങ്ങുന്ന ഒരു കൊളീജിയമാണ് അടുത്ത ചീഫ് ജസ്റ്റിസിന്റെ പേര് നിർദ്ദേശിക്കുക. ഈ നിർദ്ദേശം സർക്കാർ രാഷ്ട്രപതിക്ക് സമർപ്പിക്കുകയും രാഷ്ട്രപതി ചീഫ് ജസ്റ്റിസിനെ നിയമിക്കുകയും ചെയ്യുന്നു. എന്നാൽ കൊളീജിയത്തിന്റെ നിർദ്ദേശം മറികടന്ന് ജൂനിയർ ജഡ്ജിയെ ചീഫ് ജസ്റ്റിസായി നിയമിച്ച അവസരങ്ങളുമുണ്ട്. ജഡ്ജിയെ തൽസ്ഥാനത്ത് നിന്നു നീക്കം ചെയ്യണമെങ്കിൽ പാർലമെന്റിന്റെ ഇംപീച്ച്മെന്റ് നടപടിയിലൂടെ മാത്രമേ സാധിക്കൂ. ഇതിന് രാഷ്ട്രപതി അംഗീകാരം നൽകണം. ഭരണഘടനയുടെ അനുച്ഛേദം 245 പ്രകാരം രൂപീകരിച്ച 1966 ലെ സുപ്രീംകോടതി റൂൾസ് പ്രകാരമാണ് സുപ്രീംകോടതിയിലെ നടപടികൾ നിയന്ത്രിക്കപ്പെടുന്നത്. സുപ്രീംകോടതിയുടെ നടപടിക്രമങ്ങൾ ഇംഗ്ലീഷിൽ മാത്രമേ നടത്താറുള്ളൂ.

ഇതുവരെയുള്ള നാൽപ്പത്തിയെട്ട് ചീഫ് ജസ്റ്റിസുമാരിൽ മലയാളിയായി ഒരേ ഓരാൾ മാത്രമേ നിയമിതനായിട്ടുള്ളൂ. 2007 ജനുവരി 14 മുതൽ 2010 മേയ് 11 വരെ ആ സ്ഥാനമലങ്കരിച്ച ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണനാണ് ആ മലയാളി. സുപ്രീം കോടതിയിൽ നിയമിതയായ മലയാളിയായ ആദ്യ വനിതാജഡ്ജി ജസ്റ്റിസ് ഫാത്തിമാ ബീവിയാണ്.

*തയ്യാറാക്കിയത് :*
*മഞ്ജു യു.*
*അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ*

## കുസാറ്റ് സെനറ്റിലേക്ക് നാല് സാമാജികരെ തെരഞ്ഞെടുത്തു

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സെനറ്റിലേക്ക് 15-ാം കേരള നിയമസഭയിലെ സാമാജികരായ ടി.ഐ. മധുസൂദനൻ, പ്രമോദ് നാരായൺ, റോജി.എം.ജോൺ, പി.പി.സുമോദ് എന്നിവരെ തെരഞ്ഞെടുത്തു.


ടി.ഐ.മധുസൂദനൻ


പ്രമോദ് നാരായൺ


റോജി.എം.ജോൺ


പി.പി.സുമോദ്

## സഭാ ടി.വി.യുടെ 'സെൻട്രൽ ഹാൾ' സെഗ്മെന്റിന് സംസ്ഥാന ടെലിവിഷൻ അവാർഡ് ജൂറിയുടെ പ്രത്യേക പരാമർശം

കേരളത്തിന്റെ സാമൂഹ്യ, രാഷ്ട്രീയ നിയമനിർമ്മാണ ചരിത്രത്തിന്റെ നാൾവഴികളിലേയ്ക്ക്, ആധികാരികതയോടെയും സമുന്നത വ്യക്തികളുടെ സംഭാഷണങ്ങളോടെയും പ്രേക്ഷകരെ നയിക്കുന്ന സഭാ ടി.വി.യുടെ 'സെൻട്രൽ ഹാൾ' എന്ന പരിപാടി സംവിധാനം ചെയ്ത സീനിയർ ഡയറക്ടർ/കൺസൾട്ടന്റ് പ്രിയ രവീന്ദ്രൻ, ദീപ വി.എം. എന്നിവർക്ക് കാലിക പ്രാധാന്യമുള്ള ചരിത്ര പരിപാടിയുടെ സംവിധാനത്തിന് 2020 ലെ സംസ്ഥാന ടെലിവിഷൻ അവാർഡിൽ ജൂറിയുടെ പ്രത്യേക പരാമർശം ലഭിച്ചു.


പ്രിയ രവീന്ദ്രൻ


ദീപ വി.എം.

## ചിത്രജാലകം


ഗാന്ധി ജയന്തിയോടനുബന്ധിച്ച് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിയമസഭാ സമുച്ചയത്തിലെ ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചന നടത്തുന്നു


കേരള സംസ്ഥാന രൂപീകരണത്തെ തുടർന്ന് ആദ്യ ഗവർണറുടെ സത്യപ്രതിജ്ഞ/ പോലീസ് പരേഡിൽ ഗവർണർ സല്യൂട്ട് സ്വീകരിക്കുന്നു

# ജനാധിപത്യത്തിന്റെ കാവലാളായി നിയമസഭാ സമിതികൾ



റ്റി.മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

ലേഖനം തുടർച്ച...

## പ്രത്യേക കാര്യത്തിനുള്ള സമിതികൾ അഥവാ അഡ്ഹോക്ക് കമ്മിറ്റികൾ

നിയമസഭാ സമിതികളെ പൊതുവിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ എന്നും അഡ്ഹോക്ക് കമ്മിറ്റികൾ എന്നും രണ്ടായി തരം തിരിക്കാവുന്നതാണ്. സഭയുമായി ബന്ധപ്പെട്ട് സ്ഥിരമായി പ്രവർത്തിച്ചുവരുന്നവയാണ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ. എന്നാൽ ഒരു പ്രത്യേക കാര്യത്തിനുവേണ്ടി മാത്രം രൂപീകരിക്കുന്നവയാണ് അഡ്ഹോക്ക് കമ്മിറ്റികൾ. ഏത് ആവശ്യത്തിനുവേണ്ടിയാണോ ആ സമിതി രൂപീകരിക്കപ്പെട്ടത് പ്രസ്തുത ആവശ്യം നിർവ്വഹിക്കപ്പെട്ടുകഴിഞ്ഞാൽ ആ സമിതിയുടെ പ്രവർത്തനം അപ്പോൾത്തന്നെ അവസാനിക്കുന്നതാണ്. സബ്ജക്ട് കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശം സമർപ്പിക്കുന്നതിലേക്കായി, ഭക്ഷ്യവും വിനോദസഞ്ചാരവും നിയമവും വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ നായർ അദ്ധ്യക്ഷനായി പത്താം കേരള നിയമസഭയിൽ രൂപീകരിക്കപ്പെട്ട സമിതി, നിയമസഭാ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിലേക്കായി പന്ത്രണ്ടാം കേരള നിയമസഭയിൽ നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനകാര്യവും തുറമുഖവും വകുപ്പുമന്ത്രി എം. വിജയകുമാർ അദ്ധ്യക്ഷനായി രൂപീകരിക്കപ്പെട്ട സമിതി, മുഖ്യമന്ത്രിയായിരുന്ന വി.എസ്. അച്ചുതാനന്ദന്റെ മകനെതിരെ ഉയർന്നുവന്ന ആക്ഷേപങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി പന്ത്രണ്ടാം കേരള നിയമസഭയിൽ എസ്. ശർമ്മ അദ്ധ്യക്ഷനായി രൂപീകരിക്കപ്പെട്ട സമിതി എന്നിവ അടുത്തകാലത്ത് കേരള നിയമസഭയിൽ രൂപീകരിക്കപ്പെട്ട അഡ്ഹോക്ക് കമ്മിറ്റികളുടെ ഗണത്തിൽപ്പെടുന്നവയാണ്.

2002 ജൂൺ 21 ാം തീയതി ഇന്ത്യയിൽ പ്രാബല്യത്തിൽവന്ന കേന്ദ്ര നിയമമായ 2002 ലെ സർഫാസി നിയമം (SARFAESI Act, 2002) നിഷ്ക്രിയ ആസ്തിയായ കടങ്ങൾ തിരിച്ചുപിടിക്കുന്നതിന് ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും വളരെ എളുപ്പത്തിൽ ഉപയോഗിക്കുന്നതും കോടതി വഴി ജപ്തി നടപടികൾക്ക് വരുന്ന കാലതാമസം ഒഴിവാക്കി ബാങ്കുകൾക്ക് ജപ്തി നടപടികളിലേക്ക് കടക്കാൻ അധികാരം നൽകുന്നതുമായ ഒരു നിയമമാണ്. ഈ നിയമം സംസ്ഥാനത്ത് നടപ്പാക്കിയതുമൂലം ഉളവായിട്ടുള്ള അവസ്ഥാവിശേഷങ്ങളെയും പരിഹാരമാർഗ്ഗങ്ങളെയും കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പതിനാലാം കേരള നിയമസഭയിൽ എസ്. ശർമ്മ എം.എൽ.എ. അദ്ധ്യക്ഷനായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയാണ് കേരള നിയമസഭയിൽ ഏറ്റവും ഒടുവിലായി രൂപീകരിക്കപ്പെട്ട അഡ്ഹോക്ക് കമ്മിറ്റി. 2018 ഡിസംബർ 13 ാം തീയതി രൂപീകരിക്കപ്പെട്ട ഈ സമിതി 2019 നവംബർ 21ാം തീയതി അതിന്റെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയുണ്ടായി.

അഡ്ഹോക്ക് കമ്മിറ്റി എന്ന വിഭാഗത്തിൽപ്പെടുന്ന മറ്റൊരുതരം സമിതികളാണ് സെലക്ട് കമ്മിറ്റികൾ. സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളുടെ വിശദമായ പരിശോധന നടത്തുക എന്നതാണ് സെലക്ട് കമ്മിറ്റികളുടെ കർത്തവ്യം. കേരള നിയമസഭയിൽ 1980 ൽ സബ്ജക്ട് കമ്മിറ്റികൾ രൂപീകൃതമാകുന്നതിനു മുമ്പുവരെയുള്ള കാലഘട്ടത്തിൽ അവതരിപ്പിച്ച ഒട്ടുമിക്ക ബില്ലുകളും അവ അന്തിമമായി പാസ്സാക്കുന്നതിനുമുമ്പായി പ്രത്യേകം രൂപീകരിക്കുന്ന സെലക്ട് കമ്മിറ്റികളുടെ പരിശോധനയ്ക്കായി അയച്ചുവന്നിരുന്നു. സബ്ജക്ട് കമ്മിറ്റികൾ നിലവിൽ വന്നുകഴിഞ്ഞതിനുശേഷം സുപ്രധാന നിയമനിർമ്മാണത്തിനായുള്ള ബില്ലുകൾ സെലക്ട് കമ്മിറ്റികൾ രൂപീകരിച്ച് വിശദമായ പരിശോധനയും തെളിവെടുപ്പും നടത്തി റിപ്പോർട്ട് സമർപ്പിക്കുന്ന രീതി തുടർന്നുവരുന്നു. അപ്രകാരം 1980 നു ശേഷം നാളിതുവരെ കേരള നിയമസഭയിൽ വ്യത്യസ്തങ്ങളായ ബില്ലുകളുടെ പരിശോധനയ്ക്കായി ആകെ 32 സെലക്ട് കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിരുന്നു. സെലക്ട് കമ്മിറ്റികളുടെ പ്രവർത്തനരീതി എപ്രകാരമാണെന്നതുസംബന്ധിച്ച് വിശദമായി പരിശോധിക്കാം.

## സെലക്ട് കമ്മിറ്റികൾ

നിയമസഭയിൽ അവതരിപ്പിക്കുന്ന ഒരു ബില്ലിലെ വ്യവസ്ഥകളെപ്പറ്റി കൂടുതൽ വ്യാപകമായ തോതിലുള്ള പഠനം ആവശ്യമാണെന്ന് ബില്ലിന്റെ ചുമതലയുള്ള മന്ത്രിക്ക് തോന്നുന്നപക്ഷം ആ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനക്കയക്കുകയാണ് പതിവ്. ഒരു ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുമ്പോഴോ പ്രമേയം പാസ്സാക്കുന്നതിനുമുമ്പോ കമ്മിറ്റിയിൽ സേവനമനുഷ്ഠിക്കേണ്ട അംഗങ്ങളുടെ പേരുവിവരം സഭയിൽ പ്രഖ്യാപിക്കേണ്ടതുണ്ട്. പ്രസ്തുത അംഗങ്ങളുൾക്കൊള്ളുന്ന സെലക്ട് കമ്മിറ്റിയെ നിയോഗിക്കുന്നത് സഭയാണ്. കമ്മിറ്റിയിൽ ഉൾക്കൊള്ളിക്കുന്ന അംഗങ്ങൾക്ക് കമ്മിറ്റിയിൽ സേവനമനുഷ്ഠിക്കുവാനുള്ള സമ്മതം നേടേണ്ടത് ബില്ലിന്റെ ചുമതലയുള്ള മന്ത്രിയാണ്. സാധാരണയായി നിയമസഭയിലെ കക്ഷിനേതാക്കന്മാരുമായി ആലോചിച്ചാണ് അംഗങ്ങളെ സമിതിയിൽ നിയോഗിക്കുന്നത്. ഒരു സെലക്ട് കമ്മിറ്റി രൂപീകരിച്ച ശേഷം അതിലെ അംഗസംഖ്യ വർദ്ധിപ്പിക്കുവാൻ സഭയ്ക്കു മാത്രമേ അധികാരമുള്ളൂ. അതുകൊണ്ട് സഭ പാസ്സാക്കുന്ന ഒരു പ്രമേയം മുഖേന മാത്രമേ സെലക്ട് കമ്മിറ്റിയിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

നമ്മുടെ സഭയിലെ കീഴ്വഴക്കമനുസരിച്ച് ബില്ലിന്റെ ചുമതലയുള്ള മന്ത്രി സമിതിയിലെ അംഗമായിരിക്കും. അദ്ദേഹത്തെയാണ് സമിതിയുടെ അദ്ധ്യക്ഷനായി സ്പീക്കർ നിയോഗിക്കുന്നത്. എന്തെങ്കിലും കാരണവശാൽ ഒരു സെലക്ട് കമ്മിറ്റി ചെയർമാനായിരുന്ന മന്ത്രിക്ക് സ്ഥാനം നഷ്ടപ്പെടാനിടയാവുകയോ, മരണപ്പെടുകയോ ചെയ്യുന്നപക്ഷം തൽസ്ഥാനത്ത് മന്ത്രിയാകുന്ന അംഗത്തെ സ്പീക്കർ, സെലക്ട് കമ്മിറ്റി ചെയർമാനായി നിയോഗിക്കുക പതിവാണ്. അദ്ദേഹത്തെ കമ്മിറ്റിയംഗമാക്കിക്കൊണ്ട് സഭ പ്രമേയം പാസ്സാക്കുന്ന കീഴ്വഴക്കമില്ല. ഒരു സെലക്ട് കമ്മിറ്റിയിൽ ഇത്ര അംഗങ്ങൾ ഉണ്ടായിരിക്കണമെന്ന് നിയതമായ കണക്കില്ല. ഇതുവരെ ഒരു സെലക്ട് കമ്മിറ്റിയിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ഏറ്റവും ചുരുങ്ങിയ അംഗങ്ങളുടെ എണ്ണം പത്തും ഏറ്റവും കൂടിയ അംഗങ്ങളുടെ എണ്ണം നാൽപത്തിയൊന്നുമാണ്.

## കർത്തവ്യങ്ങൾ

സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുവരുന്ന ബില്ലിന്റെ വകുപ്പു തിരിച്ചുള്ള പരിഗണന നടത്തി അതേപ്പറ്റി റിപ്പോർട്ട് നൽകുക എന്നതാണ് ഒരു സെലക്ട് കമ്മിറ്റിയുടെ കർത്തവ്യം. ഇതിനായി വിദഗ്ദ്ധന്മാരിൽനിന്നും താൽപര്യമുള്ള മറ്റുള്ളവരിൽനിന്നും ബില്ലിലെ വ്യവസ്ഥകളെ സംബന്ധിക്കുന്ന അഭിപ്രായങ്ങളും മെമ്മോറാണ്ടങ്ങളും സ്വീകരിക്കാവുന്നതും തെളിവെടുക്കാവുന്നതും ഗവണ്മെന്റ് ഉദ്യോഗസ്ഥരെ വരുത്തി ഓരോ വകുപ്പിനെയും പറ്റി അഭിപ്രായം ആരായാവുന്നതുമാണ്. സാധാരണയായി ബന്ധപ്പെട്ട വകുപ്പിലെ ഓഫീസർമാരും നിയമ വകുപ്പുദ്യോഗസ്ഥരും സമിതിയുടെ എല്ലാ യോഗത്തിലും ഹാജരായി സമിതിയെ സഹായിക്കുന്നതാണ്.

നിയമനിർമ്മാണ കാര്യങ്ങളിൽ പൊതുജനങ്ങൾക്ക് പങ്കാളിത്തം നൽകുകയെന്നത് ഒരു ആധുനിക ആശയമാണ്. അതിനുവേണ്ടി രേഖാമൂലമായും വാങ്മൂലമായും സമിതി തെളിവ് ശേഖരിക്കാറുണ്ട്. അതനുസരിച്ച് തെളിവെടുക്കുന്ന കേന്ദ്രങ്ങളെപ്പറ്റിയും തെളിവെടുപ്പ് തീയതിയേയും സമയത്തേയും പറ്റിയും വ്യാപകമായ പ്രചരണം നൽകുന്നു. അതിനുശേഷം നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ സമിതി യോഗം ചേർന്ന് സാക്ഷിവിസ്താരം നടത്തിയും നിവേദനങ്ങൾ സ്വീകരിച്ചും തെളിവെടുപ്പ് നടത്തുന്ന സമിതിക്ക് കിട്ടുന്ന മെമ്മോറാണ്ടങ്ങളും നിവേദനങ്ങളും വാങ്മൂലമുള്ള തെളിവുകളും സമിതിയുടെ റിക്കാർഡുകളുടെ ഭാഗമാണ്. അത് രഹസ്യമായി സൂക്ഷിക്കുന്നു. സ്പീക്കറുടെ ഉത്തരവ് കൂടാതെ അതിൽനിന്നും ഉദ്ധരിക്കുന്നത് തടയപ്പെട്ടിരിക്കുന്നു.

ബില്ലിന്മേലുള്ള പൊതു ചർച്ച നടത്തി സെലക്ട് കമ്മിറ്റിക്ക് ബിൽ വിടണമെന്ന പ്രമേയം പാസ്സാക്കുന്നതിന്റെയർത്ഥം സഭ ബില്ലിന്റെ തത്വങ്ങൾ അംഗീകരിച്ചുവെന്നതാണ്. അതുകൊണ്ട് ബില്ലിന്റെ തത്വത്തെ നിഹനിക്കുന്നതോ നശിപ്പിക്കുന്നതോ ആയ ഭേദഗതികൾ വരുത്തുവാൻ സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതല്ല. സമിതി വരുത്തുന്ന ഭേദഗതികൾ ബില്ലിന്റെ ലക്ഷ്യത്തിന് വിധേയമായിരിക്കണം. ഭേദഗതികൾക്ക് ബില്ലിന്റെ വിഷയവുമായി പ്രസക്തിയുണ്ടായിരിക്കണം. ഈ തത്വങ്ങൾക്ക് വിധേയമായി ബില്ലിൽ ഭേദഗതി വരുത്തുന്നതിന് സമിതിക്ക് വ്യാപകമായ അധികാരമുണ്ട്. ഈ കാര്യങ്ങൾക്ക് ഭംഗം വരാതെ ബിൽ പുതുക്കിയെഴുതുകപോലും ചെയ്യാവുന്നതാണ്. പുതിയ വ്യവസ്ഥകൾ എഴുതി ചേർക്കുന്നതിനും സമിതിക്ക് അധികാരം ഉണ്ടായിരിക്കും. നികുതി ബാദ്ധ്യതയിൽ വ്യത്യാസം വരുത്തുവാൻ സമിതിക്ക് അധികാരമുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഗവർണ്ണറുടെ ശിപാർശ ആവശ്യമായിവരുന്നപക്ഷം അത് തേടേണ്ടതുണ്ട്. ഒരു ബില്ലിന്റെ തത്വവുമായി യോജിക്കുന്നില്ല എന്ന് സെലക്ട് കമ്മിറ്റിക്ക് പറയുവാൻ അധികാരമില്ല. എന്നാൽ അനുയോജ്യമായ സംഗതികളിൽ ബിൽ പിൻവലിക്കണമന്ന് സമിതിക്ക് പറയാവുന്നതാണ്. സമിതി അംഗീകരിക്കുന്ന ഭേദഗതികൾ നിയമസഭാ സെക്രട്ടേറിയറ്റ് ബില്ലിൽ വരുത്തുന്നു. അപ്രകാരമുണ്ടാക്കിയ കരടുപ്രതി സമിതിയുടെ അദ്ധ്യക്ഷൻ അംഗീകരിക്കുന്നു.

## സമിതി റിപ്പോർട്ട്

ബില്ല് പരിഗണിച്ചശേഷം അതിന്മേലുള്ള റിപ്പോർട്ട് തയ്യാറാക്കുന്നു. ബില്ല് പ്രസിദ്ധീകരിച്ചതും അവതരിപ്പിച്ചതും സമിതിക്കയച്ചതുമായ തീയതികളും സമിതി തെളിവെടുത്തതും ബിൽ പരിഗണിച്ചതുമായ തീയതി, സമിതി പഠനപര്യടനം നടത്തിയിട്ടുള്ളപക്ഷം അതിന്റെ വിവരം എന്നിവ റിപ്പോർട്ടിന്റെ ആദ്യഭാഗത്ത് ചേർക്കുന്നു. റിപ്പോർട്ടിന്റെ പ്രധാന ഭാഗത്ത് സമിതി ബില്ലിൽ വരുത്തിയ മാറ്റത്തെയും അതിനുള്ള കാരണത്തെയും പറ്റി പ്രതിപാദിക്കുന്നു. സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട മറ്റെന്തെങ്കിലും കാര്യമുണ്ടെങ്കിൽ അതേപ്പറ്റിയും റിപ്പോർട്ടിൽ പരാമർശിക്കാറുണ്ട്. ആവശ്യമായി വരുന്നപക്ഷം ബില്ലിൽ വരുത്തിയ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സർക്കുലേറ്റ് ചെയ്യണമെന്നോ നേരത്തെ ബിൽ സർക്കുലേറ്റ് ചെയ്തിട്ടുള്ള പക്ഷം അത് വീണ്ടും സർക്കുലേറ്റ് ചെയ്യണമെന്നോ സമിതിക്ക് ശിപാർശ ചെയ്യാവുന്നതാണ്. സെലക്ട് കമ്മിറ്റി റിപ്പോർട്ടും തിരുത്തൽ വരുത്തിയ പ്രകാരമുള്ള ബില്ലും സമിതി പരിഗണിക്കുന്നു. സമിതി വരുത്തിയ ഭേദഗതികൾ ബില്ലിൽ ചേർത്തിട്ടുണ്ടെന്ന് സമിതി ഉറപ്പുവരുത്തുന്നു. അതിനുശേഷം സമിതി റിപ്പോർട്ട് അംഗീകരിക്കുന്നതാണ്.

## ഭിന്നാഭിപ്രായക്കുറിപ്പ്

ഗവണ്മെന്റിന്റെ നയമാണ് ബില്ലിൽ പ്രതിഫലിക്കുക. അതുകൊണ്ട് ബില്ലിലെ നിർദ്ദേശങ്ങളുമായി യോജിപ്പില്ലാത്ത ഏത് സമിതിയംഗത്തിനും ഭിന്നാഭിപ്രായക്കുറിപ്പ് അത് കൊടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള സമയത്തിനുമുമ്പായി കൊടുക്കാവുന്നതാണ്. അംഗങ്ങൾക്ക് കൂട്ടായും ഒറ്റയായും ഭിന്നാഭിപ്രായക്കുറിപ്പ് നൽകാവുന്നതാണ്. റിപ്പോർട്ട് സമർപ്പിച്ചശേഷം ഭിന്നാഭിപ്രായക്കുറിപ്പ് കൊടുക്കാൻ പാടില്ലാത്തതാണ്. അതിനുശേഷം കുറിപ്പിൽ മാറ്റം വരുത്തുന്നതും സാദ്ധ്യമല്ല. ഭിന്നാഭിപ്രായക്കുറിപ്പ് മാന്യവും അന്തസ്സുറ്റതുമായ ഭാഷയിലുമായിരിക്കണം. അത് കമ്മിറ്റിയുടെ ചർച്ചയെ സൂചിപ്പിക്കാൻ പാടില്ലാത്തതും കമ്മിറ്റിയെ നിന്ദിക്കുന്നതുമായിരിക്കരുത്. പാർലമെന്ററിയല്ലാത്തതോ മറ്റു വിധത്തിൽ അനുയോജ്യമല്ലാത്തതോ ആയ പദങ്ങളോ സംജ്ഞയോ ഭിന്നാഭിപ്രായക്കുറിപ്പിലുള്ളപക്ഷം അത്തരം പദങ്ങൾ നീക്കം ചെയ്യുവാൻ സ്പീക്കർക്ക് അധികാരമുണ്ട്. റിപ്പോർട്ട് വായിക്കാത്ത അംഗത്തിന് ഭിന്നാഭിപ്രായക്കുറിപ്പ് കൊടുക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

സമിതിയുടെ പരിഗണനയ്ക്ക് ബില്ലയയ്ക്കുമ്പോൾ റിപ്പോർട്ട് സമർപ്പിക്കേണ്ടതായ തീയതി നിർദ്ദേശിച്ചിട്ടുള്ളപക്ഷം ആ തീയതിക്ക് മുമ്പായി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. എന്നാൽ അപ്രകാരം തീയതി പറയാത്തപക്ഷം ബിൽ കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ച തീയതി മുതൽ മൂന്ന് മാസത്തിനകം സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ റിപ്പോർട്ട് നൽകാൻ കഴിയാത്തപക്ഷം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചുകൊണ്ടുള്ള പ്രമേയം സഭ പാസ്സാക്കേണ്ടതാണ്.

തുടരും....

ഇതര സഭാ വാർത്തകൾ



## ഗുജറാത്തിൽ ഭൂപേന്ദ്ര പട്ടേൽ മുഖ്യമന്ത്രി

ഗുജറാത്തിന്റെ പതിനേഴാമത് മുഖ്യമന്ത്രിയായി ഭൂപേന്ദ്ര പട്ടേൽ സത്യപ്രതിജ്ഞ ചെയ്തു. മുഖ്യമന്ത്രിയായിരുന്ന വിജയ് രൂപാണി രാജി വച്ചതിനെ തുടർന്നാണ് ഭൂപേന്ദ്രപട്ടേൽ തെരഞ്ഞെടുക്കപ്പെട്ടത്. അഹമ്മദാബാദിലെ ഘട്‌ലോഡിയ നിയമസഭാ മണ്ഡലത്തെയാണ് അദ്ദേഹം പ്രതിനിധീകരിക്കുന്നത്. നിയമസഭാ തെരഞ്ഞെടുപ്പിന് പതിനാല് മാസം മാത്രം ബാക്കിനിൽക്കെയാണ് പുതിയ മുഖ്യമന്ത്രിയെ തെരഞ്ഞെടുത്തത്.

## പ്രതിപക്ഷമില്ലാതെ നാഗാലാന്റ് നിയമസഭ

ജനാധിപത്യം എന്ന മഹനീയ ആശയം ജനങ്ങൾക്ക് വേണ്ടി ജനങ്ങളാലുള്ള ജനങ്ങളുടെ ഭരണം എന്നാണ് വിഭാവനം ചെയ്യുന്നത്. അത് ഭൂരിപക്ഷം നേടിയ രാഷ്ട്രീയകക്ഷികളുടെ നേതൃത്വങ്ങളിലുള്ള സർക്കാരിന്റെ ഭരണമാണ്. ശേഷിക്കുന്ന ന്യൂനപക്ഷ കക്ഷികൾ എല്ലാ ജനാധിപത്യ രാജ്യങ്ങളിലും പ്രതിപക്ഷമായി നിലകൊള്ളുന്നതാണ് പതിവ്. എന്നാൽ ഇത്തരമൊരു പ്രതിപക്ഷത്തിന്റെ അഭാവമാണ് ഇൻഡ്യയുടെ വടക്ക് കിഴക്കൻ സംസ്ഥാനമായ നാഗാലാന്റിൽ ഉളവായിരിക്കുന്നത്. നാഗാലാന്റിൽ പ്രതിപക്ഷ പാർട്ടിയായ നാഗാ പീപ്പിൾസ് ഫ്രണ്ട് (എൻ.പി.എഫ്.) സർക്കാരിന്റെ ഭാഗമായിരിക്കുന്നു. ഇതോടെ നാഗാലാന്റിൽ പ്രതിപക്ഷമില്ലാതായി. നിലവിൽ നാഗാലാന്റിൽ ഭരണം നടത്തുന്നത് നാഷണലിസ്റ്റ് ഡെമോക്രാറ്റിക് പ്രോഗ്രസീവ് പാർട്ടി (എൻ.ഡി.പി.പി.) ആണ്. പ്രധാന സഖ്യ കക്ഷിയായ ബി.ജെ.പി.യും പ്രതിപക്ഷത്തെ എൻ.പി.എഫും രണ്ട് സ്വതന്ത്ര അംഗങ്ങളും സർവകക്ഷി സർക്കാരിൽ ഭാഗമാകാൻ തീരുമാനിച്ചു. നാഗാലാന്റ് യുണൈറ്റഡ് ഗവൺമെന്റ് (എൻ.യു.ജി.) എന്നാണ് പുതിയ സർവ്വകക്ഷി സർക്കാരിന് നാമകരണം ചെയ്തിരിക്കുന്നത്.




## ചരൺജിത്ത് സിങ് ചന്നി പുതിയ പഞ്ചാബ് മുഖ്യമന്ത്രി



പഞ്ചാബിലെ പുതിയ മുഖ്യമന്ത്രിയായി ചരൺജിത്ത് സിങ് ചന്നി ചുമതലയേറ്റു. മുൻ മുഖ്യമന്ത്രി ക്യാപ്റ്റൻ അമരീന്ദർ സിങ് രാജി വച്ച ഒഴിവിലേക്കാണ് പുതിയ മുഖ്യമന്ത്രിയായി ചന്നിയുടെ നിയമനം. പഞ്ചാബിലെ സിഖ്-ദളിത് വിഭാഗത്തിൽ നിന്നുള്ള ആദ്യ മുഖ്യമന്ത്രിയാണ് അദ്ദേഹം.

അമരീന്ദർ സിങ് മന്ത്രിസഭയിൽ ടെക്നിക്കൽ എഡ്യൂക്കേഷൻ ആന്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് മന്ത്രിയായിരുന്ന ചരൺജിത്ത് സിങ് ചന്നി, ബി.ജെ.പി.-ശിരോമണി അകാലിദൾ സർക്കാർ കാലത്ത് പ്രതിപക്ഷ നേതാവായിരുന്നു. ചാം കൗർ സാഹിബ് മണ്ഡലത്തിൽ നിന്നുള്ള എം.എൽ.എ.യാണ് അദ്ദേഹം.

## സർക്കാർ ജോലികളിൽ സ്ത്രീകൾക്കുള്ള സംവരണം ഉയർത്തി തമിഴ്നാട്



തമിഴ്നാട്ടിൽ സർക്കാർ ജോലികളിൽ സ്ത്രീകൾക്കുള്ള സംവരണം 30 ശതമാനത്തിൽ നിന്ന് 40 ശതമാനമായി ഉയർത്താൻ ഗവൺമെന്റ് തീരുമാനിച്ചു. സ്ത്രീസമൂഹത്തിൽ നിർണ്ണായകമാകുന്ന ഈ തീരുമാനം ലിംഗസമത്വം കൊണ്ടു വരുന്നതിന് പ്രധാന പങ്ക് വഹിക്കുമെന്ന് ധനകാര്യ മാനവ വിഭവശേഷി മന്ത്രി പളനിവേൽ ത്യാഗരാജൻ നിയമസഭയിൽ പ്രഖ്യാപിച്ചു. ഇതിലൂടെ തമിഴ്നാട് പി.എസ്.സി.യിലും അദ്ധ്യാപക നിയമനത്തിലും സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങളാണ് ലഭിക്കുന്നത്.

# നിയമസഭാ സമുച്ചയത്തിലെ സ്മാരകശില്പങ്ങൾ

ദേശീയ നേതാക്കളുടെയും സാംസ്കാരിക സാമൂഹിക മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയിട്ടുള്ളവരുടെയും സ്മരണ നിലനിറുത്തുന്നതിനും ആദരവ് പ്രകടിപ്പിക്കുന്നതിനും അവരുടെ പ്രതിമകൾ സ്ഥാപിക്കുന്ന രീതി ആഗോള തലത്തിൽ അനുവർത്തിച്ചു വരുന്നു. സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരം നഗരത്തിൽ ചരിത്ര സ്മരണകളുയർത്തുന്ന മഹത്‌വ്യക്തികളുടെ നിരവധി പ്രതിമകൾ സ്ഥാപിച്ചിരിക്കുന്നത് വേറിട്ട കാഴ്ചയനുഭവമാണ് പ്രദാനം ചെയ്യുന്നത്. അവ നഗരഭാഗങ്ങളുടെ അടയാളപ്പെടുത്തലുകൾ കൂടിയാണ്. തിരുവനന്തപുരം നഗരത്തിലെ സഞ്ചാരത്തിലൂടെ ഒരു നാടിനേയും അതിന്റെ രാഷ്ട്രീയ സാമൂഹിക ചരിത്രത്തേയും വായിച്ചെടുക്കാം. നിയമസഭാ സമുച്ചയത്തിൽ മന്ദിരത്തിനകത്തും പുറത്തുമായി നാല് പ്രതിമകളാണ് സ്ഥാപിച്ചിട്ടുള്ളത്.

പതിനൊന്നാം കേരള നിയമസഭയുടെ ആരംഭത്തിൽ വിവിധ ബഹുജന സംഘടനകൾ ആവശ്യമുന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സമുച്ചയത്തിൽ ദേശീയ നേതാക്കളുടെ പ്രതിമ സ്ഥാപിക്കണമെന്ന് സർക്കാർ സ്പീക്കറോട് ശിപാർശ ചെയ്യുകയുണ്ടായി. പ്രതിമകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ തയ്യാറാക്കുന്നതിനായി ഒരു ഉന്നതതല സമിതി രൂപീകരിച്ചു. നിയമസഭാ മന്ദിരത്തിന്റെ പ്രൗഢിക്കും വലിപ്പത്തിനും യോജിച്ചതായിരിക്കണമെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിനു പുറത്തുനിന്നുള്ള ശില്പികളെ കൂടി പങ്കെടുപ്പിച്ചുകൊണ്ടാണ് പ്രതിമനിർമ്മാണം പൂർത്തിയാക്കിയത്.

മഹാത്മാഗാന്ധി, അംബേദ്കർ, ജവഹർലാൽ നെഹ്റു എന്നിവരുടെ പ്രതിമകളാണ് നിയമസഭാ മന്ദിരത്തിന് മുന്നിലായി സ്ഥാപിച്ചിരിക്കുന്നത്. ഇരിക്കുന്ന മാതൃകയിലുള്ള മഹാത്മാഗാന്ധിയുടെ ശില്പത്തിനും മറ്റു രണ്ട് പ്രതിമകൾക്കും 12 അടി ഉയരമാണുള്ളത്. തമിഴ്നാട് കുംഭകോണത്തുള്ള എം.പി.ഗോവിന്ദസ്വാമി ആന്റ് സൺസ് എന്ന സ്ഥാപനമാണ് 16.5 ലക്ഷം രൂപ ചെലവിൽ മഹാത്മാഗാന്ധിയുടെ പ്രതിമ നിർമ്മിച്ച് നൽകിയത്. പ്രതിമ റോഡുമാർഗ്ഗമാണ് തിരുവനന്തപുരത്ത് എത്തിച്ചത്. ജവഹർലാൽ നെഹ്റു, അംബേദ്കർ എന്നിവരുടെ പ്രതിമകൾ ചെന്നൈയിലെ നാഗപ്പാ സ്കൾപ്ചേഴ്സ് എന്ന സ്ഥാപനമാണ് നിർമ്മിച്ചത്. ചെമ്പ്, വെങ്കലം തുടങ്ങിയ ലോഹങ്ങളുടെ സങ്കരമാണ് പ്രതിമകളുടെ നിർമ്മാണത്തിന് ഉപയോഗിച്ചത്. രണ്ടു പ്രതിമകൾക്കുമായി 20 ലക്ഷം രൂപയാണ് ചെലവ്. ഒന്നര വർഷം കൊണ്ടാണ് പ്രതിമകളുടെ നിർമ്മാണം പൂർത്തിയാക്കിയത്. മൂന്നു പ്രതിമകളുടെയും അനാച്ഛാദനം 2005 സെപ്റ്റംബർ 3 ന് പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗ് നിർവ്വഹിച്ചു.

മുൻ രാഷ്ട്രപതി കെ.ആർ നാരായണന്റെ ഓർമ്മ നിലനിർത്തുന്നതിനായി നിയമസഭാ മന്ദിരത്തിനുള്ളിലെ പ്രവേശന ഹാളിലാണ് അർദ്ധകായ പ്രതിമ സ്ഥാപിച്ചിട്ടുള്ളത്. രണ്ടര അടി ഉയരത്തിലുള്ള പ്രതിമ 150 കിലോഗ്രാം വെങ്കലത്തിൽ ശില്പി കുന്നുവിള മുരളിയാണ് നിർമ്മിച്ചത്. നാലടി പൊക്കമുള്ള ഗ്രാനൈറ്റ് പീഠത്തിൽ സ്ഥാപിച്ചിരിക്കുന്ന പ്രതിമയുടെ നിർമ്മാണചെലവ് 2.7 ലക്ഷം രൂപയാണ്. പ്രതിമയുടെ അനാച്ഛാദനം 2006 മാർച്ച് 15 ന് സ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ നിർവ്വഹിച്ചു.

ദേശീയ പ്രാധാന്യമുള്ള ദിവസങ്ങളിൽ നേതാക്കളുടെ പ്രതിമകളിൽ ഹാരാർപ്പണവും പുഷ്പാർച്ചനയും നടത്തിവരുന്നു.









തെരഞ്ഞെടുപ്പ് കേസ്



എൻ.ശിവൻപിള്ള

# വോട്ടിംഗ് മെഷീൻ തോല്പിച്ചയാൾ ബാലറ്റ് പേപ്പറിലൂടെ വിജയിച്ചപ്പോൾ



എ.സി.ജോസ്

കേരളത്തിലെന്നല്ല, ഇന്ത്യയിൽ തന്നെ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പ്, 1982 ൽ എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ നിയോജകമണ്ഡലത്തിലായിരുന്നു. ഏഴാം കേരള നിയമസഭയിലേയ്ക്ക് 1982 മേയ് 19 ന് നടന്ന വോട്ടെടുപ്പിൽ നോർത്ത് പറവൂർ മണ്ഡലത്തിലെ 84 പോളിംഗ് ബൂത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ട 50 ഇടങ്ങളിൽ പരീക്ഷണാർത്ഥം ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് വോട്ടെടുപ്പ് നടത്തുന്നതിന് 1982 മേയ് 13 ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. ഭരണഘടനാ അനുച്ഛേദം 324 പ്രദാനം ചെയ്യുന്ന അധികാരം വിനിയോഗിച്ചാവയിരുന്നു തെരഞ്ഞെടുപ്പ് കമ്മീഷൻ അപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചത്. ബാക്കിയുള്ളവയിൽ കീഴ്‌വഴക്കമനുസരിച്ച് ബാലറ്റ് പേപ്പറിലൂടെ ജനഹിതം തേടുകയായിരുന്നു. ആറ് സ്ഥാനാർത്ഥികളായിരുന്നു മത്സരരംഗത്ത് ഉണ്ടായിരുന്നത്. മേയ് 20 ന് ഫലപ്രഖ്യാപനം വന്നപ്പോൾ സി.പി.ഐ.യിലെ എൻ.ശിവൻപിള്ള, കോൺഗ്രസ് സ്ഥാനാർത്ഥിയായിരുന്ന എ.സി.ജോസിനെ 123 വോട്ടുകൾക്ക് പരാജയപ്പെടുത്തി. എൻ.ശിവൻ പിള്ളയ്ക്ക് ലഭിച്ച 30450 വോട്ടുകളിൽ 11268 എണ്ണം ബാലറ്റ് പേപ്പറിലൂടെ രേഖപ്പെടുത്തിയതും 19182 എണ്ണം മെഷീൻ വഴി പോൾ ചെയ്തതുമായിരുന്നു. ബാലറ്റ് മുഖേനയുള്ള വോട്ടുനില കൂടുതൽ എ.സി. ജോസിനായിരുന്നു. 1982 ജൂൺ 24 ന് എൻ. ശിവൻപിള്ള നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു.

തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട എ.സി. ജോസ് ഹൈക്കോടതിയെ സമീപിച്ചു. ഇലക്ട്രോണിക് മെഷീൻ ഉപയോഗിച്ചുള്ള വോട്ടിംഗ് സമ്പ്രദായം 1951 ലെ ജനപ്രാതിനിധ്യ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ എൻ.ശിവൻ പിള്ളയുടെ തെരഞ്ഞെടുപ്പ് റദ്ദുചെയ്ത്, തന്നെ വിജയിയായി പ്രഖ്യാപിക്കണമെന്ന് അദ്ദേഹം പരാതിയിൽ പറഞ്ഞു. വോട്ടിംഗ് മെഷീന്റെ സൂക്ഷ്മത ഉയർത്തിക്കാട്ടിയ ഹൈക്കോടതി ജനവിധി അംഗീകരിച്ചു. വോട്ടിംഗ് മെഷീൻ ഉപയോഗിച്ചു രേഖപ്പെടുത്തിയ വോട്ടുകൾക്ക് 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ വകുപ്പ് 100 (1) (ഡി) (iii), (iv) എന്നിവയുടെ അർത്ഥത്തിൽ ഭരണഘടനാപരമായ അഥവാ നിയമപരമായ വ്യവസ്ഥകൾ പ്രകാരം സാധുതയുണ്ടെന്നും അവ തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ എണ്ണിത്തിട്ടപ്പെടുത്തിയതാണെന്നും കണ്ടെത്തിയ കോടതി കേസ് തള്ളി.

ഹൈക്കോടതിവിധിക്കെതിരായി എ.സി.ജോസ് 3839/1982 നമ്പരായി സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു. 1951ലെ ജനപ്രാതിനിധ്യ നിയമം, 1961ലെ തെരഞ്ഞെടുപ്പ് ചട്ടങ്ങൾ എന്നിവയിൽ ഒരിടത്തും ഇലക്ട്രോണിക് മെഷീൻ ഉപയോഗിച്ച് വോട്ടുചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തെരഞ്ഞെടുപ്പ് കമ്മീഷന് അപ്രകാരമുള്ള സംവിധാനം പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് സാധിക്കുകയില്ലെന്നും അക്കാരണത്താൽ തെരഞ്ഞെടുപ്പ് റദ്ദ് ചെയ്യണം എന്നുമായിരുന്നു എ.സി.ജോസ് കോടതിയോട് ആവശ്യപ്പെട്ടത്. നിയമത്തിലും ചട്ടങ്ങളിലും മെഷീൻ ഉപയോഗിച്ചുള്ള വോട്ടിംഗ് സമ്പ്രദായം ഒഴിവാക്കിയിട്ടുണ്ടെന്നും അഥവാ അപ്രകാരമുള്ള രീതി അവലംബിക്കുന്നപക്ഷം നിയമവും ചട്ടങ്ങളും വലിയൊരളവിൽ പാലിക്കപ്പെടാതെ പോകുകയാണെന്നും പരാതിയിൽ ചൂണ്ടിക്കാട്ടി. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിയമവും ചട്ടങ്ങളും വോട്ടിംഗ് മെഷീൻ സംബന്ധിച്ച വിഷയത്തിൽ നിശബ്ദമായിരിക്കുന്നിടത്ത് ഭരണഘടന അനുച്ഛേദം 324 പ്രകാരം തെരഞ്ഞെടുപ്പ് കമ്മീഷൻ ഇക്കാര്യത്തിൽ പൂർണ്ണ അധികാരം വിനിയോഗിക്കുവാൻ പാടില്ലായെന്നും പരാതിയിൽ പറഞ്ഞു. 'ബാലറ്റ്' എന്ന പദം വോട്ടിംഗ് മെഷീൻ സംവിധാനം ഉപയോഗത്തിൽ വരുന്നതിന് വളരെ മുമ്പാണ് നിർവ്വചിക്കപ്പെട്ടത്. ജനപ്രാതിനിധ്യ നിയമം 1951 ലാണ് നിലവിൽ വന്നത് എന്നിരിക്കെ അക്കാലത്ത് മെഷീനിന്റെ പ്രചാരണവും ഉണ്ടായിട്ടില്ലാത്തതിനാൽ 'ബാലറ്റ്' എന്ന പദത്തിന് പേപ്പർ ബാലറ്റ് എന്നു മാത്രമേ നിർവ്വചിക്കാനാകൂ എന്നും ഹർജിക്കാരൻ വാദിച്ചു.

ഭരണഘടന അനുച്ഛേദം 324 പ്രകാരം പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലെയും തെരഞ്ഞെടുപ്പുകളുടെ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നിയന്ത്രണവും തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നു. ഇലക്ഷൻ കമ്മീഷൻ എന്ന പദവി ഭരണഘടനയുടെ സൃഷ്ടിയാണെന്നും അതിന്റെ പൂർണ്ണമായ അധികാരങ്ങൾ ഭരണഘടനാ വ്യവസ്ഥകളിൽ നിന്ന് നേരിട്ട് പുറപ്പെടുന്നുവെന്നും കോടതിയിൽ വാദിക്കപ്പെട്ടു. പാർലമെന്റിലേയ്ക്കും സംസ്ഥാന നിയമസഭകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പുകളുടെ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നിയന്ത്രണവും തെരഞ്ഞെടുപ്പ് കമ്മീഷനിലാണെങ്കിലും അനുച്ഛേദം 324 നെ തുടർന്നുവരുന്ന അനുച്ഛേദങ്ങൾ, ഏഴാമത് ഷെഡ്യൂളിൽ കേന്ദ്ര പട്ടികയിലെ എൻട്രി നമ്പർ 72, സംസ്ഥാന പട്ടികയിലെ എൻട്രി നമ്പർ 37 എന്നിവപ്രകാരം നിയമനിർമ്മാണസഭകൾക്ക് പ്രദാനം ചെയ്യപ്പെടുന്ന അധികാരങ്ങൾ കൂടി ചേർത്തുവായിക്കേണ്ടതാണെന്ന് കോടതി നിരീക്ഷിച്ചു. തെരഞ്ഞെടുപ്പ് പ്രക്രിയ നിയന്ത്രിക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്ന കമ്മീഷന്, ഭരണഘടനാവ്യവസ്ഥ പ്രകാരം പാർലമെന്റിനും സംസ്ഥാന നിയമസഭകൾക്കും മാത്രമായി നീക്കിവച്ചിട്ടുള്ള ഒരു നിയമനിർമ്മാണ പ്രക്രിയയെ സ്വയം ഏറ്റെടുക്കുവാൻ കഴിയുകയില്ലെന്ന് കോടതി വിലയിരുത്തി.

ജനപ്രാതിനിധ്യ നിയമത്തിന്റെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട നിയമങ്ങളുടെയോ ചട്ടങ്ങളുടെയോ അഭാവത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷന് അധികാരമുണ്ടെന്നും നിയമമോ ചട്ടങ്ങളോ നിശബ്ദമായിരിക്കുന്നിടത്ത് അനുച്ഛേദം 324 പ്രകാരം തെരഞ്ഞെടുപ്പ് നടത്തുന്ന കാര്യത്തിൽ പ്ലീനറി അധികാരങ്ങൾ പ്രയോഗിക്കാമെന്നും നിയമാനുസൃതമായി കമ്മീഷന്റെ ഒരു പ്രത്യേക നിർദ്ദേശം സർക്കാരിന് അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചാലും സ്വന്തം ഇഷ്ടപ്രകാരം നടപ്പിലാക്കുന്ന കാര്യത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷനെ അധികാരപ്പെടുത്തിയിട്ടില്ല എന്നുമുള്ള വാദങ്ങളും കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ടിരുന്നു. മെക്കാനിക്കൽ രീതിയിലുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ നിയമത്തിനോ ചട്ടങ്ങൾക്കോ കീഴിൽ അനുവദിക്കുവാൻ പാടില്ല എന്നതായിരുന്നു പ്രധാന പരാതി. ജനപ്രാതിനിധ്യ നിയമത്തിന്റെ 59 ാം വകുപ്പിലെ തെരഞ്ഞെടുപ്പ് നടത്തിപ്പ് സംബന്ധിച്ച വ്യവസ്ഥകൾ പ്രകാരം വോട്ടെടുപ്പ് നടത്തുന്ന ഓരോ തെരഞ്ഞെടുപ്പിലും നിശ്ചിത രീതിയിൽ ബാലറ്റ് വഴി വോട്ടുകൾ രേഖപ്പെടുത്താം. എന്നാൽ പ്രോക്സി മുഖേനയുള്ള വോട്ടുകൾ സ്വീകരിക്കപ്പെടുകയില്ല എന്ന വാദവും ഉയർന്നിരുന്നു.

'ബാലറ്റ്' എന്ന പദം യന്ത്രം മുഖേനയുള്ള വോട്ടു രേഖപ്പെടുത്തലിനും ബാധകമാണ് എന്ന് എൻ. ശിവൻപിള്ളയ്ക്കു വേണ്ടി ഹാജരായ അഡ്വ.ജഠ്മലാനി വാദിച്ചിരുന്നു. 'ബാലറ്റ്' എന്ന പദത്തിന് ബ്ലാക്കിന്റെ ലോ ഡിക്ഷ്ണറി (നാലാം പതിപ്പ്), സ്ട്രൗഡിന്റെ ജുഡീഷ്യൽ നിഘണ്ടു (മൂന്നാം പതിപ്പ്), സംക്ഷിപ്ത ഓക്സ്ഫോർഡ് ഡിക്ഷ്ണറി, വെബ്സ്റ്ററിന്റെ മൂന്നാമത്തെ ഇന്റർനാഷണൽ ഡിക്ഷ്ണറി എന്നിവയിലെ നിർവ്വചനങ്ങളും സുപ്രീംകോടതി പരിശോധിച്ചു. വോട്ടിംഗ് മെഷീൻ സംവിധാനം പ്രയോഗത്തിൽ വരുന്നതിനു മുൻപ് നിർവ്വചിക്കപ്പെട്ടിട്ടുള്ള 'ബാലറ്റ്' എന്ന വാക്കിൽ യന്ത്രം ഉപയോഗിച്ചുള്ള വോട്ടിംഗ് രീതിയെപ്പറ്റി പരാമർശിച്ചിട്ടില്ല എന്നും 1951 ൽ നിയമം പാസാക്കുകയും ചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തപ്പോഴും യന്ത്രം ഉപയോഗിച്ച് വോട്ടു ചെയ്യുന്ന സംവിധാനം നിലവിൽ വന്നിരുന്നില്ല എന്നും ഈ സാഹചര്യത്തിൽ 'ബാലറ്റ്' എന്ന വാക്കിന്റെ പൂർണമായ അർത്ഥത്തിൽ വോട്ടിംഗ് മെഷീൻ ഉപയോഗിച്ചുള്ള രീതി ഉൾപ്പെടുന്നില്ലെന്നും കോടതി നിരീക്ഷിച്ചു. യാന്ത്രിക പ്രക്രിയയിലൂടെയുള്ള വോട്ടിംഗ് സംവിധാനം അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കപ്പെട്ടുവെങ്കിലും നിരസിക്കുകയാണുണ്ടായത്; നിയമ നിർമ്മാതാക്കൾ ഈ സംവിധാനത്തിലേയ്ക്ക് മാറുവാൻ തയ്യാറായതുമില്ല എന്ന നിഗമനത്തിൽ കോടതി എത്തിച്ചേർന്നു. 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ വകുപ്പ് 59 ൽ പ്രത്യേകം പരാമർശിച്ച പ്രകാരമുള്ള 'ബാലറ്റ്' എന്നത് ആ നിയമത്തിന്റെ കീഴിൽ വരുന്ന ചട്ടങ്ങൾക്കനുസൃതമായ 'ബാലറ്റ്' ആണെന്നും അത് വോട്ട് രേഖപ്പെടുത്തുന്നതിന് ഉപയോഗപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്നും കോടതി അഭിപ്രായപ്പെട്ടു.

കേസ് പരിഗണനയ്ക്കെടുത്തപ്പോൾ തെരഞ്ഞെടുപ്പിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിക്കുന്നതിന്റെ പ്രയോജനങ്ങളെപ്പറ്റി പ്രതിഭാഗവും പോരായ്മകളെക്കുറിച്ച് വാദിയുടെ അഡ്വക്കേറ്റും സംസാരിക്കുകയുണ്ടായി. പരാതിക്കാരന്റെ അഭിഭാഷകൻ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിന്റെ പ്രയോഗരീതി കോടതി മുമ്പാകെ അവതരിപ്പിച്ചതിൽ നിന്നും ചില പോരായ്മകൾ നിരീക്ഷിക്കുന്നതിന് കോടതിക്ക് കഴിഞ്ഞു. മരണപ്പെട്ട ഒരു വോട്ടറുടെയോ വോട്ടുചെയ്യാത്ത ഒരു വോട്ടറുടെയോ പേരിൽ ആൾമാറാട്ടം നടത്തി ചെയ്യുന്ന വോട്ട്, തന്റെ പേരിൽ കള്ളവോട്ട് ചെയ്തിട്ടുണ്ട് എന്ന് മനസിലാക്കിയ, യഥാർത്ഥ വോട്ടറുടെ വോട്ട്, നിശ്ചിത പോളിംഗ് സമയം കഴിഞ്ഞതിനു ശേഷം രേഖപ്പെടുത്തിയ വോട്ട്, ഒരേ നിയോജക മണ്ഡലത്തിലെ ഒന്നിൽ കൂടുതൽ വ്യത്യസ്ത ബൂത്തുകളിൽ ഒരാൾ ചെയ്യുന്ന വോട്ട്, രണ്ട് നിയോജകമണ്ഡലങ്ങളിൽ ഒരു വോട്ടർ ചെയ്യുന്ന വോട്ട്, നിയമത്തിന്റെ വകുപ്പ് 16 പ്രകാരം അയോഗ്യനാക്കപ്പെട്ട ഒരാൾ രേഖപ്പെടുത്തുന്ന വോട്ട് എന്നിങ്ങനെ ഒരു സ്ഥാനാർത്ഥിക്ക് സാധുതയില്ലാത്ത വോട്ടുകൾ ലഭിക്കുന്നുണ്ടോ എന്ന് തിരിച്ചറിയുന്നതിനുള്ള വ്യവസ്ഥകളുടെ അഭാവം കോടതിയുടെ ശ്രദ്ധയിൽപ്പെട്ടു.

വോട്ടെടുപ്പിൽ യന്ത്രം ഉപയോഗിക്കുന്നത് പ്രയോജനപ്രദമാണെന്നും പല ഘട്ടങ്ങളിലും വരാവുന്ന തെറ്റുകളും തെരഞ്ഞെടുപ്പ് പ്രക്രിയയുടെ കാലതാമസവും കുറയ്ക്കാൻ കഴിയുമെന്നും എൻ.ശിവൻ പിള്ള ചൂണ്ടിക്കാട്ടി. ഇലക്ട്രോണിക് വോട്ടിംഗ് രീതി നടപ്പിലാക്കുന്നപക്ഷം അത് ഉപയോഗിക്കുന്നതിന് വോട്ടർമാർക്ക് ശരിയായ പരിശീലനം നൽകേണ്ടതുണ്ടെന്നും അതിന് സമയം ആവശ്യമാണെന്നും കോടതി കണ്ടെത്തി. എന്നാൽ മെഷീൻ വോട്ടിംഗ് രീതി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച തീരുമാനം എടുക്കേണ്ടത് നിയമസഭയും സർക്കാരുമാണ് എന്നതിനാൽ ഈ വിഷയത്തിൽ കോടതി മൗനം പാലിച്ചു.

മെഷീൻ ഉപയോഗിച്ചുള്ള വോട്ടിംഗ് പ്രക്രിയയെ ഹർജിക്കാരനായ എ.സി.ജോസ് ചോദ്യം ചെയ്യുന്നതിൽ നിന്ന് ഒഴിവാക്കപ്പെടണമെന്ന് എൻ.ശിവൻപിള്ളയുടെ അഡ്വക്കേറ്റ് കോടതിയിൽ വാദിച്ചിരുന്നു. മെഷീൻ നടപ്പിലാക്കുന്നതു സംബന്ധിച്ച് വിളിച്ചു കൂട്ടിയ യോഗത്തിൽ എ.സി.ജോസ് നേരിട്ടോ ഏജന്റ് മുഖേനയോ ഹാജരായി എന്നും ആ സമയത്ത് ഈ പ്രക്രിയ അവതരിപ്പിക്കുന്നതിനെ എതിർത്തിരുന്നില്ല എന്നുമാണ് വാദത്തിന് പിൻബലമായി ചൂണ്ടിക്കാണിച്ചത്. ഈ വാദവും കോടതി ശരിവച്ചില്ല.

കേസിലെ കക്ഷിയായ യൂണിയൻ, തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തെ പിന്തുണയ്ക്കുകയോ എതിർക്കുകയോ ചെയ്യാതെ നിഷ്പക്ഷ നിലപാട് സ്വീകരിച്ചത് ഖേദകരമാണെന്ന് കോടതി വിലയിരുത്തി. മേൽ സാഹചര്യങ്ങളിൽ ചില പോളിംഗ് സ്റ്റേഷനുകളിൽ മാത്രം യന്ത്രം ഉപയോഗിച്ച് വോട്ട് രേഖപ്പെടുത്തുവാൻ പുറപ്പെടുവിച്ച കമ്മീഷന്റെ ഉത്തരവ് അധികാരപരിധിയിലല്ലായിരുന്നുവെന്ന നിഗമനത്തിൽ കോടതി എത്തിച്ചേർന്നു. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് വോട്ട് രേഖപ്പെടുത്തിയ നോർത്ത് പറവൂരിലെ 50 പോളിംഗ് ബൂത്തുകളിൽ ബാലറ്റ് മുഖേനയുള്ള തെരഞ്ഞെടുപ്പ് നടത്തി മറ്റ് 34 ബൂത്തുകളിൽ സ്ഥാനാർത്ഥി ഇതിനകം നേടിയ വോട്ടുകൾ കൂടി കണക്കിലെടുത്ത് അന്തിമഫലം പുറപ്പെടുവിക്കണമെന്ന് 1984 മാർച്ച് 5 ന് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചു. ചെലവ് സംബന്ധിച്ച് കോടതി യാതൊരു ഉത്തരവും നൽകിയില്ല. ജസ്റ്റിസ് ഫസൽ അലിയാണ് വിധി പുറപ്പെടുവിച്ചത്.

കോടതിവിധിയുടെ അടിസ്ഥാനത്തിൽ 1984 മേയ് 22 ന് നടത്തിയ ഉപതെരഞ്ഞെടുപ്പിൽ നോർത്ത് പറവൂരിൽ 1982 ൽ വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടത്തിയ 50 ബൂത്തുകളിൽ ബാലറ്റ് പേപ്പർ മുഖേനയുള്ള പരമ്പരാഗത രീതിയിലുള്ള വോട്ടെടുപ്പ് നടത്തി. ഫലപ്രഖ്യാപനം വന്നപ്പോൾ എ.സി. ജോസ് 1446 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചു. 1984 മേയ് 31 ന് അദ്ദേഹം നിയമസഭാംഗമായി ആയി സത്യപ്രതിജ്ഞ ചെയ്തു.

*തയ്യാറാക്കിയത് :*
*ഷീല ടൈറ്റസ്*
*അണ്ടർ സെക്രട്ടറി*

ചരിത്രസ്മാരകങ്ങളിലൂടെ....

# 'കൊതിക്കല്ല്' ചരിത്രത്തിന്റെ അടയാളപ്പെടുത്തൽ





കേരള സംസ്ഥാനം രൂപീകൃതമാകുന്നതിനു മുൻപ് തിരുവിതാംകൂറും കൊച്ചിയും 1947 വരെ ബ്രിട്ടീഷ് ഇന്ത്യയുടെയും 1949 വരെ ഇന്ത്യാ ഗവൺമെന്റിന്റെയും കീഴിൽ സ്വതന്ത്രപദവിയുള്ള സംസ്ഥാനങ്ങളായിരുന്നു. അയൽ സംസ്ഥാനങ്ങളായിരുന്ന ഇവയുടെ അതിർത്തി രേഖപ്പെടുത്തുന്നതിനായി മൈൽക്കുറ്റിയുടെ ആകൃതിയോടുകൂടിയ അതിർത്തികല്ലുകൾ സ്ഥാപിച്ചിരുന്നു. നാല് വശങ്ങളിലായി ഒന്നരയടി വീതിയും ആറടി ഉയരവുമുള്ള കരിങ്കല്ലിൽ നിർമ്മിച്ച ഈ കല്ലുകൾ 'കൊതിക്കല്ല്' എന്ന് അറിയപ്പെട്ടിരുന്നു. കൊച്ചിയെ സൂചിപ്പിക്കുന്ന 'കൊ' തിരുവിതാംകൂറിനെ സൂചിപ്പിക്കുന്ന 'തി' എന്നീ ആദ്യാക്ഷരങ്ങൾ കല്ലിന്റെ ഇരുഭാഗത്തും കൊത്തിവച്ചിരുന്നതിനാലാണ് ഇവ 'കൊതിക്കല്ല്' എന്ന് അറിയപ്പെട്ടത്.

കൊച്ചിക്കും തിരുവിതാംകൂറിനും സ്വതന്ത്രമായ അധികാരമില്ലാത്ത ആറടിപ്പാതകൾ ഇരു സംസ്ഥാനങ്ങളുടെയും അതിർത്തികളിൽ ഉണ്ടായിരുന്നു. അതിന്റെ മധ്യത്തിലായിരുന്നു 'കൊതിക്കല്ല്' സ്ഥാപിച്ചിരുന്നത് 'കൊ' എന്നെഴുതിയ ഭാഗം കൊച്ചിയെ അഭിമുഖീകരിച്ചും 'തി' എന്നെഴുതിയ ഭാഗം തിരുവിതാംകൂറിന് അഭിമുഖമായുമാണ് കല്ലുകൾ സ്ഥാപിച്ചിരുന്നത്. ഈ പ്രദേശങ്ങളിലെ ഭൂമിയളവുകളിലെ പ്രധാന രേഖയായി ഈ കല്ലുകൾ കണക്കാക്കപ്പെട്ടിരുന്നു.

കേരളത്തിൽ കോട്ടപ്പുറം, പള്ളിപ്പുറം, തിരുവഞ്ചിക്കുളം, ചെറായി, മൂത്തകുന്നം തുടങ്ങി അന്നത്തെ അതിർത്തിക്കടുത്ത പ്രദേശങ്ങളിൽ ഇന്നും അവശേഷിക്കുന്ന കൊതിക്കല്ലുകൾ നിരവധി ടൂറിസ്റ്റുകൾ സന്ദർശിച്ചു വരുന്നു. കോട്ടകൾ, കനാലുകൾ, എന്നിവയുടെ സമീപപ്രദേശങ്ങളിലും ഈ അതിർത്തി അടയാളങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വടക്കൻ പറവൂർ, കൊടുങ്ങല്ലൂർ മേഖലയിലുള്ളവയ്ക്ക് ചരിത്രസ്മാരകങ്ങൾ എന്ന നിലയിൽ പ്രാധാന്യം നല്കി വരുന്നു. 1523 ൽ പോർച്ചുഗീസുകാർ നിർമ്മിച്ച കൊടുങ്ങല്ലൂർ കോട്ടയ്ക്കൽ കോട്ടയ്ക്കുള്ളിലും കൊതിക്കല്ല് ചരിത്ര സ്മാരകമായി സംരക്ഷിച്ചുവരുന്നു.

പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കൊച്ചി, തിരുവിതാംകൂർ സംസ്ഥാനങ്ങളിൽ അതിർത്തി തർക്കങ്ങൾ ഉണ്ടായിരുന്നതായും അത് പരിഹരിക്കുന്നതിന് രണ്ട് സംസ്ഥാനങ്ങളിലെയും അധികാരികൾ ബ്രിട്ടീഷ് സർക്കാരിന്റെ നിർദ്ദേശാനുസരണം സംയുക്തമായി നടത്തിയ ഭൂസർവ്വേയുടെ അടിസ്ഥാനത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാകാം ഇവ സ്ഥാപിച്ചതെന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

# വേതനരഹിത തൊഴിലിനു പിന്നിൽ

കേരള നിയമസഭയുടെ കെ-ലാംപ്സ് (പാർലമെന്ററി സ്റ്റഡീസ്) നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസസ് ആൻഡ് പ്രൊസീഡിയർ ആറാമത് ബാച്ചിൽ ഒന്നാം റാങ്ക് നേടിയ ആര്യ വാമനൻ തയ്യാറാക്കിയത്.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 19 പ്രകാരം രാജ്യത്തെ എല്ലാ പൗരന്മാർക്കും സ്വാതന്ത്ര്യത്തിനുള്ള അവകാശമുണ്ട്. ഏതെങ്കിലും തൊഴിൽ പരിശീലിക്കാനോ അതുപോലെ തന്നെ തൊഴിൽ, വ്യാപാരം അല്ലെങ്കിൽ ബിസിനസ്സ് നടത്താനോ ഉള്ള അവകാശം ആർട്ടിക്കിൾ 19 (എ) പ്രദാനം ചെയ്യുന്നു. എന്നാൽ വേതന രഹിത തൊഴിൽ ഒരു വ്യക്തിയുടെ മേൽ അടിച്ചേൽപ്പിക്കണമെന്ന് ഭരണഘടനയിലെവിടെയും പറഞ്ഞിട്ടില്ല. ഒരു വ്യക്തി അയാളുടെ തൊഴിൽ ശക്തിയും സമയവും ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തിക്ക് പ്രതിഫലം ലഭിക്കുന്നില്ലെങ്കിൽ, അത് വേതന രഹിത തൊഴിലായി കണക്കാക്കുന്നു.

വേതന രഹിത തൊഴിൽ സമ്പദ്‌വ്യവസ്ഥയിൽ അദൃശ്യമാണ്. അത് പോലെയാണ് സമൂഹത്തിലും. ഒരു കുടുംബത്തിലെ ഗാർഹികപ്രവൃത്തികളെല്ലാം കുടുംബാംഗങ്ങൾ പങ്കിട്ട് ചെയ്യേണ്ടതാണ്. എന്നാൽ ഭാരതീയ കുടുംബസങ്കൽപ്പമനുസരിച്ച് നമ്മുടെ ചിന്താധാരയിൽ തങ്ങിനിൽക്കുന്ന ചില രീതികളുണ്ട്. ഭാര്യ-ഭർത്താവ് എന്നീ പദങ്ങൾ തന്നെ ആ സ്ഥാനങ്ങൾ നിർണ്ണയിക്കുന്നു. "ജീവിത പങ്കാളി" എന്ന പദപ്രയോഗത്തിന്റെ പ്രസക്തി ഏറിവരികയാണ്. എന്തെന്നാൽ ഈ പദത്തിന് ലിംഗവ്യത്യാസമില്ല.

ഒരു കുടുംബത്തിൽ ഒരു സ്ത്രീ ഉണ്ടെങ്കിൽ ആ വീട്ടിലെ മുഴുവൻ വേതനരഹിത തൊഴിലും മിക്കവാറും ആ വ്യക്തി തന്നെ ചെയ്യേണ്ടി വരുന്നു. എന്തുകൊണ്ടാണ് ഇത്തരമൊരു സാഹചര്യത്തിന് മാറ്റം വേണമെന്ന് നമ്മുടെ സമൂഹം ആഗ്രഹിക്കാത്തത്? ഒരു വീട്ടിലെ ഭക്ഷണം പാകം ചെയ്യൽ, ശിശുപരിചരണം, വസ്ത്രം അലക്കൽ, ശുചീകരണം, പൂന്തോട്ട പരിപാലനം തുടങ്ങി ഒട്ടനവധി വേതന രഹിത തൊഴിലുകളുണ്ട്.

വേതന രഹിത തൊഴിൽ ഒരു വ്യക്തിയിലേയ്ക്ക് മാത്രം ചുരുങ്ങാൻ ചില കാരണങ്ങളുണ്ട്. സാമൂഹികവും, മതപരവുമായ തടസ്സങ്ങൾ, മികച്ച തൊഴിലവസരങ്ങളുടെ ലഭ്യതക്കുറവ്, സൗകര്യങ്ങളുടെ അപര്യാപ്തത, മറ്റ് തൊഴിലുകൾ ചെയ്യാനുള്ള വൈമുഖ്യം, കുടുംബത്തിൽ നിന്നുള്ള വിയോജിപ്പുകൾ അങ്ങനെ കാരണങ്ങളുടെ നിര നീളുന്നു. സമൂഹത്തിന്റെ ജാതീയവും മതപരവുമായ ഘടന പുരുഷ മേധാവിത്വത്തിന് ഊന്നൽ നൽകുന്നതാണ്. സ്ത്രീകൾ എന്നും ഗൃഹവൃത്തി ചെയ്ത് വീട്ടിൽ കഴിയേണ്ടവർ എന്ന സങ്കൽപ്പത്തിന് ഈ കാലത്തും മാറ്റം വന്നിട്ടില്ല. 2019 ൽ ലോകബാങ്കിന്റെ കണക്ക് പ്രകാരം ഇന്ത്യയിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് 20.3% മാത്രമാണ്. ഭൗതികവും സാമ്പത്തികവുമായ സൗകര്യങ്ങളുടെ അഭാവം, വിവാഹം (സ്ത്രീയുടെ ഇഷ്ടം കണക്കിലെടുക്കാതെ രക്ഷകർത്താക്കളുടെ ഇഷ്ടത്തിന് സ്ത്രീധനം നൽകി സാമ്പത്തിക സ്വാതന്ത്യമില്ലാത്ത പെൺകുട്ടികളെ വിവാഹത്തിന് പ്രേരിപ്പിക്കുന്നത്) എന്നിവ സ്ത്രീ വേതനരഹിതയായി മാറുന്നതിന്റെ മുഖ്യകാരണങ്ങളാണ്. എല്ലാത്തിനോടും ഒത്തുചേർന്ന് ജീവിക്കണം, ജീവിത പങ്കാളിയെ ദൈവത്തിന് തുല്യമായി കാണണം, ഭർത്താവിനെ സേവിക്കുന്നത് അനുഗ്രഹമാണ് തുടങ്ങിയ യുക്തിയില്ലാത്ത വാക്കുകൾക്ക് മുന്നിൽ, കപട സ്നേഹത്തിന് മുന്നിൽ, ഇന്നു പല പെൺകുട്ടികളും മുട്ടുകുത്തുന്നു.



**ഒരു കുടുംബത്തിൽ ഒരു സ്ത്രീ ഉണ്ടെങ്കിൽ ആ വീട്ടിലെ മുഴുവൻ വേതനരഹിത തൊഴിലും മിക്കവാറും ആ വ്യക്തി തന്നെ ചെയ്യേണ്ടി വരുന്നു. എന്തുകൊണ്ടാണ് ഇത്തരമൊരു സാഹചര്യത്തിന് മാറ്റം വേണമെന്ന് നമ്മുടെ സമൂഹം ആഗ്രഹിക്കാത്തത്?**

അമിതമായ ഗൃഹജോലികൾ ചെയ്യുന്നത് ലേബർ ഓഫ് ലവ് (labour of love) ആയാണ് കുടുംബത്തിലെ മുതിർന്ന സ്ത്രീകളുടെ കാഴ്ചപ്പാട്. കുടുംബത്തിന് വേണ്ടി ജീവിക്കുന്നവൾ എന്ന പദവി അവൾ സമൂഹത്തിൽ നിന്നും ഏറ്റുവാങ്ങി സംതൃപ്തയാകുമ്പോൾ, എന്തുകൊണ്ട് അവൾക്കുവേണ്ടി ജീവിക്കുന്നില്ല? എന്ന ചോദ്യം ഇവിടെ ഉത്തരമില്ലാതാകുന്നു.

ആർട്ടിക്കിൾ 15 നെയോ മറ്റ് അവകാശങ്ങളെയോപറ്റി ബോധമുള്ള പെൺകുട്ടികൾ ആണെങ്കിൽ അവളെ പത്രവായനയിൽനിന്നു പോലും വിലക്കുന്ന കുടുംബങ്ങളാണ് സമൂഹത്തിലുള്ളത്. ഇനി സാമ്പത്തിക സ്വാതന്ത്ര്യമുള്ള സ്ത്രീകളാണെങ്കിലോ, ഉപജീവനമാർഗ്ഗത്തോടൊപ്പം വേതന രഹിത തൊഴിൽ ഭാരം മുഴുവനും ഏറ്റെടുക്കേണ്ടി വരുന്നു. ഇതേ വേതനരഹിത തൊഴിൽ മറ്റൊരു വീട്ടിലാണ് ചെയ്യുന്നതെങ്കിൽ അതിന് പ്രതിഫലം ലഭിക്കും എന്ന യാഥാർത്ഥ്യം ഇപ്പോഴും കുടുംബങ്ങളിൽ അദൃശ്യമാണ്. വേതന രഹിത തൊഴിലിനെ പരിഗണിക്കുകയോ, പങ്കിട്ടെടുക്കുകയോ ചെയ്യുന്നില്ല. "ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ" എന്ന മലയാള സിനിമ കണ്ട് രണ്ടു ദിവസം പങ്കാളിയെ സഹായിച്ചവരും സമൂഹത്തിൽ കുറവല്ല. ആ ചിത്രത്തിന്റെ പൂർണമായ ആശയം പോലും മലയാളികൾ മനസ്സിലാക്കിയിട്ടില്ല.

പുരോഗമനപരമായ ആശയങ്ങൾ മുന്നോട്ട് വയ്ക്കുന്നവരെ എത്രയും വേഗം അടിച്ചമർത്താൻ മുറവിളി കൂട്ടുമ്പോൾ, ഒരു വ്യക്തിയുടെ തൊഴിൽ ശക്തി മുഴുവനും വേതന രഹിത തൊഴിലിനായി ഉപയോഗിക്കുന്നു എന്ന സത്യം നാം മനസ്സിലാക്കേണ്ടതാണ്.

*തിരുവനന്തപുരം ജില്ലയിലെ താളിക്കുഴി സ്വദേശിയായ ആര്യ വാമനൻ പൊളിറ്റിക്കൽ സയൻസ് ബിരുദധാരിയാണ്.*

നിയമസഭാ സമിതി റിപ്പോർട്ടുകളിലൂടെ........



# ട്രാൻസ്ജെന്ററുകളെ മുഖ്യധാരയിലെത്തിക്കുവാൻ നിർദ്ദേശങ്ങളുമായി സഭാസമിതി

ട്രാൻസ്ജെന്ററുകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21) നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ട് ശ്രദ്ധേയമായി. സംസ്ഥാനത്ത് ട്രാൻസ്ജെന്ററുകളുടെ ക്ഷേമത്തിനായി സർക്കാർ പല ക്ഷേമപദ്ധതികളും നടപ്പിലാക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസം, പൊതുഗതാഗതം, ആരോഗ്യം, സാമൂഹ്യസുരക്ഷ തുടങ്ങിയ മേഖലകളിൽ ഇവർക്ക് വിവേചനം നേരിടേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ട സമിതി കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി. വിവിധ വിഭാഗങ്ങളുടെ ചുമതല വഹിക്കുന്ന സെക്രട്ടറിമാർ, സംസ്ഥാന പോലീസ് മേധാവി, മെഡിക്കൽ കോളേജിലെ ഡോക്ടർമാർ, ട്രാൻസ്ജെന്റർ പ്രതിനിധികൾ തുടങ്ങിയവരിൽ നിന്ന് സമിതി തെളിവെടുപ്പ് നടത്തി തയ്യാറാക്കിയ റിപ്പോർട്ട് സമിതി അദ്ധ്യക്ഷ പി.അയിഷ പോറ്റി 2021 ജനുവരി 20 ന് സഭയിൽ സമർപ്പിച്ചു.

ട്രാൻസ്ജെന്ററുകൾക്ക് ദമ്പതികളായി ജീവിക്കാനും കുട്ടികളെ ദത്തെടുക്കാനുമുള്ള നിയമപരമായ സാധ്യതകൾ കേരളത്തിലില്ലെന്നും എല്ലാ രംഗങ്ങളിലും അവർ പാർശ്വവൽക്കരിക്കപ്പെടുകയാണെന്നും സമിതി നിരീക്ഷിച്ചു. ട്രാൻസ്ജെന്ററുകളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി വിവിധ തലങ്ങളിൽ നടപ്പിലാക്കേണ്ട അമ്പതിലധികം ശിപാർശകൾ റിപ്പോർട്ടിലുണ്ട്.

ട്രാൻസ്ജെന്റർ വിഭാഗത്തിന് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ എല്ലാവർക്കും ലഭിക്കണമെങ്കിൽ അവരുടെ കൃത്യമായ അംഗസംഖ്യ അറിയേണ്ടതുണ്ട്. അതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന ഏജൻസി ചെയ്തുവരുന്ന സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കി ട്രാൻസ്ജെന്റർ വ്യക്തികളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്തു. ട്രാൻസ്ജെന്റർ വിഭാഗക്കാർക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം നൽകുവാൻ പര്യാപ്തമായതും അഭിസംബോധന ചെയ്യുവാൻ അനുയോജ്യമായതുമായ മാന്യമായ പദം മലയാളത്തിലില്ലാത്തതിനാൽ തത്തുല്യമായ പദം ലഭിക്കുന്നതുവരെ ട്രാൻസ്ജെന്റർ എന്ന പദം ഉപയോഗിക്കാൻ നിർദ്ദേശിച്ച സമിതി, ട്രാൻസ്ജെന്റർ എന്ന വാക്കിന് തത്തുല്യമായ മലയാള പദം കണ്ടെത്താൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനോട് ആവശ്യപ്പെട്ടു.

മുഖ്യധാരാസമൂഹം പാർശ്വവല്ക്കരിക്കുന്ന ട്രാൻസ്ജെന്റർ വിഭാഗം ഉപജീവനത്തിന് ബുദ്ധിമുട്ടുന്നതായി മനസ്സിലാക്കിയ സമിതി അവർക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിന് പ്രത്യേക പരിശീലന ക്ലാസുകൾ നൽകണമെന്നും അവരുടെ തൊഴിലവസരങ്ങൾ നഷ്ടമാകാത്ത രീതിയിൽ



പി.അയിഷ പോറ്റി

പ്രത്യേക ജോബ് പോർട്ടൽ തുടങ്ങണമെന്നും സർക്കാർ വകുപ്പുകളിൽ താൽക്കാലിക ജോലികൾക്ക് നാമനിർദ്ദേശം ചെയ്യുന്ന വേളയിൽ ആ പോർട്ടലിൽ രജിസ്റ്റർ ചെയ്തവരെക്കൂടി ഉൾപ്പെടുത്തണമെന്നുമുള്ള നിർദ്ദേശം നൽകി. വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ജോലി നേടുന്നതിന് ഇവർക്കായി തൊഴിൽമേളകൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിട്ടുണ്ടെങ്കിലും, അവർക്ക് ആ രംഗത്ത് തൊഴിൽ ലഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ലെന്ന് സമിതി മനസ്സിലാക്കി. ഈ വിഭാഗത്തിലുള്ളവരെ 'ഷീ-ടാക്സി' പോലെയുള്ള സംരംഭത്തിൽ ഉൾപ്പെടുത്തുകയോ ബദൽ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്തു. സർക്കാരിന്റെ സംരംഭകത്വ വികസന പദ്ധതിപ്രകാരമുള്ള പരിശീലനം വിപുലപ്പെടുത്തുന്നതിനും സംരംഭത്തിന് സബ്സിഡി നൽകുന്നതിനും ഉല്പന്നങ്ങൾ കുടുംബശ്രീ മാതൃകയിൽ വിറ്റഴിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനും സമിതി ശിപാർശയുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിശ്ചിത ശതമാനം കടമുറികൾ ട്രാൻസ്ജെന്ററുകൾക്കായി മാറ്റിവയ്ക്കാനും ഈ വിഭാഗക്കാർ ആരംഭിക്കുന്ന ചെറുകിട കച്ചവടസ്ഥാപനങ്ങൾക്ക് നികുതിയിളവ് നൽകാനും സമിതി നിർദ്ദേശിച്ചു.

സ്വന്തമായി വീടില്ലാത്ത, സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ട്രാൻസ്ജെന്റർ കുടുംബങ്ങളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകുക, ആരോഗ്യ ഇൻഷ്വറൻസ് കാർഡ് നൽകുക, പഞ്ചായത്ത് തല ട്രാൻസ്ജെന്റർ സമിതി രൂപീകരിക്കുക, പ്രധാന കലാകായിക മേഖലകളിൽ ട്രാൻസ്ജെന്ററുകളെ കൂടി ഉൾപ്പെടുത്തുക എന്നീ നിർദ്ദേശങ്ങളും സമിതി റിപ്പോർട്ടിലുണ്ട്.

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ട്രാൻസ്ജെന്റർ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളിലെയും ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് ബോധവത്കരണവും പരിശീലനവും നൽകണമെന്നും പ്രധാന ജയിലുകളിൽ ട്രാൻസ്ജെന്ററുകൾക്കായി പ്രത്യേക ബ്ലോക്കുകൾ നിർമ്മിക്കണമെന്നും അവർക്ക് തുല്യനീതി ഉറപ്പു വരുത്താനായി പോലീസ് നിയമത്തിൽ ഭേദഗതി വരുത്തണമെന്നും സർക്കാരിനോട് സമിതി ശിപാർശ ചെയ്തു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന എല്ലാ കെട്ടിട നിർമ്മാണ പദ്ധതികളിലും ട്രാൻസ്ജെന്റർ സൗഹൃദ ടോയ്‌ലെറ്റ് സംവിധാനം ഏർപ്പെടുത്തണമെന്നും സിവിൽ സ്റ്റേഷൻ, ജില്ലാ ആശുപത്രികൾ, കോടതി സമുച്ചയം എന്നിവിടങ്ങളിൽ അവർക്കു വേണ്ടി വിശ്രമമുറികൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണമെന്നും റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്നു.

ട്രാൻസ്ജെന്ററുകളുടെ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കായി സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകണമെന്നും ഹോർമോൺ തെറാപ്പി, ലേസർ ചികിത്സ എന്നിവ എല്ലാ ജില്ലകളിലെയും സർക്കാർ മെഡിക്കൽ കോളേജുകളിലോ ജില്ലാ ആശുപത്രികളിലോ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്തു. എല്ലാ ജില്ലാ ആശുപത്രികളിലും ഇവർക്കായി പ്രത്യേക ഒ.പി. സംവിധാനം ഏർപ്പെടുത്തേണ്ടതും സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ട്രാൻസ്ജെന്റർ ക്ലിനിക്കുകൾ ആരംഭിക്കേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുകയുണ്ടായി.

ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ പുതിയ സ്വത്വം നേടുന്ന ട്രാൻസ്ജെന്ററുകൾക്ക് എസ്.എസ്.എൽ.സി. ബുക്കിലെ പേര് മാറ്റുന്നതിനായി അപേക്ഷ സമർപ്പിക്കുമ്പോൾ പഴയ എസ്.എസ്.എൽ.സി. ബുക്കും പേര് മാറ്റം വരുത്തിയ ഗസറ്റ് വിജ്ഞാപനവും ഒരുമിച്ച് വയ്ക്കുന്ന രീതിയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് അനുവർത്തിക്കുന്നത്. അതിനുപകരം പുതിയ എസ്.എസ്.എൽ.സി. ബുക്ക്/സർട്ടിഫിക്കറ്റ് നൽകുന്നതിനും പഴയ രേഖ ഡി.പി.ഐ. യുടെ രഹസ്യ വിഭാഗത്തിൽ സൂക്ഷിക്കുന്നതിനും ആവശ്യമുള്ളപക്ഷം മാത്രം പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന പ്രധാന ശിപാർശയും സമിതി നൽകിയിട്ടുണ്ട്.

ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും വേണ്ടി പ്രത്യേക ഗ്രാമസഭകൾ നടത്താറുള്ളതുപോലെ ട്രാൻസ്ജെന്ററുകൾക്കായി ജില്ലാതലത്തിൽ പ്രത്യേക യോഗം ചേരുന്ന കാര്യം പരിഗണിക്കണമെന്നും ട്രാൻസ്ജെന്ററുകളുടെ അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കപ്പെടാതെ വരുന്ന സാഹചര്യത്തിൽ കേരള ട്രാൻസ്ജെന്റർ ആന്റ് ഇന്റർസെക്സ് അവകാശ സംരക്ഷണ നിയമം നടപ്പിലാക്കണമെന്നും ഇവരുടെ സ്വത്വത്തെ അവഹേളിക്കുന്ന തരത്തിലുള്ള സിനിമകൾ, ടി. വി. പരിപാടികൾ തുടങ്ങിയവ അനുവദിക്കരുതെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ ട്രാൻസ്ജെന്ററുകൾക്ക് സീറ്റ് അനുവദിക്കുന്ന വിഷയം പരിഗണിക്കണമെന്നും സർക്കാർ ഇവർക്കായി നടത്തിവരുന്ന പദ്ധതികളെക്കുറിച്ച് മതിയായ അവബോധം നൽകണമെന്നുമുള്ള ശിപാർശകൾ സമിതിയുടെ റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്.

## ട്രാൻസ്ജെൻ്ററുകൾ സമൂഹത്തിൻ്റെ മുഖ്യധാരയിലെത്താൻ യുക്തമായ ഇടപെടലുകൾ നടത്തും – യു.പ്രതിഭ എം.എൽ.എ.

ഇന്ത്യയിലാദ്യമായി ട്രാൻസ്ജെൻ്റർ നയം പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. ഇതിനെത്തുടർന്ന് 2018 ൽ കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും ഭിന്നശേഷി ക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയിൽ ട്രാൻസ്ജെൻ്ററുകളുമായി ബന്ധപ്പെട്ട വിഷയം കൂടി ഉൾപ്പെടുത്തി സമിതിയെ പുനർനാമകരണം ചെയ്തു. ട്രാൻസ്ജെൻ്ററുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വളരെ ശ്രദ്ധേയമായ ഇടപെടലുകളാണ് സമിതി നടത്തിക്കൊണ്ടിരിക്കുന്നത്. സമിതിയുടെ (2019-21) ലെ ഇരുപതാമത് റിപ്പോർട്ട് ഇത് അടിവരയിടുന്നു. വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം തുടങ്ങിയ സുപ്രധാന മേഖലകളിൽ ട്രാൻസ്ജെൻ്ററുകൾ നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണാൻ കഴിയുന്ന നിരവധി ശിപാർശകളാണ് പ്രസ്തുത റിപ്പോർട്ടിലുള്ളത്. ഈ ശിപാർശകളിൽ സമിതി കൃത്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സ്ത്രീകളുടെയും ട്രാൻസ്ജെൻ്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷി ക്കാരുടെയും ക്ഷേമം സംബന്ധിച്ചസമിതി (2021-23)യും ട്രാൻസ്ജെൻ്ററുകളുടെ പ്രശ്നങ്ങൾ സഗൗരവമാണ് വീക്ഷിക്കുന്നത്. സമീപകാലത്ത് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷം ആത്മഹത്യ ചെയ്ത ട്രാൻസ്ജെൻ്റർ അനന്യയുടെ വിഷയം സമിതി സ്വമേധയാ പരിഗണിച്ച് സർക്കാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ട്രാൻസ്ജെൻ്ററുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സമിതി സജീവ ഇടപെടലുകൾ നടത്തുകയും അവരെ സമൂഹത്തിൻ്റെ മുഖ്യധാരയിലെത്തിക്കുവാൻ യുക്തമായ ശിപാർശകൾ സർക്കാരിന് നൽകുകയും ചെയ്യും. സുപ്രീം കോടതി നിർദ്ദേശത്തിൻ്റെ അടിസ്ഥാനത്തിൽ ട്രാൻസ്ജെൻ്റർ വിഭാഗത്തെ ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്തുന്നതിനുള്ള നടപടികൾ ഫലപ്രദമാവുമെന്നും അവർക്ക് അർഹതപ്പെട്ട അവസരങ്ങൾ ലഭ്യമാകുമെന്നും സമിതി പ്രത്യാശിക്കുന്നു'.

പതിനഞ്ചാം കേരള നിയമസഭയിലെ സ്ത്രീകളുടെയും ട്രാൻസ്ജെൻ്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയാണ് യു. പ്രതിഭ. പതിനാലാം കേരള നിയമസഭയിൽ ഈ വിഷയം സംബന്ധിച്ച സമിതി അംഗമായിരുന്നു.



# കനിവ് തേടി ട്രാൻസ്ജെൻ്റർ ജീവിതം



പ്രകൃതി നിയമത്തിൽ ആൺ-പെൺ വിഭാഗങ്ങളോടൊപ്പം അവയിൽപ്പെടാത്ത ചില മനുഷ്യ വ്യക്തിത്വങ്ങളുമുണ്ട്. ആണോ പെണ്ണോ അല്ലാതെ പിറവിയെടുക്കുന്നതോ അല്ലെങ്കിൽ വളർച്ചയുടെ ഏതെങ്കിലുമൊരു ഘട്ടത്തിൽ മറ്റൊന്നായി മാറുന്നതോ ആയ വ്യക്തിത്വങ്ങൾ ട്രാൻസ്ജെൻ്ററുകൾ എന്ന് അറിയപ്പെടുന്നു. ഭൂരിപക്ഷലിംഗവിഭാഗങ്ങൾക്കു സമാനമായ മറ്റൊരു ലിംഗവകഭേദമാണ് ട്രാൻസ്ജെൻ്ററുകൾ. പുരാണങ്ങളിലും ഇതിഹാസങ്ങളിലും ഇവരെക്കുറിച്ചുള്ള പരാമർശങ്ങൾ ഉള്ളതിനാൽ ചരിത്രാതീതകാലം മുതൽക്ക് ഈ വിഭാഗം ഉണ്ടായിരുന്നതായി അനുമാനിക്കാം. ട്രാൻസ്ജെൻ്റർ എന്ന പദം 1960 കളിൽ പ്രയോഗിക്കാൻ തുടങ്ങിയെങ്കിലും ലിംഗമാറ്റ ശസ്ത്രക്രിയ കൂടാതെ തന്നെ സ്വന്തം സ്വത്വത്തെ അംഗീകരിച്ചുകൊണ്ട് ജീവിക്കാനാഗ്രഹിക്കുന്നവരെ സൂചിപ്പിക്കുന്നതിനായി 1970 കളിലാണ് ഈ പദത്തിന് പ്രചാരം ലഭിച്ചത്.

ആഗോളതലത്തിൽ ഏകദേശം എഴുപത്തിനാലോളം ജെൻ്ററുകൾ തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും സ്ത്രീയും പുരുഷനും ഒഴികെയുള്ളവയെ ട്രാൻസ്ജെൻ്റർ എന്ന ഒറ്റപദത്തിൻ്റെ കുടക്കീഴിലാണ് നിർവ്വചിക്കപ്പെട്ടിരിക്കുന്നത്. ഓരോ രാജ്യത്തും വ്യത്യസ്തമായ പേരുകളിലാണ് ഇവർ അറിയപ്പെടുന്നത്. അമേരിക്കയിലെ റെഡ് ഇന്ത്യക്കാരുടെയിടയിൽ ബെർഡാഷസ്, ഫിലിപ്പീൻസിൽ ബക്ക്ലസ്WW, ഒമാനിൽ സത്തിത്സ്, പാകിസ്ഥാനിൽ മൂരത്ത്, തെക്കനേഷ്യയിൽ ജോഗപ്പാസ്, ഇന്ത്യൻ സമൂഹത്തിൽ ഗാണ്ടു, കോജ, ഹിജഡ തുടങ്ങിയ പേരുകളിലും ഇവർ അറിയപ്പെടുന്നു. ട്രാൻസ്ജെൻ്ററുകൾ അംഗീകരിക്കപ്പെട്ടതോടെ തമിഴ്നാട്ടിൽ 'തിരുനങ്കൈ' എന്ന പദം ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു. ആഗോളതലത്തിൽ ലെസ്ബിയൻ, ഗേ, ബൈ സെക്ഷ്വൽ, ട്രാൻസ്ജെൻ്ററുകൾ ഉൾപ്പെടെയുള്ളവരെ എൽ.ജി.ബി.റ്റി. കമ്മ്യൂണിറ്റി എന്ന് പൊതുവെ അറിയപ്പെടുന്നു. ഒരു ലിംഗവിഭാഗത്തിൽ ജനിക്കുകയും അപരലിംഗവിഭാഗത്തിൻ്റെ താൽപര്യങ്ങളും ചേഷ്ടകളും ഇക്കൂട്ടർ പ്രകടിപ്പിക്കുകയും ചെയ്യുന്നു. മിക്കവരിലും ബഹുമുഖവ്യക്തിത്വം അഥവാ ഉഭയലിംഗവ്യക്തിത്വമാണ് ഉണ്ടാകാറുള്ളത്. ട്രാൻസ്ജെൻ്ററുകളിൽ ഒരു വിഭാഗം വ്യക്തികൾ ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ (എസ്.ആർ.എസ്- സെക്സ് റീ-അസൈമെൻ്റ് സർജറി) അപരലിംഗത്തിലേയ്ക്ക് കൂടുമാറ്റം ആഗ്രഹിക്കുന്നവരാണ്. ഈ ശസ്ത്രക്രിയ പല ഘട്ടങ്ങളിലായിട്ടാണ് നിർവ്വഹിക്കപ്പെടുന്നത്. ശസ്ത്രക്രിയയെ തുടർന്നുള്ള ഹോർമോൺ ചികിത്സയിലൂടെ സ്ത്രൈണതയ്ക്ക് പ്രാധാന്യം കൊടുക്കുന്ന ശരീരം ഇവർ നിർമ്മിച്ചെടുക്കുന്നു. ഇത്തരക്കാരെ പൊതുവെ 'ട്രാൻസ് സെക്ഷ്വൽസ്' എന്നാണ് വിളിക്കുന്നത്. എന്നാൽ ബാഹ്യരൂപത്തിലും മാനസികനിലയിലും സ്ത്രൈണത കൈവരിക്കുമ്പോഴും പലർക്കും 'പ്രസവം' പോലുള്ള ജൈവശാസ്ത്രപ്രക്രിയകൾ നിർവ്വഹിക്കാനാകില്ല. അത്തരം സാഹചര്യത്തിൽ ദമ്പതികളായി ജീവിക്കുന്ന ട്രാൻസ്ജെൻ്ററുകൾ കുട്ടികളെ ദത്തെടുത്ത് കുടുംബം രൂപീകരിക്കുന്നു. തമിഴ്നാട്ടിൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് കുട്ടികളെ ദത്തെടുത്ത് വളർത്തുവാൻ സാധിക്കുന്നുണ്ട്. കേരളത്തിൽ ഇതിന് നിയമപരമായ സാധ്യതകൾ ഇല്ലാത്തതിനാൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തിയവരും അല്ലാത്തവരും പങ്കാളിയുമൊത്ത് 'ലിവിംഗ് ടുഗെതർ' ബന്ധത്തിലാണ് ജീവിക്കുന്നത്.

പൊതുസമൂഹത്തിൽ നിന്ന് പുറന്തള്ളപ്പെടുന്നവരും ക്രൂരമായി പീഡിപ്പിക്കപ്പെടുന്നവരുമായ ട്രാൻസ്ജെൻ്ററുകൾ സ്വദേശം വിട്ട് അവരുടെ വിഭാഗക്കാർ സമൂഹമായി നിവസിക്കുന്ന ബാംഗ്ലൂർ, മുംബൈ, ഡൽഹി തുടങ്ങിയ സ്ഥലങ്ങളിൽ ചേക്കേറുന്നു. മുഖ്യധാരാസമൂഹത്തിൽ നിന്ന് അകറ്റി നിർത്തപ്പെട്ട ട്രാൻസ്ജെൻ്ററുകൾ അവർ സ്വമേധയാ സൃഷ്ടിച്ചെടുത്ത സാമൂഹ്യാചാരസംവിധാനക്രമങ്ങളിലൂടെയുള്ള സവിശേഷമായ അധികാരഘടനകളും വ്യക്തിബന്ധങ്ങളും സജീവമായി നിലനിർത്തുന്നു. പൊതുസമൂഹത്തിൻ്റെ നീതിശാസ്ത്രങ്ങളിൽ നിന്ന് തുലോം വിഭിന്നമായ ശീലങ്ങളും സമ്പ്രദായങ്ങളും ആചാരങ്ങളുമാണ് ട്രാൻസ്ജെൻ്റർ സംസ്കാരത്തിലുള്ളത്. അവരുടെ സുരക്ഷ, സംരക്ഷണം, നിലനിൽപ്പ് എന്നിവയെല്ലാം ഈ സംസ്കാരത്തിൻ്റെ അടിസ്ഥാനത്തിലാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

പൊതുസമൂഹത്തിൻ്റെ ഭാഗമാകാനാകാതെ ജീവിതം നയിക്കുന്ന ട്രാൻസ്ജെൻ്ററുകൾക്ക് തൊഴിൽശാലകളിലോ സ്ഥാപനങ്ങളിലോ മിക്കപ്പോഴും ജോലി ലഭിക്കാറില്ല. സ്വകാര്യമേഖലയിൽ തൊഴിൽ ലഭിച്ചാലും നിസ്സാരകാരണങ്ങളാൽ പിരിച്ചുവിടുന്ന പ്രവണതയുണ്ട്. അക്കാരണത്താൽ അവരുടെ പരമ്പരാഗത ധനസമ്പാദനരീതികളായ ബതായ് (അനുഗ്രഹം നൽകൽ), കൈതട്ടൽ(ഭിക്ഷാടനം), ലൈംഗിക തൊഴിൽ തുടങ്ങിയവ അവർ സ്വീകരിക്കുന്നു. പീഡനങ്ങൾക്കും ചൂഷണങ്ങൾക്കുമിടയിലൂടെയാണ് അവർ തൊഴിലും ഉപജീവനവും നടത്തുന്നത്. ലൈംഗികപ്രവൃത്തിയിൽ ഏർപ്പെടുന്നവരിൽ പലരും പ്രായമേറുമ്പോൾ ഹോർമോൺ ചികിത്സയുടെ പ്രതിപ്രവർത്തനങ്ങളാൽ മാരകമായ രോഗങ്ങൾക്കടിമപ്പെട്ട് ദുരിതമനുഭവിക്കുന്നു. ലിംഗമാറ്റ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്നവരുടെ തുടർജീവിതം അനിശ്ചിതാവസ്ഥയിലാകുന്ന വാർത്തകൾ സമീപകാലത്ത് ധാരാളമായി ചർച്ച ചെയ്യപ്പെട്ടതാണ്.

പൊതു ഇടങ്ങളിൽ ശാരീരികമായും മാനസികമായും പീഡനങ്ങൾ ധാരാളമായി നേരിടേണ്ടി വരുന്ന ട്രാൻസ്ജെൻ്ററുകൾക്ക് ആവശ്യമായ സുരക്ഷിതത്വവും നിയമപരിരക്ഷയും പലപ്പോഴും ലഭിക്കാറില്ല. നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി v. യൂണിയൻ ഓഫ് ഇന്ത്യ (WP NO. 400/2012) എന്ന കേസിൽ സുപ്രീം കോടതി ജസ്റ്റിസ് ആർ. എസ്.രാധാകൃഷ്ണൻ 2014 ഏപ്രിൽ 15 ന് പുറപ്പെടുവിച്ച വിധി പ്രകാരം ട്രാൻസ്ജെൻ്ററുകൾ സർക്കാർ രേഖകളിൽ 'ഷണ്ഡൻ' എന്ന് ഉപയോഗിച്ചിരുന്നത് മൂന്നാംലിംഗമെന്ന് അറിയപ്പെട്ടെങ്കിലും അവർക്കിടയിൽ അത് വലിയ പ്രതിഷേധത്തിന് കാരണമായി. പല സംസ്ഥാനങ്ങളിലും ഈ വിഭാഗക്കാർക്ക് തിരിച്ചറിയൽ കാർഡും റേഷൻ കാർഡും പെൻഷനും നല്കുകയും കോളേജുകളിൽ പഠനത്തിനായി പ്രത്യേക സംവരണം, സർക്കാർ രേഖകളിൽ സ്ത്രീ/പുരുഷൻ എന്നതിനു പുറമേ 'മറ്റുള്ളവർ' എന്ന് വെളിപ്പെടുത്താനുള്ള അവസരം എന്നിവ നൽകുന്നു.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ട്രാൻസ്ജെൻ്ററുകളുടെ അതിജീവനത്തിനുള്ള അവകാശപോരാട്ടം ഇന്ത്യയിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്, രാജ്യസഭയിൽ ട്രാൻസ്ജെൻ്ററുകളുടെ അവകാശങ്ങൾ സംബന്ധിച്ച് 2014 ലെ റൈറ്റ്സ് ഓഫ് ട്രാൻസ്ജെൻ്റർ ബിൽ അവതരിപ്പിച്ച് പാസാക്കിയിട്ടുണ്ട്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിലാണ് ആദ്യമായി ട്രാൻസ്ജെൻ്റർ പോളിസി രൂപീകരിച്ചത്. ഇവർക്ക് തൊഴിൽ, വിദ്യാഭ്യാസം, അംഗീകാരം, സുരക്ഷ തുടങ്ങിയവ ഉറപ്പു വരുത്തുകയാണ് ഇതിൻ്റെ ലക്ഷ്യം. കൂടാതെ ട്രാൻസ്ജെൻ്ററുകളുടെ ക്ഷേമത്തിനായി ഒരു നിയമസഭാ സമിതിയും കേരളത്തിലുണ്ട്. കേരളീയ സമൂഹത്തിൽ ലഭിച്ച അംഗീകാരവും സ്വീകാര്യതയും അതിജീവനത്തിൻ്റെ പാതയിൽ ഇവർക്ക് ആത്മവിശ്വാസവും പ്രചോദനവും നൽകുന്നു. സർക്കാരും സമൂഹവും ഒന്നായിപ്രവർത്തിച്ച് ട്രാൻസ്ജെൻ്റർ വിഭാഗത്തെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുകയെന്ന ലക്ഷ്യം കൈവരിക്കാം.

നിയമസഭാ പ്രസംഗങ്ങളിലൂടെ........

# വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ വികേന്ദ്രീകരണം അനിവാര്യം





'നിയമ പ്രാബല്യം ഇല്ലാത്തതിനാൽ ഡിപ്പാർട്ടുമെന്റ് നിബന്ധനകളെ കോടതികൾപോലും ചോദ്യം ചെയ്യുന്ന സ്ഥിതിവിശേഷം ഈ നാട്ടിൽ ഉണ്ടായിട്ടുണ്ട്. അതിൽനിന്നും മോചനം ലഭിക്കുന്നതിനുള്ള നടപടികൾ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകന്മാർക്കും ഒരു അടിയന്തിരാവശ്യമായിത്തീർന്നിരിക്കുന്നു എന്നുള്ളതിനെ മുൻനിർത്തിയാണ് ഈ നിയമം സഭയിൽ അവതരിപ്പിക്കുന്നത്'

***1957ലെകേരളവിദ്യാഭ്യാസബിൽഒന്നാംകേരള സഭയിൽ അവതരിപ്പിച്ചുകൊണ്ട് 1957 ജൂലൈ 13 ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. ജോസഫ് മുണ്ടശ്ശേരി നടത്തിയ പ്രസംഗത്തിൽ നിന്ന്.***

‘‘സർ, ഈ ബില്ലിനെ സംബന്ധിച്ച് വളരെ ചുരുക്കത്തിൽമാത്രം പ്രതിപാദിച്ചുകൊണ്ട് ഇത് ബഹുമാനപ്പെട്ട ഈ സഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയാണ്. നമ്മുടെ നാട്ടിൽ, എന്നുവച്ചാൽ കേരള സംസ്ഥാനത്ത്, ഒൻപതിനായിരത്തിൽപരം സ്കൂളുകളും, അതിൽ പ്രവർത്തിക്കുന്ന അനേകായിരം അദ്ധ്യാപകന്മാരുമുണ്ട്. ഇത്രയും വമ്പിച്ച ഒരു സാമൂഹ്യക്ഷേമ പരിപാടി ഈ ഗവൺമെന്റിന് വേറെയുണ്ടോ എന്ന് സംശയമാണ്. ബഹുമാനപ്പെട്ട മെമ്പറന്മാർ ഇതിനകം മനസ്സിലാക്കിയിട്ടുള്ളതുപോലെ നമ്മുടെ ബഡ്ജറ്റിലെ ഏറ്റവും വലിയ വീതം ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത് ഈ വമ്പിച്ച ഡിപ്പാർട്ടുമെന്റാണ്. ഈ ഡിപ്പാർട്ടുമെന്റിനെ ആകെ നിയന്ത്രിക്കുന്നതിന് ഒട്ടുവളരെ പരമ്പരാഗതമായിട്ടുള്ള നടപടികളും എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖാന്തിരം ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകളും ഉണ്ട്. അവയ്ക്കെല്ലാം പാരമ്പര്യവശാൽ പ്രാമാണ്യം സിദ്ധിച്ചിട്ടുണ്ടെന്നും അറിയാം. പക്ഷേ, ആ പ്രാമാണ്യത്തെ പരിപൂർണ്ണമായി അറിഞ്ഞിരിക്കുന്നത് ഗവണ്മെന്റ് സ്കൂളുകളിൽ പ്രവർത്തിക്കുന്നവരാണ്. ഗവണ്മെന്റ് ഗ്രാന്റ് നൽകിയും മറ്റും സഹായിക്കുന്ന വിദ്യാലയങ്ങൾ ഒരു വലിയ വിഭാഗമുണ്ട്.

ഈ ഡിപ്പാർട്ടുമെന്റിലെ പരമ്പരാഗതമായിട്ടുള്ള നടപടികളെയും നിബന്ധനകളെയും പരിപൂർണ്ണമായി ആദരിക്കാൻ ഉത്തരവാദപ്പെട്ടിട്ടുള്ളത് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളും അവിടത്തെ അദ്ധ്യാപകന്മാരുമാണ്. 9000 ൽ പരം സ്കൂളുകളുള്ളതിൽ ഏതാണ്ട് പകുതിയോളം പ്രൈവറ്റ് മേഖലയിൽ പ്രവർത്തിക്കുന്നതാണെന്നു ബഹുമാനപ്പെട്ട സഭയ്ക്കറിയാവുന്നതാണ്. ആ മേഖലയിൽ ഡിപ്പാർട്ടുമെന്റിന്റെ പരമ്പരാഗതമായിട്ടുള്ള നടപടികളേയും നിബന്ധനകളേയും നിയമത്തിന്റെ പ്രാമാണ്യത്തോടുകൂടി ആദരിക്കണമെന്നില്ല. അങ്ങനെ ആദരിക്കാത്തതിനാൽ വളരെക്കാലമായി എത്രയോ കെടുതികൾ ഡിപ്പാർട്ടുമെന്റിന് അനുഭവപ്പെട്ടിട്ടുണ്ട്. നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ഒരു നിയമം അല്ലെങ്കിൽ മറ്റൊരു നിയമം പ്രാബല്യം നൽകി അർഹിക്കുന്ന പരിരക്ഷ ലഭിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിക്ക് പ്രൈവറ്റ് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകന്മാരെപ്പോലുള്ളവർക്ക് നിയമവശാൽ ഒരു പരിരക്ഷ ലഭിക്കാതെ പോകുന്നത് ദയനീയമാണെന്ന് ഈ ഗവണ്മെന്റിന് അഭിപ്രായമുണ്ട്. ഡിപ്പാർട്ടുമെന്റിനുതന്നെയും ഇപ്രകാരമുള്ള ഒരു നിയമം ഏർപ്പെടുത്തി ഡിപ്പാർട്ടുമെന്റ് നടപടികൾ നിയമവശാൽ സാധൂകരിക്കണമെന്നുള്ള അഭിപ്രായം കഴിഞ്ഞ പത്തിരുപതു സംവത്സരങ്ങളായി വന്നിട്ടുണ്ടെന്ന് എനിക്കും ഈ സഭയിലിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാർക്കും അറിയാവുന്നതാണ്. ഇന്നലെത്തന്നെ, ഇവിടെ ഡയറക്ടറായിരുന്നു റിട്ടയർ ചെയ്ത ശ്രീ.ഐ.എൻ. മേനോൻ എനിക്കു എഴുതി അയച്ചതിൽ ഈ നിയമത്തെപ്പറ്റി സൂചിപ്പിച്ചത് ഇക്കാര്യങ്ങളാണ്. ഇപ്പോൾ ഡിപ്പാർട്ടുമെന്റിൽ പ്രവർത്തിക്കുന്ന അധികൃതന്മാരും ഈ അഭിപ്രായം തന്നെയാണ് വളരെക്കാലമായി എടുത്തിട്ടുള്ളത്. ഈ ഗവണ്മെന്റ് ബിൽ അവതരിപ്പിക്കുമ്പോൾ പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളത് ഡിപ്പാർട്ടുമെന്റിൽനിന്നും ഏർപ്പെടുത്തിയിട്ടുള്ള നടപടികളും നിബന്ധനകളും പ്രൈവറ്റ് മേഖലയ്ക്കും സർക്കാർ മേഖലയ്ക്കും ഒരു നിയമപ്രാബല്യം നൽകണമെന്നതാണ്. നിയമപ്രാബല്യം ഇല്ലാത്തതിനാൽ ഡിപ്പാർട്ടുമെന്റ് നിബന്ധനകളെ കോടതികൾപോലും ചോദ്യം ചെയ്യുന്ന സ്ഥിതിവിശേഷം ഈ നാട്ടിൽ ഉണ്ടായിട്ടുണ്ട്. അതിൽനിന്നും മോചനം ലഭിക്കുന്നതിനുള്ള നടപടികൾ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകന്മാർക്കും ഒരു അടിയന്തിരാവശ്യമായിത്തീർന്നിരിക്കുന്നു എന്നുള്ളതിനെ മുൻനിർത്തിയാണ് ഈ നിയമം സഭയിൽ അവതരിപ്പിക്കുന്നത്. ഇതിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചു സവിസ്തരമായി ഞാൻ പ്രസ്താവിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പറന്മാർ ബില്ലിന്റെ നാനാവശങ്ങളെക്കുറിച്ചു ചിന്തിച്ചശേഷം ഗവണ്മെന്റിനു വേണ്ടി എന്തെങ്കിലും പറയാനുണ്ടെങ്കിൽ അപ്പോൾ പറഞ്ഞുകൊള്ളാം. ഇതിൽ ഡിപ്പാർട്ടുമെന്റ് നടപടികൾക്കു പുറമേ വിശേഷിച്ചു എന്തെങ്കിലും ഉണ്ടോ എന്നുചോദിച്ചാൽ ചില കാര്യങ്ങളെല്ലാം ഉണ്ടെന്നു പറയാം.

എല്ലാ മേഖലകളിലുമുള്ള അദ്ധ്യാപകന്മാർക്കും ഗവണ്മെന്റ് മുഴുവൻ ശമ്പളം കൊടുക്കണമെന്നുള്ള ഉത്തരവാദിത്വം കഴിഞ്ഞ ഗവണ്മെന്റിന്റെ നേതാവായിരുന്ന ശ്രീ.പി.എസ്.റാവു തന്നെ ഒരുത്തരവുമൂലം നടപ്പിലാക്കിയിട്ടുണ്ട്. അങ്ങനെ മുഴുവൻ ശമ്പളവും ഗവണ്മെന്റിൽ നിന്നും കൊടുക്കുന്ന ഏർപ്പാട് വന്നതിനുശേഷം ആ ശമ്പളം ഗവണ്മെന്റ് നേരിട്ടുകൊടുക്കുന്നതാണ് ഉത്തമമെന്ന് എല്ലാ അദ്ധ്യാപകന്മാരും അദ്ധ്യാപകസംഘടനകളും ഗവണ്മെന്റിനെ ധരിപ്പിച്ചിട്ടുണ്ട്. കൊച്ചിയിൽ ശ്രീ.ഷണ്മുഖം ചെട്ടിയുടെ കാലത്തും തിരുവിതാംകൂറിൽ സർ സി.പി. യുടെ കാലത്തും മലബാറിൽ രാജഗോപാലാചാരിയുടെ കാലത്തും അദ്ധ്യാപക വിഭാഗങ്ങളിൽ നിന്നും പൊന്തിവന്നിട്ടുള്ള ഒരു അടിയന്തിരാവശ്യമാണിത്. ഈ അടിയന്തിരാവശ്യത്തെ മലബാറിൽ നിറവേറ്റിക്കഴിഞ്ഞിട്ടുണ്ട്. മലബാറിലെ പ്രൈവറ്റ് മേഖലയിലുള്ള അദ്ധ്യാപകന്മാർക്ക് മദ്രാസ് ഗവണ്മെന്റിന്റെ നടപടിയെ അംഗീകരിച്ച് നേരിട്ടു ശമ്പളം കൊടുക്കുന്ന ഏർപ്പാടാണ് ഇന്നുള്ളത്. ആ ഏർപ്പാട് തിരുവിതാംകൂർ - കൊച്ചിയിലേയ്ക്കും വ്യാപിപ്പിക്കാനാണ് ഗവണ്മെന്റുദ്ദേശിക്കുന്നത്. ആ നടപടി ഇങ്ങോട്ടു വ്യാപിപ്പിക്കുന്നതിന് ഒരു ബില്ലിന്റെ ആവശ്യമില്ലെന്ന് ഗവണ്മെന്റിനറിയാം. ഒരു എക്സിക്യൂട്ടിവ് ഉത്തരവുമൂലം നടപ്പാക്കാവുന്നതാണെന്ന ഗവണ്മെന്റിനറിയാം. ഗവണ്മെന്റിൽ നിന്നും നേരിട്ടു ശമ്പളം കൊടുക്കുക എന്ന സമ്പ്രദായം പരക്കെ അംഗീകരിക്കുന്നതോടുകൂടി അദ്ധ്യാപകന്മാരും മാനേജരന്മാരും തമ്മിലുള്ള യജമാനഭൃത്യബന്ധത്തിന് ഒരു പരിവർത്തനം വരുത്തണമെന്നുള്ള സംഗതി ഈ സഭയുടെ മുമ്പിൽ വയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇത്രയും കാലമായിട്ട് ഗവണ്മെന്റിൽനിന്നും ഗ്രാന്റുവാങ്ങി അദ്ധ്യാപകന്മാർക്ക് ശമ്പളം കൊടുത്തുപോന്നിട്ടുള്ള മാനേജരന്മാർ ഈ രാജ്യത്തെ അദ്ധ്യാപകന്മാരെ അവരുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളായിട്ടാണ് പരിഗണിച്ചിരുന്നതെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാമെന്നുള്ളതാണ്. മേലിൽ നേരിട്ടു ഗവണ്മെന്റ് ശമ്പളം കൊടുക്കുന്നു എന്ന സ്ഥിതി വന്നുപോയാൽ മാനേജരന്മാരും അദ്ധ്യാപകന്മാരും തമ്മിലുള്ള ബന്ധം പഴയപോലെ യജമാനഭൃത്യബന്ധം ആയിരിക്കരുതെന്നു ഗവണ്മെന്റിനഭിപ്രായമുണ്ട്. ആ ബന്ധം അവസാനിപ്പിച്ച് വിദ്യാഭ്യാസമേഖലയിൽ തുല്യമായ സേവന പ്രവണതയോടുകൂടി ഡിപ്പാർട്ടുമെന്റും മാനേജരന്മാരും അദ്ധ്യാപകന്മാരും ഏകോപിച്ചും സഹകരിച്ചും ഒരു പ്രവർത്തനം ഭാവിയിൽ ഈ രാജ്യത്തുണ്ടാകണമെന്നുള്ള പ്രത്യാശയോടുകൂടിയാണ് ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നത്. ഇങ്ങനെ അദ്ധ്യാപകന്മാരുടെ നില ഉയർത്തുന്നതോടുകൂടി സ്കൂൾ മാനേജരന്മാരെ സംബന്ധിച്ചും ചില വ്യവസ്ഥകൾ ചെയ്യാൻ ആലോചിക്കുന്നുണ്ട്. ഈ കാലംവരെ മാനേജരന്മാർ ആവശ്യപ്പെട്ടാൽ ഗ്രാന്റുകൊടുക്കും എന്നേയുള്ളൂ. സാമൂഹ്യബോധത്തോടുകൂടി വിദ്യാഭ്യാസമേഖലയിൽ സേവനമനുഷ്ഠിക്കാൻ മുന്നോട്ടുവന്നിട്ടുള്ള മാനേജിംഗ് ഏജൻസികൾക്ക് സ്കൂൾ സജ്ജീകരണങ്ങൾക്കും സ്കൂൾ നടത്തിപ്പിനും മറ്റുമായി വളരെ ഉദാരമായി ഗ്രാന്റ് കൊടുക്കാനാണു ഗവണ്മെന്റ് ഈ ബില്ലുമൂലം ഉദ്ദേശിക്കുന്നത്. ഗ്രാന്റ് ലഭിക്കാതെ അവർക്ക് സ്കൂളുകൾ നടത്താൻ സാധിക്കയില്ലെന്ന് ഗവണ്മെന്റിന് ബോദ്ധ്യമായിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും സംഭാവനകൾ പിരിച്ചാണ് മിക്ക നല്ല മാനേജ്മെന്റുകളും സ്കൂൾ കെട്ടിടങ്ങൾ ഉണ്ടാക്കുന്നതെന്നിരുന്നാലും അവർക്ക് പോരാതെവരുന്നതിന് വലിയ ഒരു സംഖ്യ സംഭാവനചെയ്തേ മതിയാവൂ എന്നു ഗവണ്മെന്റിനറിയാം. അപ്രകാരമുള്ള സജ്ജീകരണങ്ങൾക്കും സ്കൂൾ നടത്തിപ്പിനും ഗ്രാന്റുകൊടുക്കാൻ ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. അങ്ങനെ മാനേജരന്മാർക്ക് അവരുടെ വീതവും അദ്ധ്യാപകന്മാർക്ക് അവരുടെ വീതവും നൽകി ഇരുവിഭാഗക്കാരെയും യോജിപ്പിക്കണമെന്നാണ് ഗവണ്മെന്റുദ്ദേശിക്കുന്നത്. പ്രൈവറ്റ് വിദ്യാഭ്യാസമേഖലയിൽ എത്രയോ കാലമായി പ്രവർത്തിച്ച് നാട്ടുകാരുടെയും ഗവണ്മെന്റിന്റെയും കൃതജ്ഞത അർഹിക്കുന്ന ഏജൻസികളെ നിരുത്സാഹപ്പെടുത്തണമെന്നോ, അവരുടെ അവകാശങ്ങളെ ധ്വംസിക്കണമെന്നോ, ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നില്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

മറ്റൊരുകാര്യം പറയാനുള്ളത് ലോക്കൽ എഡ്യൂക്കേഷൻ അതോറിട്ടിയെ സംബന്ധിച്ചാണ്. ഇവിടെയുള്ള ഡിപ്പാർട്ട്മെന്റുകളെല്ലാം വികേന്ദ്രീകരിക്കണമെന്നുള്ള അഭിപ്രായം ഈ സഭയിൽ അനേകം അവസരങ്ങളിൽ പൊന്തി വന്നിട്ടുണ്ട്. പല ഡിപ്പാർട്ട്മെന്റുകളും വികേന്ദ്രീകരിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നുണ്ട്. വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റാണെങ്കിലും കാസർഗോഡ് മുതൽ പാറശ്ശാല വരെ വ്യാപ്തമായി കിടക്കുന്ന ഒരു ഡിപ്പാർട്ട്മെന്റാണെന്ന് ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറൻമാർക്ക് അറിയാം. ഈ ഡിപ്പാർട്ട്മെന്റ് വികേന്ദ്രീകരിച്ചേ കഴിയൂ എന്ന് പരക്കെ സമ്മതിക്കുകയുണ്ടായിട്ടുണ്ട്. ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷൻ ഓഫീസർ, അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ, ഡിവിഷണൽ ഇൻസ്പെക്ടർ ഓഫ് സ്കൂൾസ് എന്നിങ്ങനെ പല ഉദ്യോഗസ്ഥൻമാരും ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും അധികാര വികേന്ദ്രീകരണം എന്ന തത്വം വേണ്ടത്ര അംഗീകരിച്ച് കഴിഞ്ഞിട്ടില്ലാത്തതിനാൽ അദ്ധ്യാപകൻമാരുടെയും മാനേജർമാരുടെയും കാര്യങ്ങൾ നിറവേറ്റി കിട്ടുന്നതിന് താമസം നേരിടുന്നുണ്ട്. ആ അസൗകര്യങ്ങൾ പരിഹരിക്കുന്നതിലേക്ക് ഹെഡ് ഓഫീസിൽ കൂട്ടിപ്പിടിച്ച് കിടക്കുന്ന അധികാരമാറ്റം താഴോട്ടുള്ള ഓഫീസർമാർക്ക് വിട്ടുകൊടുക്കണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അധികാരം എവിടെ ഉണ്ടാകുന്നോ അതിന്റെ കൂടെപ്പിറവിയാണ് അഴിമതി എന്ന് ലാർഡ് ആക്ഷൻ പറഞ്ഞിട്ടുള്ളത് ഈ സന്ദർഭത്തിൽ നാം ഓർമിക്കണം. അങ്ങനെ താഴോട്ട് അധികാരം വരുമ്പോൾ അഴിമതിയും സംഭവിക്കാമെന്നുള്ളത് മറച്ചു വയ്ക്കേണ്ട കാര്യമില്ലെന്ന് ഗവൺമെന്റ് വിചാരിക്കുന്നു. ആ അപകടസ്ഥിതിക്ക് ബ്രിട്ടണിലും അമേരിക്കയിലും നിർദ്ദേശിച്ചിട്ടുള്ള ഒരു പ്രതിവിധിയാണ് ഈ ലോക്കൽ എഡ്യൂക്കേഷൻ കൗൺസിലുകൾ. 1940 ൽ ബ്രിട്ടണിൽ പാസ്സാക്കിയിട്ടുള്ള ആക്ട് പ്രകാരം വിദ്യാഭ്യാസപരമായ കമ്മിറ്റികൾ സംഘടിപ്പിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. എല്ലാ സ്കൂളുകളുടേയും കൗണ്ടി കൗൺസിൽ മാനേജ്മെന്റ് വഹിക്കുന്നില്ല. കൗണ്ടി കൗൺസിലുകളിൽ മാനേജർമാരുടെയും പ്രതിനിധികളേയും ഉൾക്കൊള്ളിക്കാറുണ്ട്. കൗണ്ടികൗൺസിലുകൾ വഴി ഡിപ്പാർട്ട്മെന്റ് സ്കൂളുകളെ സംബന്ധിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കും. മാനേജർമാർക്ക് വേണ്ടിവന്നാൽ ഗവൺമെന്റിന്റെ അടുക്കൽ നിവേദനം നടത്താനുള്ള സൗകര്യം നല്കിയിട്ടുണ്ട്. അതുപോലെ ഇവിടെ പ്രാദേശിക വിദ്യാഭ്യാസ സമിതികൾ സംഘടിപ്പിച്ച് അതിൽ മാനേജ്മെന്റുകളെയും അദ്ധ്യാപകന്മാരേയും മറ്റു വിദ്യാഭ്യാസ വിഷയത്തിൽ താല്പര്യമുള്ളവരുടെ പ്രതിനിധികളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ഡിസ്ട്രിക്ട് ഇൻസ്പെക്ടർ ഓഫ് സ്കൂൾസുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ഒരവസ്ഥ പരീക്ഷിച്ചു നോക്കണമെന്നാണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അത്തരത്തിലുള്ള ഒരു പരീക്ഷണത്തിന് വേണ്ടിയാണ് ഇവിടെ ലോക്കൽ എഡ്യൂക്കേഷൻ അതോറിറ്റിക്ക് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇങ്ങനെ വ്യവസ്ഥ ചെയ്യുന്നത് അത്യാപൽകരമാണെന്ന് ചിലർ അഭിപ്രായം പറഞ്ഞിട്ടുള്ളതായി ഗവൺമെന്റിന് അറിയാം. അത്തരം അഭിപ്രായങ്ങളെ തൽക്കാലം എതിർക്കുന്നതിനോ, കർശനമായി നിരൂപിക്കുന്നതിനോ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. നമ്മുടെ എല്ലാ ഭരണക്രമങ്ങൾക്കും മാതൃകയായി അംഗീകരിച്ചിട്ടുള്ള ഇംഗ്ലണ്ടിലും ഒരു പക്ഷേ അതിലുമുപരിയായി ചിലർ അംഗീകരിക്കുന്ന അമേരിക്കയിലും നടപ്പുള്ള ആ സമ്പ്രദായം ഡെമോക്രസിയുടെ നൃത്തരംഗമെന്ന് അഭിമാനിക്കുന്ന ഈ രാജ്യത്ത് ഒന്ന് പരീക്ഷിച്ചു നോക്കണമെന്ന് വിചാരിക്കുന്നു. ഇത് ജനാധിപത്യ മര്യാദയ്ക്ക് ഏറ്റവും ഭദ്രമായ ഒന്നാണെന്ന് ഗവൺമെന്റിന് അഭിപ്രായമുണ്ട്. ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ അപകടം സംഭവിക്കുകയാണെങ്കിൽ അത് ആ സിസ്റ്റത്തിന്റെ തെറ്റല്ലെന്നും അത്തരം സമിതികളിലേക്ക് തെരഞ്ഞെടുത്ത വ്യക്തികളുടെ തെറ്റാണെന്നും മാത്രേമേ വിചാരിക്കേണ്ടതുള്ളൂ. കാലാന്തരത്തിൽ ഈ നടപടികൾ മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കുമെങ്കിൽ നമ്മുടെ ജനപ്രതിനിധികൾക്ക് ഓഫീസറൻമാരുമായി സഹകരിച്ച് പ്രവർത്തിച്ച് നാട്ടുകാരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് ലോക്കൽ അതോറിറ്റീസിനെ സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഭയാശങ്കയ്ക്ക് കാര്യമില്ലെന്ന് ബഹുമാനപ്പെട്ട സഭയെ അറിയിച്ചുകൊള്ളുന്നു. പിന്നെ മാനേജ്മെന്റുകൾ ദൂഷിച്ചുപോയാൽ അത്തരം സ്കൂളുകളെ സംബന്ധിച്ച് എന്ത് നടപടി എടുക്കണമെന്നുള്ളത് ഈ ഡിപ്പാർട്ട്മെന്റിൽ ഏറ്റവും വലിയ കാര്യമായി

# 1958 ലെ കേരള എഡ്യുക്കേഷൻ ആക്ട്

## 1959 ലെ 6 ാമത് നിയമം

കേരളത്തിലെ വിദ്യാഭ്യാസ പരിവർത്തനങ്ങളിൽ വിപ്ലവം സൃഷ്ടിച്ച ഒന്നായിരുന്നു 1957 ജൂലൈ 13 ാം തീയതി അന്നത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. ജോസഫ് മുണ്ടശ്ശേരി നിയമസഭയിൽ അവതരിപ്പിച്ച കേരള വിദ്യാഭ്യാസ ബിൽ. സംസ്ഥാനത്തെ സ്കൂളുകളിലെ അദ്ധ്യാപകർക്ക് ന്യായമായ രീതിയിലുള്ള സേവന വേതന വ്യവസ്ഥ നടപ്പാക്കിക്കൊണ്ടും അവരുടെ നിയമനത്തിൽ സർക്കാരിന് വ്യക്തമായ പങ്ക് നിർണ്ണയിച്ചുകൊണ്ടും സർക്കാർ സ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നിർബന്ധിത വിദ്യാഭ്യാസം നടപ്പിലാക്കിക്കൊണ്ടും സാമൂഹ്യപ്രതിബദ്ധതയോടുകൂടി വിദ്യാഭ്യാസ മേഖലയിൽ സേവനമനുഷ്ഠിക്കാൻ തൽപരരായ മാനേജിംഗ് ഏജൻസികൾക്ക് സ്കൂൾ സജ്ജീകരണങ്ങൾക്കും സ്കൂൾ നടത്തിപ്പിനും ഉദാരമായ ഗ്രാന്റ് നൽകിക്കൊണ്ടും കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തെ കൂടുതൽ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് ഈ ബിൽ 1957 ജൂലൈ 13 ന് നിയമസഭയിൽ അവതരിപ്പിച്ചത്. ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും സെലക്ട് കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള ബിൽ 1957 ആഗസ്റ്റ് 24 ന് സഭ പരിഗണനയ്ക്ക് എടുക്കുകയും ചെയ്തു. 1957 സെപ്റ്റംബർ 2 ന് കേരള നിയമസഭ പാസ്സാക്കിയ ബിൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 201 പ്രകാരം രാഷ്ട്രപതി മടക്കി അയക്കുകയുണ്ടായി. എന്നാൽ 1958 നവംബർ 24 ന് കേരള നിയമസഭ ഈ ബിൽ പുനഃപരിഗണനയ്ക്കെടുക്കുകയും 1958 നവംബർ 28 ന് വീണ്ടും പാസ്സാക്കുകയും ചെയ്തു. തുടർന്ന് 1959 ഫെബ്രുവരി 19 ന് ഈ ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ലഭിച്ചതോടുകൂടി 1958 ലെ കേരള എഡ്യുക്കേഷൻ ആക്ട് നിലവിൽ വന്നു.

ഒന്നാം കേരള നിയമസഭയുടെ നിയമനിർമ്മാണത്തിലെ സുപ്രധാനമായ ഏടുകളിൽ ഒന്നായ 1958 ലെ കേരള എഡ്യുക്കേഷൻ ആക്ട്, പിൽക്കാലങ്ങളിൽ കാലോചിതമായ പല ഭേദഗതികൾക്കും വിധേയമായിട്ടുണ്ട്. ഈ ആക്ടുമായി ബന്ധപ്പെട്ട് ആദ്യത്തെ ഭേദഗതി ബിൽ നിയമസഭയിൽ അവതരിപ്പിച്ചത് 1960 ജൂൺ 23 ന് (രണ്ടാം കേരള നിയമസഭ) അന്നത്തെ മുഖ്യമന്ത്രിയായിരുന്ന പട്ടം എ.താണുപിള്ളയാണ്. 1958 ലെ എഡ്യുക്കേഷൻ ആക്ടിലെ 11 ാം വകുപ്പ് പ്രകാരം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെയും എയ്ഡഡ് സ്കൂളുകളിലെയും അദ്ധ്യാപക നിയമനം പി.എസ്.സി. തയ്യാറാക്കുന്ന സെലക്ഷൻ ലിസ്റ്റിൽ നിന്നാകണമെന്നാണ് നിഷ്കർഷിച്ചിരുന്നത്. ഈ വ്യവസ്ഥ നടപ്പാക്കുന്നതിന് വ്യക്തമായ അഭിപ്രായ ഐക്യം കൈവരിക്കേണ്ടത് ആവശ്യമാണെന്നതുകൊണ്ട് പ്രസ്തുത വകുപ്പ് 1961 ജനുവരി 1 വരെ സസ്പെൻഡ് ചെയ്യുന്നതിനുവേണ്ടി ഭേദഗതി ബിൽ കൊണ്ടുവന്നു. ഈ ഭേദഗതി ബിൽ 1960 ജൂൺ 23 ന് നിയമസഭ പാസ്സാക്കുകയും അതിന് 1960 ജൂലൈ 6 ന് ഗവർണറുടെ അനുമതി ലഭിക്കുകയും ചെയ്തു.

1958 ലെ കേരള എഡ്യുക്കേഷൻ ആക്ടുമായി ബന്ധപ്പെട്ട രണ്ടാമത്തെ ഭേദഗതി ബിൽ, 1960 ഡിസംബർ 14 ന് നിയമസഭയിൽ അവതരിപ്പിച്ചതും പട്ടം എ.താണുപിള്ളയാണ്. എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം സർക്കാർ സ്കൂളുകളിലേതുപോലെ പി.എസ്.സി. തയ്യാറാക്കുന്ന സെലക്ഷൻ ലിസ്റ്റിൽ നിന്നായിരിക്കണമെന്ന മൂലനിയമത്തിലെ വ്യവസ്ഥ മാറ്റിക്കൊണ്ട് എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരെ സ്കൂളിന്റെ മാനേജർക്ക് നിയമിക്കാമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിനും, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സർക്കാർ സ്കൂൾ അദ്ധ്യാപകരുടേതിനു തുല്യമായിരിക്കുമെന്ന് മൂലനിയമത്തിൽ പ്രതിപാദിച്ചിരുന്നത് മാറ്റി എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിനും സർക്കാർ നടത്തുന്നതും സർക്കാർ ഫണ്ടിന്റെ സഹായത്തോടെ നടത്തുന്നതുമായ സ്കൂളുകളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നവർ എന്നീ വിഭാഗങ്ങളിലുള്ളവരുടെ അഡ്മിഷൻ സുഗമമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്താൻ ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരം നൽകുന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനുമായിരുന്നു ഭേദഗതി ബിൽ കൊണ്ടുവന്നത്. 1960 ഡിസംബർ 21 ന് നിയമസഭ പാസ്സാക്കിയ ഭേദഗതി ബില്ലിന് 1960 ഡിസംബർ 26 ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചതോടെ 1960 ജൂലൈ 6 ന് നിലവിൽ വന്ന 1960 ലെ കേരള എഡ്യുക്കേഷൻ (അമെന്റ്മെന്റ്) ആക്ട് റദ്ദാക്കപ്പെട്ടു.

1958 ലെ കേരള എഡ്യുക്കേഷൻ ആക്ടുമായി ബന്ധപ്പെട്ട മൂന്നാമത്തെ ഭേദഗതി ബിൽ നിയമസഭയിൽ അവതരിപ്പിച്ചത് 1969 ആഗസ്റ്റ് 5 നാണ് (മൂന്നാം കേരള നിയമസഭ). എയ്ഡഡ് സ്കൂളിൽ ഭരണപരമായ അച്ചടക്കം നിലനിർത്തുന്നതിനും സർക്കാർ ട്രഷറിയിൽ നിന്നും ശമ്പളം പറ്റുന്നവരുടെ മേൽ സർക്കാരിനുള്ള നിയന്ത്രണാധികാരം ഉറപ്പാക്കുന്നതിനും എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ഭാഗത്ത് ഗുരുതരമായ കൃത്യവിലോപമോ തെറ്റുകുറ്റങ്ങളോ സംഭവിക്കുന്ന പക്ഷം നടപടി സ്വീകരിക്കുവാൻ സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനുമായാണ് അന്നത്തെ വിദ്യാഭ്യാസ മന്ത്രി സി.എച്ച്.മുഹമ്മദ് കോയ ഈ ഭേദഗതി ബിൽ നിയമസഭയിൽ അവതരിപ്പിച്ചത്. ബിൽ 1969 ആഗസ്റ്റ് 6 ന് സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 1969 ആഗസ്റ്റ് 21 ന് സഭ പരിഗണനയ്ക്ക് എടുക്കുകയും ചെയ്തു. 1969 ലെ 3 ാം നമ്പർ ഓർഡിനൻസിനു പകരമായി കൊണ്ടുവന്ന ഭേദഗതി ബിൽ 1969 ആഗസ്റ്റ് 21 ന് നിയമസഭ പാസ്സാക്കുകയും 1969 സെപ്റ്റംബർ 11 ന് ഗവർണ്ണറുടെ അനുമതി ലഭിക്കുകയും ചെയ്തു.

1958 ലെ കേരള എഡ്യുക്കേഷൻ ആക്ടുമായി ബന്ധപ്പെട്ട നാലാമത്തെ ഭേദഗതി ബിൽ നിയമസഭയിൽ അവതരിപ്പിച്ചത് 1983 മാർച്ച് 9 ന് (ഏഴാം കേരള നിയമസഭ) അന്നത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ടി.എം.ജേക്കബാണ്. സർക്കാർ സ്കൂൾ അദ്ധ്യാപകർക്ക് ഏതെങ്കിലും ആനുകൂല്യം നൽകുമ്പോൾ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും അവ നൽകുന്നതിന് ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടി വരുന്നതിനാൽ പലപ്പോഴും ആനുകൂല്യം നൽകുന്നതിന് കാലതാമസം നേരിടേണ്ടി വരുന്നതിനാലും മൂലനിയമത്തിൽ മുൻകാലപ്രാബല്യത്തോടെ ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള വ്യവസ്ഥകൾ ഇല്ലാത്തതിനാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുമ്പോൾ അവയ്ക്ക് മുൻകാലപ്രാബല്യം ലഭിക്കാത്തതിനാലും സർക്കാരിന് മുൻകാലപ്രാബല്യത്തോടെ അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിൽ വരത്തക്കവിധം ചട്ടങ്ങൾ നിർമ്മിക്കാം എന്ന ഭേദഗതി കൊണ്ടുവരുന്നതിനാണ് ഈ ബിൽ സഭയിൽ അവതരിപ്പിച്ചത്. 1983 മാർച്ച് 10 ന് ബിൽ സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 1985 മാർച്ച് 14 ന് സഭ പരിഗണനയ്ക്ക് എടുക്കുകയും ചെയ്തു. 1985 മാർച്ച് 14 ന് നിയമസഭ പാസ്സാക്കിയ ഈ ഭേദഗതി ബില്ലിന് 1985 ഏപ്രിൽ 11 ന് ഗവർണ്ണറുടെ അനുമതി ലഭിക്കുകയുണ്ടായി.

കേരള ഡീ-സെൻട്രലൈസേഷൻ ഓഫ് പവേഴ്സ് ആക്ട് 2006 നിലവിൽ വന്നതോടെ 1958 ലെ കേരള എഡ്യുക്കേഷൻ ആക്ടിലെ വിവിധ വകുപ്പുകളിലും പല ഭേദഗതികൾ വരുത്തുകയുണ്ടായി. മൂലനിയമത്തിലെ 2 ാം വകുപ്പിൽ ഡിസ്ട്രിക്ട് എഡ്യുക്കേഷൻ അതോറിറ്റി, ലോക്കൽ അതോറിറ്റി എന്നീ പദങ്ങൾക്ക് നിർവ്വചനം ഉൾപ്പെടുത്തുകയും മൂലനിയമത്തിലെ 5 ാം വകുപ്പിനുശേഷം 5എ എന്ന പുതിയ വകുപ്പ് ചേർക്കുകയും 14,15 വകുപ്പു പ്രകാരം സർക്കാർ ഏറ്റെടുക്കുന്ന സ്കൂളുകൾ അതത് ലോക്കൽ അതോറിറ്റികളുടെ കീഴിൽ പ്രവർത്തിക്കുന്നതാണെന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കുകയും ചെയ്തു. കൂടാതെ, ഓരോ ജില്ലകൾക്കും ഡിസ്ട്രിക്ട് എഡ്യുക്കേഷൻ അതോറിറ്റികൾ രൂപീകരിക്കുന്നതിനും ലോക്കൽ അതോറിറ്റികൾ തോറും എഡ്യുക്കേഷണൽ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും ഉള്ള പുതിയ വ്യവസ്ഥകളും നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.


പ്രൊഫ. ജോസഫ് മുണ്ടശ്ശേരി


പട്ടം എ.താണുപിള്ള


സി.എച്ച്.മുഹമ്മദ് കോയ


ടി.എം.ജേക്കബ്

കിടക്കുകയാണ്. ഈയിടെ മദ്രാസിൽ നടപ്പുണ്ടായിരുന്ന നിയമത്തിലെ ഒരു വ്യവസ്ഥ ഉപയോഗിച്ചാണ് മലബാറിലുള്ള ഗണപതി സ്കൂളിലും മറ്റും ഗവൺമെന്റ് നടപടികൾ എടുത്തത്. അപ്രകാരമുള്ള വ്യവസ്ഥ മദ്രാസ് ആക്ടിൽ ഉണ്ടെന്ന് കണ്ടപ്പോൾ തിരുവിതാംകൂർ-കൊച്ചിയിലും അത് വ്യാപിപ്പിക്കുന്നത് പ്രയോജനകരമായിരിക്കുമെന്ന് ഗവൺമെന്റിന് തോന്നുകയും അതനുസരിച്ച് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുകയും ചെയ്തിരിക്കുന്നു. മാനേജ്മെന്റിൽ കുഴപ്പമുണ്ടെന്ന് കണ്ടാൽ ഇന്നുതന്നെ മാനേജ്മെന്റിനെ ഡിസ്ക്വാളിഫൈ ചെയ്യുന്നതിന് നിബന്ധന, ഡിപ്പാർട്ടുമെന്റിലുണ്ട്. ആ നിബന്ധനയനുസരിച്ച് ഡിസ്ക്വാളിഫൈ ചെയ്യുന്ന ഉത്തരവ് ഉണ്ടായാൽ അതിനെ ലീഗൽ സാംഗ്ഷൻ ഇല്ലെന്ന് ഒരു കുറ്റമുണ്ട്. അത് പരിഹരിക്കാനാണ് മദ്രാസ് ആക്ടിൽ നിന്നും ആ ഭാഗം എടുത്തു ചേർത്തിട്ടുള്ളത്. ഇതിന്റെ അർത്ഥം രാജ്യത്തുള്ള മാനേജ്മെന്റുകളുടെ നേരെ അക്രമപരമായ നടപടികൾ എടുക്കാൻ ഗവൺമെന്റിന് അധികാരം കൊടുക്കുന്നു എന്നല്ല. മദ്രാസ് ആക്ടിൽ ഈ അധികാരം ഉണ്ടായിരുന്നിട്ടും അവിടെയുള്ള സ്കൂളുകളെ സംബന്ധിച്ചിടത്തോളം ന്യായവിരുദ്ധമായി യാതൊരു നടപടികളും എടുത്തിട്ടില്ല. കേരള സംസ്ഥാനം രൂപീകരിച്ചതിന് ശേഷം മദ്രാസ് ആക്ടിലെ ആ വ്യവസ്ഥ ഉപയോഗപ്പെടുത്തി നാലഞ്ചു സ്കൂളുകളിൽ നടപടികൾ എടുത്തിട്ട് ആ നടപടികൾ കുറ്റകരമാണെന്ന് കോഴിക്കോട് തുടങ്ങിയുള്ള പ്രദേശങ്ങളിലുള്ള യാതൊരുത്തരും പറഞ്ഞു കേട്ടിട്ടില്ല. ഗണപതി സ്കൂളിലെ സ്തംഭനാവസ്ഥ ശരിപ്പെടുത്താൻ ആ വ്യവസ്ഥ ഫലപ്രദമായി തീർന്നു എന്ന് പറയാൻ കഴിയും. അതുകൊണ്ട് ആ വ്യവസ്ഥ തിരുവിതാംകൂർ-കൊച്ചി ഭാഗത്തേക്കും വ്യാപിപ്പിച്ച് നമ്മുടെ പ്രൈവറ്റ് മേഖലയിലുള്ള സ്കൂളുകളിൽ ഏതെങ്കിലും സ്കൂൾ സ്തംഭനാവസ്ഥയിൽ എത്തുകയാണെങ്കിൽ അതു പരിഹരിക്കുന്നതിന് ഗവൺമെന്റിന് അധികാരം കിട്ടണം. അതിന് വേണ്ടിമാത്രമാണ് ആ വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൂടാതെ ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും അടിസ്ഥാനപരമായ കാരണങ്ങളെ മുൻനിറുത്തി ഗവൺമെന്റിന് സ്കൂളുകൾ ഏറ്റെടുക്കണമെന്ന് തോന്നിയാൽ പ്രതിഫലം നൽകി സ്കൂളുകൾ ഏറ്റെടുക്കുന്നതിലേയ്ക്ക് ഒരു വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് പതിനാല് വയസ്സുവരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം കൊടുക്കണമെന്നുള്ള ഭരണഘടനയിലെ വ്യവസ്ഥ പരിപൂർണ്ണമായി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള ഒരു എനേബിളിംഗ് പ്രൊവിഷനാണ്. തിരുവിതാംകൂറിൽ സർ സി. പി. യുടെ കാലത്ത് കമ്പൽസറി പ്രൈമറി എഡ്യുക്കേഷൻ ആക്ട് ഉണ്ടായതായി നമുക്ക് അറിയാം. വല്ല പ്രദേശത്തും മാനേജ്മെന്റിന്റെ നില എതിരാണെന്ന് ഗവൺമെന്റിന് ബോധ്യമായാൽ ആ സ്കൂൾ ഏറ്റെടുത്ത് പൂർണ്ണമായും ഗവൺമെന്റ് വിദ്യാഭ്യാസകാര്യം നിർവ്വഹിക്കുന്നു എന്നുള്ള പാരമ്പര്യത്തിന് ഒരു ഉദാഹരണം സൃഷ്ടിക്കാനുള്ള അവസരം ഈ വ്യവസ്ഥ മൂലം ഗവൺമെന്റിന് ലഭിക്കുന്നതാണ്. ആ ഒറ്റ ഉദ്ദേശ്യമേ ആ വ്യവസ്ഥയിൽ ഉള്ളൂ. അല്ലാതെ ഈ രാജ്യത്തുള്ള എല്ലാ സ്കൂളുകളും ഒന്നടങ്കം ദേശസാൽക്കരിക്കുന്ന അപകടം പിടിച്ച ഒരു സ്ഥിതിവിശേഷം ഈ രാജ്യത്ത് സൃഷ്ടിക്കണമെന്നുള്ള ഉദ്ദേശ്യത്തിലല്ല ആ വ്യവസ്ഥ ചേർത്തിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇങ്ങനെ പ്രധാനമായ വ്യവസ്ഥകളെ കുറിച്ച് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ബില്ലിനെ ബഹുമാനപ്പെട്ട സഭയുടെ സാദരവും യുക്തിപൂർവ്വകവുമായ ചർച്ചയ്ക്ക് സമർപ്പിച്ചു കൊള്ളുന്നു".

1948 ൽ കൊച്ചി നിയമസഭാംഗമായി രാഷ്ട്രീയ ജീവിതം ആരംഭിച്ച പ്രൊഫ. ജോസഫ് മുണ്ടശ്ശേരി 1949 മുതൽ 1952 വരെയും 1954 മുതൽ 1956 വരെയും തിരു-കൊച്ചി നിയമസഭാംഗമായി പ്രവർത്തിച്ചു. 1956 ൽ ഐക്യ കേരളം നിലവിൽ വന്ന ശേഷം കേരള നിയമസഭയിലേക്ക് നടന്ന പ്രഥമ തെരഞ്ഞെടുപ്പിൽ മണലൂർ നിയോജക മണ്ഡലത്തിൽ നിന്നും നിയമസഭാംഗമായി. 1957 ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ വിദ്യാഭ്യാസം, സഹകരണം എന്നീ വകുപ്പുകളുടെ ചുമതല വഹിച്ചു. 1970 ലെ പൊതുതെരഞ്ഞെടുപ്പിൽ നാലാം കേരള നിയമസഭയിലേക്ക് തൃശ്ശൂർ മണ്ഡലത്തിൽ നിന്നും വിജയിച്ച് നിയമസഭാംഗമായി. അദ്ധ്യാപകൻ, സാഹിത്യ-സാംസ്കാരിക, രാഷ്ട്രീയ പ്രവർത്തകൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രൊഫ. ജോസഫ് മുണ്ടശ്ശേരി 1977 ഒക്ടോബർ 25 ന് അന്തരിച്ചു.



# 100 ദിന കർമ്മ പദ്ധതി



**പിണറായി വിജയൻ, മുഖ്യമന്ത്രി**

കേരളത്തിലെ രാഷ്ട്രീയചരിത്രത്തിൽ മുമ്പെങ്ങുമില്ലാത്ത വിധത്തിലുള്ള ഒരു ജനവിധിയിലൂടെ അധികാരത്തിലേറിയ സർക്കാർ നൂറു ദിനങ്ങൾ പിന്നിട്ടിരിക്കുകയാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തുടർന്നുവന്ന ജനകീയ ബദൽ നയങ്ങൾക്കുള്ള അംഗീകാരമായിരുന്നു ആ ജനവിധി. അതുകൊണ്ടു തന്നെ ആ നയങ്ങൾക്ക് കൂടുതൽ കരുത്തുപകരുന്ന രീതിയിൽ അടുത്ത ഘട്ടത്തിലേക്ക് കുതിക്കുവാൻ ഒരുങ്ങി നിൽക്കുകയാണ് നാം. ആ കുതിപ്പിന് കളമൊരുക്കുവാനാണ് കഴിഞ്ഞ നൂറു ദിനങ്ങൾ സർക്കാർ ഉപയോഗിച്ചത്.

വൈജ്ഞാനിക സമ്പദ്ഘടനയായും നൂതനത്വ സമൂഹമായും കേരളത്തെ വാർത്തെടുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. അതിൽ അറിവിന്റെ ഉത്പാദനത്തെ പോലെ തന്നെ വിതരണവും പ്രാധാന്യം അർഹിക്കുന്നു. വിജ്ഞാനത്തിന്റെ സാർവ്വത്രിക ലഭ്യത ലക്ഷ്യംവച്ചുകൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്തു തന്നെ ഇന്റർനെറ്റ് പൗരാവകാശമായി പ്രഖ്യാപിച്ചത്. കോവിഡ് മഹാമാരിയുടെ കാലത്ത് ലോകത്തിന്റെ പലയിടങ്ങളിലുമുള്ള കുട്ടികൾ വിദ്യാഭ്യാസ ഭൂപടത്തിൽ നിന്നും പുറംതള്ളപ്പെട്ടു പോകുന്ന കാഴ്ച നാം കണ്ടതാണ്. എന്നാൽ ഇവിടെ ഒരു കുട്ടിപോലും അതിന് പുറത്തല്ല എന്നുറപ്പാക്കുവാൻ കഴിഞ്ഞു എന്നതിൽ നമുക്ക് അഭിമാനിക്കാം. അതിന് തുടർച്ചയേകാനായി സാർവ്വത്രികമായി ഡിജിറ്റൽ പഠനോപകരണങ്ങൾ ഉറപ്പുവരുത്താനുള്ള ബദൽ മാതൃകയുമായി നാം മുന്നോട്ടു പോകുകയാണ്.

വികസനം എന്ന വാക്ക് പലപ്പോഴും മാത്സര്യത്തിന്റെ ചിഹ്നമായാണ് അവതരിപ്പിക്കപ്പെടുന്നത്. സാമൂഹികവും സാമ്പത്തികവും വൈയക്തികവുമായ വിവിധതലങ്ങളിൽ മുന്നിൽ നിൽക്കുന്നവർ മാത്രമേ അതിന്റെ പരിഗണനയിൽ വരുന്നുള്ളു. ഇതിന് ഒരു ബദൽ ആയാണ് കേരളവികസനത്തിന്റെ ജനകീയ ബദൽ മാതൃക അവതരിപ്പിക്കപ്പെട്ടത്. അത് മാത്സര്യത്തിനു പകരം പാരസ്പര്യത്തെയാണ് ഉയർത്തിപ്പിടിച്ചത്. ആ ആശയത്തിന്റെ അടിസ്ഥാനത്തിൽ പടുത്തുയർത്തപ്പെടുന്ന നവകേരളം സുസ്ഥിരവും വികസിതവും എല്ലാവരെയും ഉൾക്കൊള്ളുന്നതും ആയിരിക്കുമെന്ന് ഉറപ്പുവരുത്തുകയാണ് സർക്കാർ. അതിനായുള്ള നിലമൊരുക്കാൻ കൂടിയാണ് നൂറുദിന കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത്.

ജൂൺ 11 മുതൽ സെപ്തംബർ 19 വരെയുള്ള കാലയളവിലാണ് കർമ്മപരിപാടി വിഭാവനം ചെയ്തിരിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ എന്നീ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും നമ്മുടെ പൊതുവികസനം ലക്ഷ്യം വച്ചുള്ള പരിപാടികൾ നടപ്പാക്കുന്നതിനുമാണ് നൂറുദിന കർമ്മ പദ്ധതിയിൽ ഊന്നൽ നൽകിയിരിക്കുന്നത്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ശാസ്ത്ര സാങ്കേതിക മേഖലയിലും നൈപുണ്യ വികസന രംഗത്തും മുന്നേറ്റം കൈവരിക്കുന്നതിനും ഈ കർമ്മ പദ്ധതിയിലൂടെ നടപ്പാക്കുന്ന 2,464.92 കോടി രൂപയുടെ വിവിധ പദ്ധതികൾ സഹായകമാകും.

ഇരുപത് ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന സുപ്രധാന പദ്ധതിയുടെ രൂപരേഖ കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ പൂർത്തിയാക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ 1000 ൽ 5 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതിയുടെ കരട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുകയാണ്. വിവിധ വകുപ്പുകളുടെ കീഴിൽ പ്രത്യക്ഷമായും പരോക്ഷമായും 77,350 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടിടത്ത് 57,049 തൊഴിലവസരങ്ങൾ ആഗസ്റ്റ് 31 നകം സൃഷ്ടിച്ചുകഴിഞ്ഞു.

വൻ പ്രകൃതിദുരന്തങ്ങളെ നേരിട്ട നമ്മുടെ സംസ്ഥാനത്ത് ദുരന്താഘാത ശേഷിയുള്ള പശ്ചാത്തല സൗകര്യങ്ങൾ സമയബന്ധിതമായി സൃഷ്ടിക്കാനായി രൂപപ്പെടുത്തിയ പദ്ധതിയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ്. അതിലൂടെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി 945.35 കോടി രൂപയുടെ ഒൻപത് റോഡ് പ്രവൃത്തികളാണ് ആരംഭിക്കുന്നത്. അതോടൊപ്പം പൊതുമരാമത്ത് വകുപ്പ് 1,519.57 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കുകയാണ്.

ഭക്ഷ്യ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തോടെ 5,000 ഹെക്ടറിൽ ഇതിനോടകം ജൈവ കൃഷി ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം 100 അർബൻ സ്ട്രീറ്റ് മാർക്കറ്റുകളും 150 ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് സംഘങ്ങളുടെ പ്രവർത്തനവും ആരംഭിക്കുകയാണ്. വ്യവസായമേഖലയ്ക്ക് ഈ കർമ്മപരിപാടിയിൽ പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ഭൂമി ലീസിൽ അനുവദിക്കാൻ സംസ്ഥാന തലത്തിൽ ഏകീകൃത നയം പ്രഖ്യാപിക്കുകയാണ്. വിവിധ വകുപ്പുകൾ വ്യവസായ സ്ഥാപനങ്ങളിൽ നടത്തുന്ന പരിശോധനകൾ ഏകോപിപ്പിക്കാനായി 'കെസിസ്' എന്ന ഏകീകൃത സംവിധാനം ഒരുക്കിയിട്ടുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം എന്നത് ഈ സർക്കാരിന്റെ നയമാണ്. ആ ലക്ഷ്യം മുൻനിർത്തി 12,000 പട്ടയങ്ങൾ ഈ കാലയളവിൽ വിതരണം ചെയ്യുകയാണ്. ഭവനരഹിതരില്ലാത്ത സമൂഹം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കാൻ ലൈഫ് മിഷൻ 10,000 വീടുകൾ കൂടി പൂർത്തീകരിക്കുകയാണ്. പൂർത്തിയാകാതെ കിടക്കുന്ന 1000 വീടുകളുടെ നിർമ്മാണം പട്ടികജാതി വികസന വകുപ്പ് പൂർത്തീകരിക്കുകയാണ്.

സമാനതകളില്ലാത്ത മുന്നേറ്റം കൊണ്ട് വിദ്യാഭ്യാസ രംഗത്തെ ലോകശ്രദ്ധയിലേക്ക് എത്തിക്കുവാൻ നമുക്ക് കഴിഞ്ഞു. ഇതിന്റെ തുടർച്ചയെന്നവണ്ണം നൂറു ദിന കർമ്മപദ്ധതിയിലും വിദ്യാഭ്യാസരംഗത്തിന് കാര്യമായ പ്രാധാന്യം നൽകിയിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ 5 കോടി രൂപയുടെ 20 സ്കൂളുകളും 3 കോടി രൂപയുടെ 30 സ്കൂളുകളും പ്ലാൻ ഫണ്ട് മുഖേന നിർമ്മാണം പൂർത്തിയായ 40 സ്കൂളുകളുമടക്കം ആകെ 90 സ്കൂൾ കെട്ടിടങ്ങളാണ് ഈ ഘട്ടത്തിൽ ഉദ്ഘാടനം ചെയ്യപ്പെടുന്നത്. 43 ഹയർ സെക്കൻഡറി ലാബുകളും 3 ലൈബ്രറികളും തയ്യാറാക്കുകയാണ്. ഇതിനൊക്കെ പുറമെ അദ്ധ്യാപകർക്ക് കുട്ടികളുമായി നേരിട്ട് സംവദിക്കാൻ കഴിയുന്ന ഓൺലൈൻ ക്ലാസുകൾ യാഥാർത്ഥ്യമാക്കുകയാണ്.

നമ്മുടെ സംസ്ഥാനവരുമാനത്തിന്റെ ഗണ്യമായ പങ്കു വഹിക്കുന്ന ഒരു മേഖലയാണ് ടൂറിസം മേഖല. കോവിഡ് മഹാമാരി ഈ മേഖലയിൽ ഏൽപ്പിച്ച ആഘാതം ചെറുതല്ല. അതുകൊണ്ടു തന്നെ ആ മേഖലയ്ക്ക് കർമ്മ പദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഹോട്ടലുകളെയും റിസോർട്ടുകളെയും ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷനിൽ കൊണ്ടുവരാനുള്ള നടപടികൾ ആഗസ്റ്റ് 31 നകം തന്നെ എടുത്തിട്ടുണ്ട്. ആലപ്പുഴ, മുസിരിസ്, കൊടുങ്ങല്ലൂർ, ചേന്ദമംഗലം, തലശ്ശേരി എന്നിങ്ങനെ വിവിധ പൈതൃക ടൂറിസം പദ്ധതികളുമായി ബന്ധപ്പെട്ട പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

കോവിഡ് മഹാമാരിയും മാറിവന്ന സാഹചര്യങ്ങളും പ്രവാസി സഹോദരങ്ങളുടെ ജീവനോപാധികളെ ബാധിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ പ്രവാസികൾക്കായി കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. മടങ്ങിവന്ന പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി വഴി 100 കോടി രൂപയുടെ വായ്പാ പദ്ധതിയാണ് ആരംഭിക്കുന്നത്. ഒരു വ്യക്തിക്ക് 25 ലക്ഷം മുതൽ പരമാവധി 2 കോടി വരെ വായ്പ ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

സാമ്പത്തിക സാമൂഹിക അസമത്വങ്ങൾ ഇല്ലായ്മ ചെയ്യൽ, പ്രകൃതി സൗഹൃദ വികസന പരിപ്രേക്ഷ്യം നടപ്പിൽ വരുത്തൽ, ആരോഗ്യകരമായ നാഗരിക ജീവിതത്തിന് അനുയോജ്യമാം വിധം ആധുനിക ഖരമാലിന്യസംസ്കരണ രീതി അവലംബിക്കൽ എന്നിവയ്ക്ക് നൂറുദിന കർമ്മ പദ്ധതിയിലൂടെ അതീവ ശ്രദ്ധ നൽകുകയാണ്. ഈ കർമ്മപദ്ധതിയുടെ ഭാഗമായി 195 പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇവയിൽ എഴുപതു ശതമാനവും പൂർത്തിയാക്കിയിരിക്കുകയാണ്. കോവിഡ് മഹാമാരി ഉണ്ടാക്കിയ പ്രതിസന്ധിയിലും പദ്ധതികൾ പൂർത്തീകരണത്തിലേക്ക് എത്തുന്നത് കേരളസമൂഹമെന്ന നിലയ്ക്കുള്ള നമ്മുടെ കൂട്ടായ ഇടപെടലുകൾ കാരണമാണ്.

കോവിഡ് വ്യാപനം ഇപ്പോഴും തുടരുന്ന സാഹചര്യത്തിൽ പരമാവധി ആളുകൾക്ക് വാക്സിൻ ലഭ്യമാക്കിക്കൊണ്ട് ജനങ്ങളുടെ ജീവനും ജീവനോപാധികളും സംരക്ഷിക്കുന്നതിനാണ് ഈ ഘട്ടത്തിൽ പ്രാധാന്യം നൽകുന്നത്. സാമൂഹ്യനീതിയിലധിഷ്ഠിതമായതും എല്ലാവർക്കും ആത്മാഭിമാനത്തോടെ ജീവിക്കാൻ കഴിയുന്ന സാഹചര്യമുള്ളതുമായ ഒന്നായാണ് നവകേരളത്തെ വിഭാവനം ചെയ്തിരിക്കുന്നത്. അതിനു സഹായകരമാകുന്ന വിധത്തിൽ ഈ സർക്കാരിന്റെ ആദ്യത്തെ മന്ത്രിസഭാ യോഗത്തിൽ തന്നെ തീരുമാനിച്ച അതിദാരിദ്ര്യ നിർമ്മാർജ്ജനം, വാതിൽപ്പടി സേവനം, സ്ത്രീകളുടെ ഗാർഹിക ജോലിഭാരം കുറയ്ക്കൽ എന്നിവ ഉടൻ തന്നെ പ്രാവർത്തികമാകും.

കാർഷിക, വ്യാവസായിക, ഐ.ടി., ടൂറിസം മേഖലകളിൽ കേരളത്തിനുള്ള തനത് സാധ്യതകളെ പ്രയോജനപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കാനും തത്ഫലമായി സൃഷ്ടിക്കപ്പെടുന്ന അധിക വിഭവങ്ങളുടെ നീതിയുക്തമായ വിതരണം സാധ്യമാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിനുതകുന്ന പ്രവർത്തനങ്ങൾക്കാണ് നൂറുദിന കർമ്മ പദ്ധതിയിലൂടെ തുടക്കം കുറിച്ചിരിക്കുന്നത്. അവയിലെല്ലാം കേരളത്തിലെ ജനങ്ങളുടെയാകെ അഭൂതപൂർവ്വമായ പിന്തുണയാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്.

സെപ്റ്റംബർ 19 ന് ശേഷം ഈ കർമ്മ പദ്ധതിയുടെ കാര്യക്ഷമത സംബന്ധിച്ച് കൃത്യമായ അവലോകനം നടത്തി, പുതിയ മുന്നേറ്റത്തിലേക്കുള്ള പാത ഒരുക്കുവാൻ നമുക്കു കഴിയണം. അതിനായി നിയമസഭാ സാമാജികരുടേത് ഉൾപ്പെടെ പൊതുസമൂഹത്തിന്റെയാകെ സഹകരണം ഉണ്ടാകണം. തുടർന്നും ഒരുമിച്ചു നിന്നുകൊണ്ട് ലോകത്തിനു തന്നെ മാതൃകയാകുന്ന വിധത്തിൽ ബദൽ നയങ്ങൾ നടപ്പാക്കി നമുക്ക് മുന്നേറാം.

പ്രതികരണങ്ങൾക്കും
അന്വേഷണങ്ങൾക്കും
kladrd@gmail.com എന്ന ഇ-മെയിൽ
വിലാസത്തിൽ ബന്ധപ്പെടുക

- എഡിറ്റർ

Printed and Published by S.V. Unnikrishnan Nair, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Orange Printers (Pvt) Limited, Gandhari Amman Kovil Road, Thiruvananthapuram and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695033, Editor- M.B. Rajesh